# പി എസ് സി ബുള്ളറ്റിൻ

SINCE 1985


PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 Issue 13 Fortnightly March 1, 2021 Page 24 ₹ 10



| | |
|---|---|
| ഇതര തൊഴിലിടങ്ങൾ | പേജ് 4 |
| EXAMINATION PROGRAMME - MAY 2021 | പേജ് 5 |
| EXAMINATION PROGRAMME FOR GRADUATE LEVEL COMMON PRELIMINARY EXAMINATION | പേജ് 6 |
| DETAILED SYLLABUS FOR DEGREE LEVEL COMMON PRELIMINARY EXAMINATION | പേജ് 7 |
| ആധുനിക തിരുവിതാംകൂറിന്റെ നാൾവഴികൾ | പേജ് 8 |
| ഇന്റർവ്യൂപ്രോഗ്രാം – 2021 മാർച്ച് | പേജ് 9 |
| LANGUAGE CORNER | പേജ് 10 |
| പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ | പേജ് 11 |
| LGS 200 പൊതുവിജ്ഞാനങ്ങൾ | പേജ് 15 |
| പൊതു വിജ്ഞാനം | പേജ് 17 |
| ചരിത്ര നഭസ്സിലെ പെൺതാരകങ്ങൾ | പേജ് 20 |
| മത്സരപരീക്ഷ ഇടനാഴി | പേജ് 21 |
| അമ്മ മലയാളം നന്മ മലയാളം | പേജ് 22 |
| കലയും സാഹിത്യവും | പേജ് 23 |


## മാർച്ച് 8 സാർവദേശീയ വനിതാദിനം



## ലിംഗ പദവി പ്രശ്നങ്ങളും പ്രാദേശികഭരണത്തിന്റെ സാദ്ധ്യതകളും

പേജ് 3

ഡോ.കെ.പി.എൻ.അമൃത

website: www.keralapsc.gov.in E-mail: kpscpro@gmail.com Kerala Public Service Commission Circulation : 0471-2546270

# പിഎസ്‌സി ബുള്ളറ്റിൻ


**പത്രാധിപസമിതി ചെയർമാൻ**

**അഡ്വ. രഘുനാഥൻ എം. കെ.**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ. പി. സജിലാൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ടി. ആർ. അനിൽകുമാർ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**പി. എച്ച്. മുഹമ്മദ് ഇസ്മയിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**റോഷൻ റോയ് മാത്യു**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**സുരേശൻ. എം**



ഫോൺ : 0471 2546368 OR 9446412483
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): 0471 2546270


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 ഫെബ്രുവരി 15

### വിജ്ഞാപനം പ്രസിദ്ധീകരിക്കും

കേരളത്തിലെ സർവ്വകലാശാലകളിലെ വിവിധ അനദ്ധ്യാപക തസ്തികകളി ലേയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ കേരള പബ്ലിക് സർവീസ് കമ്മിഷൻ തീരുമാനിച്ചു. ഓഫീസ് അറ്റൻഡന്റ്, യൂണിവേഴ്‌സിറ്റി ലൈബ്രേറിയൻ, പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് 2 (ലൈബ്രറി), യൂണിവേഴ്‌സിറ്റി എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ), ഓവർസീയർ ഗ്രേഡ് 2 (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ), ഇലക്ട്രീഷ്യൻ, പമ്പ് ഓപ്പറേറ്റർ, പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രോഗ്രാം കോ–ഓർഡിനേറ്റർ (എൻ.എസ്.എസ്.), സെക്യൂരിറ്റി ഓഫീസർ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ഹെവി പാസഞ്ചർ ഗുഡ്സ് വെഹിക്കിൾ), ബസ് കണ്ടക്ടർ, സിസ്റ്റം മാനേജർ, സിസ്റ്റം അനലിസ്റ്റ്, പ്രോഗ്രാമർ എന്നീ 16 തസ്തികകളിലേയ്ക്കാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. 2020 നവംബർ 11 ന് ഈ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള യോഗ്യത, വയസ്സ്, ശമ്പള സ്കെയിൽ, നിയമനരീതി എന്നിവ നിർണ്ണയിച്ച് സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനെത്തുടർന്നാണ് കമ്മിഷന്റെ തീരുമാനം ഉണ്ടായിരിക്കുന്നത്. ഈ സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 എന്നീ തസ്തികകളിൽ നിലവിൽ പി.എസ്.സി. നിയമനശിപാർശ നടത്തിക്കൊണ്ടിരിക്കുകയാണ്.

### അഭിമുഖം നടത്തും

1. കേരള ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി ജൂനിയർ മാത്തമാറ്റിക്സ് (ഒന്നാം എൻ.സി.എ. –എസ്.സി.സി.സി.) (കാറ്റഗറി നമ്പർ 436/19).
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ജനറൽ മെഡിസിൻ (രണ്ടാം എൻ.സി.എ.– എസ്.സി.സി.സി.) (കാറ്റഗറി നമ്പർ 159/20).
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ റീപ്രൊഡക്ടീവ് മെഡിസിൻ (കാറ്റഗറി നമ്പർ 13/20).

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിൽ ബ്ലാക്ക് സ്മിത്ത് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 249/18).
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 2/19).
3. ആരോഗ്യ വകുപ്പിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 240/18).
4. കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിൽ പെയിന്റർ (എൻ.സി.എ– പട്ടികജാതി) (കാറ്റഗറി നമ്പർ 365/19).
5. കൃഷി വകുപ്പിൽ അഗ്രികൾച്ചർ ഓഫീസർ (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 211/19).

## 2021 ഫെബ്രുവരി 22

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിയേറ്റർ ടെക്നീഷ്യൻ (കാറ്റഗറി നമ്പർ 17/2019).

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (പോളിടെക്നിക് കോളേജുകൾ) ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് (കാറ്റഗറി നമ്പർ 19/2019).
2. ഗ്രാമവികസന വകുപ്പിൽ ലക്ചറർ ഗ്രേഡ് 1 – റൂറൽ എഞ്ചിനീയറിങ്ങ് (നേരിട്ടുള്ള നിയമനം) (കാറ്റഗറി നമ്പർ 68/15).
3. തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി. സ്കൂൾ ടീച്ചർ (തമിഴ് മീഡിയം) (കാറ്റഗറി നമ്പർ 419/19).
4. കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിൽ (സോയിൽ കൺസർവേഷൻ യൂണിറ്റ്) വർക്ക് സൂപ്രണ്ട് – ഒന്നാം എൻ.സി.എ.– എസ്.സി.സി.സി., രണ്ടാം എൻ.സി.എ. മുസ്ലീം (കാറ്റഗറി നമ്പർ 131/19, 132/19).

### അഭിമുഖം നടത്തും

1. തൃശൂർ, കാസർഗോഡ് ജില്ലകളിൽ എൻ.സി.സി./സൈനികക്ഷേമ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് (വിമുക്തഭടൻമാർ മാത്രം)– ഒന്നാം എൻ.സി.എ.– പട്ടികജാതി (കാറ്റഗറി നമ്പർ 469/19).
2. കേരള ഹയർ സെക്കൻഡറി വിദ്യാഭ്യസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 282/20).

### ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തും

കൊല്ലം, പാലക്കാട്, വയനാട് ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ യു.പി. സ്കൂൾ ടീച്ചർ (തമിഴ് മീഡിയം) (കാറ്റഗറി നമ്പർ 518/19).

## വകുപ്പുതല പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

ജൂലൈ 2020 ലെ വകുപ്പുതല പരീക്ഷകളുടെ (ഓൺലൈൻ/ഒ.എം.ആർ) ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വെബ്സൈറ്റിലും പരീക്ഷാർത്ഥികളുടെ പ്രൊഫൈലിലും ലഭിക്കും.

## വിലക്കേർപ്പെടുത്തി

പാലക്കാട്, വണ്ടിത്താവളം, തണ്ണീർപന്തൽ, പട്ടാഞ്ചേരിയിൽ എസ്. ഷെയ്ഖ് മുസ്തഫയുടെ മകൻ എസ്. റിയാസിനെ പരീക്ഷാഹാളിൽ മൊബൈൽ ഫോൺ കൈവശം വച്ചു എന്ന കാരണത്താൽ 2020 ആഗസ്ത് 3 മുതൽ ഒരു വർഷത്തേക്ക് പി.എസ്.സി.യുടെ വിവിധ തെരഞ്ഞെടുപ്പ് നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കേർപ്പെടുത്തിയിരിക്കുന്നു.



# ലിംഗ പദവി പ്രശ്നങ്ങളും പ്രാദേശികഭരണത്തിന്റെ സാദ്ധ്യതകളും

**ഡോ.കെ.പി.എൻ.അമൃത**
(ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)

## ലിംഗപദവി പ്രശ്നങ്ങൾ

സമകാലീന ചർച്ചകളിൽ ഇന്ന് വ്യാപകമായിട്ടുള്ള ഒരു ആശയമാണ് ജെൻഡറും (ലിംഗപദവി എന്ന് സാധാരണയായി പറഞ്ഞു വരുന്നു) അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും. സ്വത്വബോധവും ആവിഷ്കാരവുമൊക്കെയായി ഈ വാക്ക് ഇന്ന് കൂടുതൽ  വളർന്നു വന്നിരിയ്ക്കുന്നു. ദൈനംദിനമുള്ള ജീവിതത്തിൽ എങ്ങിനെ ഒരാൾ  പെരുമാറണമെന്നും സമൂഹം എന്ത് പ്രതീക്ഷിയ്ക്കുമെന്നും വരെ നിശ്ചയിയ്ക്കുന്നതു ആ വ്യക്തിയുടെ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ ആണെന്നത് ഗൗരവകരമാണ്. കാലത്തിനും പ്രദേശത്തിനും ഒക്കെ അനുസരിച്ച് ഈ പ്രതീക്ഷകളും കല്പനകളും വ്യത്യസ്തവുമാണ്. തികച്ചും സാമൂഹ്യ നിർമ്മിതിയായ ഈ കല്പനകൾ സമൂഹത്തിൽ വിവേചനങ്ങൾക്കും ആക്രമണങ്ങൾക്കും കാരണമാകുന്നുണ്ട് എന്നതാണ് ഇവ ഇല്ലാതാക്കാനുള്ള ശക്തമായ ഇടപെടലുകൾക്ക് കാരണം. ഈ അലിഖിത നിയമങ്ങൾ ലംഘിയ്ക്കുന്ന വ്യക്തികൾക്ക് സമൂഹം കനത്ത ശിക്ഷ ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ നൽകിവരുന്നുമുണ്ട്. വിവാഹം, കുടുംബം, മതം, രാഷ്ട്രീയം, മാധ്യമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളൊന്നും തന്നെ ഈ വിവേചനങ്ങളിൽ നിന്നും മുക്തമല്ല. മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള നിരന്തരമായ പോരാട്ടത്തിൽ ലിംഗരാഷ്ട്രീയത്തിനും കാര്യമായ സാധ്യതകൾ ഉണ്ട്. ആധുനിക സമൂഹ ഘടനകളെല്ലാം പുരുഷകേന്ദ്രീകൃതമാണെന്ന വാദവും പല സാമൂഹ്യ ശാസ്ത്രജ്ഞരും വർഷങ്ങൾക്കു മുന്നേ മുന്നോട്ടു വെച്ചിട്ടുണ്ട്. ആൺ കേന്ദ്രീകൃതമായ സമൂഹം സ്ത്രീകളെ പാർശ്വവൽക്കരിയ്ക്കുന്നത് പുരുഷന്മാരിലൂടെ മാത്രമല്ല. സമൂഹത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഏതെങ്കിലുമൊക്കെ തരത്തിൽ സ്ത്രീ വിരുദ്ധത നിറഞ്ഞതായിരിയ്ക്കും. പുരുഷന്മാർക്ക് പ്രത്യേകാവകാശങ്ങൾ സാധ്യമാക്കുകയും സ്ത്രീകളുടെയും ലിംഗ ന്യൂനപക്ഷങ്ങളുടെയും അടിച്ചമർത്തലിനെ സാധൂകരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ പിതൃമേധാവിത്വത്തിനു കീഴിൽ രൂപപ്പെടും. ഇത്തരം സ്ഥാപനങ്ങളും സാമൂഹിക വ്യവഹാരങ്ങളും ഒരു വ്യക്തിയെന്ന നിലയിലും ഒരു വിഭാഗമെന്ന നിലയിലും സ്ത്രീകളുടെ ശരീരത്തെയും മനസ്സിനെയും അദ്ധ്വാനത്തെയും ലൈംഗികതയെയും, എല്ലാം നിയന്ത്രിച്ചുകൊണ്ടെയിരിക്കും. ഇതിനെ ധിക്കരിക്കാൻ ശ്രമിക്കുന്നവരുടെ മേൽ ശാരീരികവും മാനസികവും ലൈംഗികവുമായ പീഡനങ്ങൾ കൊണ്ട് പിതൃമേധാവിത്വം സ്വന്തം അധീശത്വം ഉറപ്പിച്ചെടുക്കുകയും ചെയ്യും. മുലക്കരം അടക്കാൻ വിസമ്മതിച്ച സ്ത്രീയുടെ മുല ഛേദിച്ചു കളയൽ മുതൽ പ്രേമം നിഷേധിയ്ക്കുമ്പോൾ മുഖത്ത് ആസിഡ് ഒഴിയ്ക്കുന്നതും, തൊഴിലിടങ്ങളിൽ സ്ത്രീകൾ ലൈംഗിക പീഡനത്തിന് ഇരകളാകുന്നതും, കുടുംബാസൂത്രണം സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമാക്കി സ്ത്രീ ശരീരങ്ങൾ നിരന്തരം  ശസ്ത്രക്രിയകൾക്ക് വിധേയമാകുന്നതും, നിയന്ത്രണത്തിനു വിധേയമാകാത്തവളെ മാനസിക രോഗികളായി മുദ്ര കുത്തുന്നതും, ഇടയ്ക്കിടെ പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്നതും ഈ അധീശത്വത്തിന്റെ പ്രതിഫലനങ്ങളാണ്.

ഉച്ചനീചത്വത്തിലധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥിതിയും സ്ത്രീവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞവയാണ്. അതുകൊണ്ട് അവയെ പരിവർത്തനം  ചെയ്തെടുക്കുക എളുപ്പമല്ല. വ്യക്തികളെന്ന നിലയ്ക്ക് തങ്ങളെ അടിച്ചമർത്താൻ ഉപയോഗിക്കുന്ന പാരമ്പര്യങ്ങളെയും ആചാരങ്ങളെയും മൂല്യങ്ങളെയും തിരിച്ചറിയാനും എതിർക്കാനും സ്ത്രീകൾക്ക് മാത്രമായി സാധ്യമല്ല. സ്വയം സാക്ഷാത്കാരത്തിനാവശ്യമായ എല്ലാ സാഹചര്യങ്ങളെയും മാറ്റിവച്ച് കുടുംബത്തിന്റെയും കുട്ടികളുടെയും അഭ്യുന്നതിക്ക് വേണ്ടി ജീവിക്കുകയെന്ന മാനസികാവസ്ഥയിലേയ്ക്കാണ് സ്ത്രീകളെ പരുവപ്പെടുത്തിയിട്ടുള്ളത്. ലിംഗവിവേചനത്തെ എതിർക്കാനായുമ്പോൾ അവർ ഏറ്റവും സ്നേഹിക്കുന്ന മനുഷ്യരെ – ഭർത്താവ്, സഹോദരൻ, സഹപ്രവർത്തകൻ  – മറുവശത്ത് കാണുന്നു എന്നത് കാര്യങ്ങൾ ദുഷ്കരമാക്കുകയും ചെയ്യും. ശരിയായ കാഴ്ചപ്പാട് വികസിപ്പിച്ചെടുത്താൽ മാത്രമേ സ്ത്രീകൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകൂ.

## തുല്യമായ അവകാശങ്ങൾ

വ്യക്തികൾ, കുടുംബങ്ങൾ, സാമൂഹിക വിഭാഗങ്ങൾ എന്നിവർക്ക് ഇടയിലും, അവർ തമ്മിലും നിലനിൽക്കുന്ന വിവിധ തരം അസമത്വങ്ങൾ ഇല്ലാതാകുന്ന സാമൂഹിക അവസ്ഥയാണ് തുല്യത (Equality). ആ അവസ്ഥയിലേക്ക് എത്തുന്നതിന് ജീവിതത്തിന്റെ  ഓരോ മേഖലയിലും നിലനിൽക്കുന്ന അസമത്വങ്ങൾ ഇല്ലാതാകുന്ന മാർഗ്ഗമാണ് സമത്വം (Equity). തുല്യനീതി, വിവേചനമില്ലായ്മ, തുല്യ അവസരങ്ങൾ എന്നിവ സമത്വ സങ്കൽപ്പത്തിന്റെ ആധാരശിലകൾ ആണ്. അവസരങ്ങളും വിഭവങ്ങളും എല്ലാവർക്കും വിവേചനമില്ലാതെ തുല്യമായി ലഭ്യമാകുമ്പോൾ മാത്രമാണ് സാമൂഹ്യസമത്വം എന്ന സങ്കൽപ്പത്തിലേക്ക് എത്തുക. പ്രദേശം, ജാതി, ലിംഗം, പരമ്പരാഗത സ്വത്തുടമസ്ഥത എന്നിവയൊക്കെ വിവിധ തരം അസമത്വങ്ങളെ നില നിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

തുല്യതക്കു വേണ്ടിയും വിവേചനത്തിനെതിരായും ഇന്ത്യൻ പൗരരെന്ന നിലയിൽ സ്ത്രീകൾക്കുള്ള അവകാശങ്ങൾ സ്ത്രീകളുടെ മൗലിക അവകാശങ്ങളാണ്. സാമൂഹ്യ പുരോഗതിയുടെ ഭാഗമായി സ്ത്രീയുടെ താഴ്ന്ന പദവി താനെ മാറിക്കൊള്ളും എന്നത് ഒരു പഴഞ്ചൻ ധാരണയാണ്. ഇന്ത്യയിൽ മറ്റേതൊരു പ്രദേശവുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹ്യസാമ്പത്തിക ഘടനയിൽ വളരെ വേഗം പരിവർത്തനം ഉണ്ടായ പ്രദേശമാണ് കേരളം. എന്നാൽ അതിന്റെ ഭാഗമായി ഉണ്ടായ വികസന പ്രക്രിയയിലോ നയരൂപീകരണ വേദികളിലോ നിർവ്വഹണ രംഗത്തോ സ്ത്രീ പ്രാതിനിധ്യം വേണ്ടത്ര ഉണ്ടായിട്ടില്ല.

കേരളത്തിലെ സ്ത്രീപദവി ഉയർത്തുന്നതിൽ രാഷ്ട്രീയ, ഭരണകൂടസംവിധാനങ്ങൾക്ക് നല്ല ഉത്തരവാദിത്തമുണ്ട്. മൊത്തം ജനതയുടെ വികസനം ലക്ഷ്യമാക്കുന്ന മേൽ സംവിധാനങ്ങൾ സ്ത്രീകളുടെ തുല്യ വികസനം ലക്ഷ്യമാക്കിയേ മതിയാവൂ. സഞ്ചാരസ്വാതന്ത്ര്യം, സ്വത്തവകാശം, ആസ്തികളുടെ നിയന്ത്രണം, തീരുമാനമെടുക്കാനുള്ള പ്രാപ്തിയും അധികാരവും, ശാരീരികമാനസിക സുരക്ഷ ഇവയെല്ലാം സന്തുലിത വികസനത്തിലേയ്ക്കുള്ള ഓരോരോ പടവുകളാണ്. ലിംഗ വിവേചനം നിലനിൽക്കുന്ന സമൂഹത്തിൽ ലിംഗതുല്യതക്കായുള്ള ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടായേ പറ്റൂ.

## പ്രാദേശിക ഭരണം ലിംഗനീതി കാഴ്ചപ്പാടോടെ

സംസ്ഥാന ബജറ്റിന്റെ ഏതാണ്ട് മൂന്നിലൊന്ന് ഭാഗം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന നാടാണ് കേരളം. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും തനതായി സ്വരൂപിക്കുന്ന വിഭവങ്ങളും ഉണ്ട്. ആകെ നോക്കുമ്പോൾ സംസ്ഥാന ബഡ്ജറ്റിന്റെ 40 ശതമാനത്തോളം വരും ഇത്. സാമാന്യ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള അധികാരങ്ങളും സംവിധാനങ്ങളും പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലാണ്. സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും ഒരു പരിധി വരെ നിർണ്ണായകവുമായ ആവശ്യങ്ങളും നിറവേറ്റാൻ ഏറെ സാധ്യതകളുള്ള വികസനതലമാണിത്. പ്രാദേശിക ആസൂത്രണത്തിൽ ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും പങ്കാളികളാകാൻ അവസരമുണ്ട്.

കേരളത്തിലെ സ്ത്രീകൾക്ക് പ്രാദേശിക ഭരണ വ്യവസ്ഥയിൽ അവകാശപ്പെട്ട ഒരു ഇടം നൽകിയിട്ടുണ്ട്. പഞ്ചായത്തീരാജിന്റെയും വികേന്ദ്രീകരണത്തിന്റെയും ഇന്ത്യയിലെ മികച്ച മാതൃകയായി ജനകീയാസൂത്രണം ദേശീയവും അന്തർദേശീയവുമായ പഠനങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടെ വ്യക്തിപരമായ കഴിവുകൾ വികസിപ്പിക്കാനും ഭരണപരമായ നൈപുണികൾ വർദ്ധിപ്പിക്കാനും, നേതൃശേഷി വളർത്താനും ജനകീയാസൂത്രണം നല്ലൊരു വേദിയായിട്ടുണ്ട് എന്ന് പഠനങ്ങൾ പറയുന്നു. അതേസമയം പ്രാദേശിക ഭരണത്തിലും രാഷ്ട്രീയത്തിലും കൈവന്ന ഈ അവസരം സംസ്ഥാനദേശീയ രാഷ്ട്രീയഭരണ സംവിധാനങ്ങളിലേയ്ക്ക് വളർന്നു വികസിക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നും ഇതേ പഠനങ്ങൾ പറയുന്നു. വികസനം യഥാർത്ഥമായ സ്വാതന്ത്ര്യം ആസ്വദിക്കാനായി ഒരു ജനത വിചാരപൂർവ്വം ഏർപ്പെടുന്ന പ്രക്രിയയാണ്. വികസന രംഗത്തെ സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഒരേസമയം അവരുടെ കാര്യശേഷി വികസനവും സ്വാതന്ത്ര്യബോധവും സാധ്യമാക്കുന്ന ഉപാധിയാണ്.

## അധികാരവികേന്ദ്രീകരണം ജെൻഡർ പരിഗണന

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ ഭരണനിർവ്വഹണത്തിന്റെ നടത്തിപ്പ് ഉന്നതാധികാര കേന്ദ്രങ്ങളിൽ നിന്ന് ജനസമൂഹങ്ങളിലേക്ക് ഇറങ്ങിവന്നു എന്നതാണ് സവിശേഷത. ഓരോ വ്യക്തിയുടേയും ദൈനംദിന ജീവിതത്തിലെ അനുഭവങ്ങളെ സ്വാധീനിക്കുന്ന നിയമസംവിധാനവും ഭരണക്രമവും ആയി നിയമഭേദഗതികൾ പ്രയോഗത്തിൽ വന്നു. സ്ത്രീകൾക്കും ദുർബലവിഭാഗങ്ങൾക്കും ഭരണത്തിലും നയരൂപീകരണത്തിലും പദ്ധതി ആസൂത്രണത്തിലും പങ്കാളിത്തം ഉറപ്പാക്കുന്നതിന് സാധിച്ചു. സ്ഥിരം സമിതികളിലും കർമ്മസമിതികളിലും ഗ്രാമസഭകളിലും മറ്റ് ജനകീയ സമിതികളിലും ലഭിച്ച നിർണായകമായ പങ്കാളിത്തം അതിന് സഹായകമായി.

- പ്രാദേശികഭരണകൂടങ്ങളിൽ മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം.
- എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം
- ഭരണഘടന പിൻബലത്തോടെ ഗ്രാമസഭകൾ/വാർഡ്സഭകൾ
- പതിനൊന്നാം പട്ടികയിൽ സാമൂഹിക നീതി ഉറപ്പാക്കുന്നതിനും പന്ത്രണ്ടാം പട്ടികയിൽ പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല.
- സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, മറ്റ് ദുർബലവിഭാഗക്കാർ, ഇവരുടെ ക്ഷേമം ഉറപ്പ് വരുത്തൽ.
- നയപരവും ഭരണപരവുമായ തീരുമാനങ്ങൾ എടുക്കുമ്പോൾ വനിതാ ജനപ്രതിനിധികൾക്ക് ഇടപെടാൻ അവസരം.
- വികസനത്തിന്റെ ദിശ നിർണയിക്കുന്ന ഗ്രാമസഭകളിൽ നടക്കുന്ന ചർച്ചകളിൽ ജീവിതപ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ഗ്രാമീണ സ്ത്രീകൾക്ക് അവസരം. ഇവയെല്ലാം സാമൂഹ്യ നീതി ഉറപ്പാക്കിയ നടപടികളാണ്.

## കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം

1995 ഒക്ടോബർ രണ്ടിന് പ്രാദേശിക സർക്കാരുകൾ കേരളത്തിൽ നിലവിൽ വന്നു. ഭരണഘടന പിൻബലമുള്ള ആദ്യത്തെ പ്രാദേശിക സർക്കാരുകൾ ഇവയാണ്. 1963 ൽ കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വനിതകളെ ഉൾപ്പെടുത്താത്ത പഞ്ചായത്തുകളിൽ ഒരു വനിതയെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നു. 20 അംഗങ്ങളുള്ള മുൻസിപ്പാലിറ്റിയിൽ ഒരു സീറ്റും, ഇരുപതിലധികം ഉള്ളവയിൽ രണ്ട് സീറ്റുകളും വനിതകൾക്ക് സംവരണം ചെയ്തിരുന്നു. കോർപ്പറേഷനുകളിലും രണ്ട് സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിരുന്നു. 73, 74 ഭരണഘടനാ ഭേദഗതിയിലാവട്ടെ മൂന്നിലൊന്ന് സംവരണം അംഗത്വത്തിലും പദവികളിലും വനിതകൾക്കും, ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുകയുണ്ടായി. 2010ൽ, 50 ശതമാനം  വനിതാസംവരണം അംഗത്വത്തിലും പദവിയിലും ഉറപ്പാക്കുകയുണ്ടായി. മാത്രവുമല്ല ജനാധിപത്യസംവിധാനം ശക്തമാക്കും വിധത്തിൽ ഗ്രാമസഭകളും/വാർഡ്സഭകളും ഭരണഘടന പിൻബലത്തോടെ രൂപപ്പെട്ടു എന്ന സവിശേഷതയുമുണ്ട്. പ്രദേശത്തെ വികസനപ്രശ്നങ്ങൾ, സാമൂഹ്യപ്രശ്നങ്ങൾ, വിശേഷിച്ച് സ്ത്രീകളുടെ പ്രായോഗികവും നിർണായകവുമായ ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം തേടുന്നതിനുള്ള പൊതുവേദികളായി ഗ്രാമസഭകളും വാർഡ് സഭകളും മാറി. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുന്നിൽ നിൽക്കുന്ന കേരളത്തിൽ പ്രാദേശികഭരണ നിർവ്വഹണത്തിൽ സ്ത്രീകൾക്ക് മറ്റ് സംസ്ഥാനങ്ങളിലേതിനേ



(ശേഷം പേജ് 4ൽ)

ക്കാൾ കാര്യക്ഷമമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്.

അധികാര വികേന്ദ്രീകരണം എന്ന കേവല സിദ്ധാന്തത്തിനുമപ്പുറം പ്രയോഗത്തിൽ അത് വരുത്താൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സാക്ഷരതാ പ്രസ്ഥാനത്തിനു ശേഷം നമ്മുടെ സംസ്ഥാനത്ത് നടന്ന ഏറ്റവും ജനകീയമായ പ്രവർത്തനമാണ് ജനകീയാസൂത്രണം. നിയമപരമായ അധികാര വികേന്ദ്രീകരണത്തിന് അപ്പുറം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്ഷരാർത്ഥത്തിൽ പ്രാദേശിക സർക്കാരുകൾ ആയി മാറി. പ്രളയകാലത്തും കോവിഡ് പ്രതിരോധത്തിലും നടന്ന പ്രവർത്തനങ്ങളിൽ അത് തെളിഞ്ഞിരിക്കുന്നു.

## എല്ലാ സംവിധാനങ്ങളിലും പ്രാതിനിധ്യം

- വനിതാവികസന വർക്കിംഗ് ഗ്രൂപ്പ് രൂപികരിക്കപ്പെട്ടു.
- എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും 30% സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കി
- ഗ്രാമസഭയിൽ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾ സജീവ പങ്കാളികളായി .എല്ലാ വിഷയ ഗ്രൂപ്പുകളിലും ഗ്രാമസഭകളിലും ചർച്ചകൾക്കു നേതൃത്വം കൊടുക്കാൻ വനിതാ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ഉണ്ടായി. സ്ത്രീകൾ അനുഭവിക്കുന്ന വികസന പ്രശ്നങ്ങൾ, വിവേചനം, ചൂഷണം, അതിക്രമങ്ങൾ എന്നിവ ഗ്രാമീണ ജനങ്ങൾക്കിടയിൽ ആദ്യമായി ചർച്ചചെയ്യപ്പെട്ടു . ഇത്തരം ചർച്ചയിൽ നിന്ന് ഉയർന്നു വന്ന പരിഹാരനിർദേശങ്ങൾ ആണ് പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിൽ ഇടംപിടിച്ചത്.
- ജില്ലാതലത്തിലും പ്രാദേശികതലത്തിലും നടന്ന പരിശീലനങ്ങളിൽ ധാരാളം സ്ത്രീകൾ സജീവമായി പങ്കെടുത്തു
- ഓരോ വിഷയഗ്രൂപ്പുകളിൽ നിന്നും രണ്ടുപേർ (അതിൽ ഒരാൾ സ്ത്രീ) വികസന സെമിനാറിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു
- ഭരണനേതൃത്വത്തിൽ തുല്യ പ്രാതിനിധ്യം
- പദ്ധതിരേഖ തയ്യാറാക്കുമ്പോൾ വനിതക്ഷേമം എന്ന അധ്യായത്തിൽ വികസനമേഖലയിലെ പദ്ധതികൾ എന്തൊക്കെ, ലക്ഷ്യമെന്ത്, ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് ഉൾപ്പെടുത്താൻ നിർദ്ദേശമുണ്ടായി.
- മറ്റ് വിഷയമേഖലകളിലെ പദ്ധതികൾക്കും സ്ത്രീപരിഗണന നിർബന്ധമായി. തന്നെയുമല്ല ഓരോ പദ്ധതിയുടെ ഫോർമാറ്റിലും ഈ പദ്ധതി കൊണ്ട് സ്ത്രീകളുടെ പദവിയെ എങ്ങനെ ബാധിക്കും എന്ന പരാമർശം ചേർക്കുവാൻ നിഷ്കർഷിച്ചു.
- സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേകപദ്ധതികൾ സംസ്ഥാന പദ്ധതി വിഹിത ത്തിന്റെ 10 ശതമാനം എങ്കിലും നിർബന്ധമാക്കി. ഇതിനെ വനിതാഘടക പദ്ധതി എന്ന് വിളിച്ചു വരുന്നു.
- ലിംഗനീതിയിലധിഷ്ഠിതമായ വികസന കാഴ്ചപ്പാട് പ്രചരിപ്പിക്കുവാൻ നിർദ്ദേശിച്ചു. ലിംഗനീതി നടപ്പിലാക്കുന്നതിനാവശ്യമായ വിവിധ സംവിധാനങ്ങൾ (ജെൻഡർ റിസോഴ്സ് സെന്റർ, ജെൻഡർ ഡെസ്ക് മുതലായവ)

## പ്രതിഫലനങ്ങൾ

പ്രാദേശിക സർക്കാർതലത്തിൽ ലിംഗ പദവി (Gender) എന്നത് ആഴത്തിലുള്ള ചർച്ചയ്ക്ക് വിധേയമായി. സ്ത്രീകൾക്കനുകൂലമായ ചിലനേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ധാരാളം സ്ത്രീകൂട്ടായ്മകൾ ഉയർന്നുവന്നു. വനിതാ ജനപ്രതിനിധികൾ ഇവർക്ക് നേതൃത്വം നൽകി. വികസനവുമായി ബന്ധപ്പെട്ട് ഏത് സമിതികൾ രൂപീകരിക്കുമ്പോഴും സ്ത്രീപ്രാതിനിധ്യം അവിഭാജ്യ ഘടകമായി. നിർണ്ണായക ഘട്ടങ്ങളിൽ അഭിപ്രായം പറയാനും ഉറച്ചുനിൽക്കാനും കുറച്ചുപേരെങ്കിലും തയ്യാറായി. പൊതുവേദികളിൽ സ്ത്രീകൾ മടിയില്ലാതെ സംസാരിക്കാൻ തുടങ്ങി. പലരും അതിനായി കൂടുതൽ കാര്യങ്ങൾ പഠിക്കാൻ തയ്യാറായി. കുടുംബത്തിന്റെ പിന്തുണ ആർജ്ജിക്കാൻ ചിലർക്കെങ്കിലും സാധിച്ചു. ഗാർഹികാദ്ധ്വാനം പങ്കുവെയ്ക്കൽ, കുടുംബത്തിലും തൊഴിലിടങ്ങളിലും ഉള്ള ചൂഷണവും അതിക്രമങ്ങളും എന്നിവ ചർച്ചയായി. ദാരിദ്ര്യനിർമ്മാർജനത്തിലേക്ക്, വാസയോഗ്യമായ പാർപ്പിടത്തിലേക്ക്, കുടിവെള്ള ലഭ്യതയിലേക്ക്, നല്ല ശുചിത്വ സംവിധാനത്തിലേക്ക്, സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ പരിഹരിക്കുന്നതിലേക്ക്, അവരിലെ അപകർഷതാബോധം മാറ്റി വിശ്വാസത്തിലേക്ക് നയിക്കുന്നതിലേക്ക് ഒരു പരിധി വരെ ഈ പ്രസ്ഥാനത്തിന് സാധിച്ചു. തുടർന്നു വന്ന വിവരാവകാശ നിയമം, തൊഴിലുറപ്പ് നിയമം, ചെറുകിട സംരംഭങ്ങൾ, ആശ്രയപദ്ധതി, പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഇവയെല്ലാം ഊർജ്ജം പകർന്നത് ജനകീയാസൂത്രണ പരിപാടിയായിരുന്നു.

വികേന്ദ്രീകൃത വികസനം എന്നത് പ്രാദേശിക ഗവൺമെന്റുകളുടെ ശാക്തീകരണവും അതിലൂടെ സാമാന്യ ജനങ്ങൾ കൈവരിക്കുന്ന ജനാധികാരവുമാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ലിംഗപരമായ വിവേചനം വളരെയധികം കുറച്ചുകൊണ്ടു വരുന്നതിൽ വിജയിച്ച ഒരു നാടാണ് കേരളം. സാമ്പത്തിക പങ്കാളിത്തം, രാഷ്ട്രീയം മുതലായ രംഗങ്ങളിൽ കൂടി ഈ ദിശയിൽ ഏറെ ദൂരം മുന്നോട്ടു പോകാൻ കേരളത്തിനു കഴിയേണ്ടതുണ്ട്. പക്ഷെ, പ്രാദേശിക പദ്ധതികളിൽ സ്ത്രീ വികസന പരിപാടികളുടെ പൊതുസ്വഭാവം മറ്റൊരു ദിശയിലാണ്. കുടുംബത്തിനുള്ളിൽ നിലനിൽക്കുന്ന ലിംഗപരമായ തൊഴിൽ വിഭജനം മൂലം നമ്മുടെ സമൂഹത്തിൽ വീട്ടുജോലി, കുട്ടികളുടെ പരിചരണം, കുടുംബാംഗങ്ങളുടെ ആരോഗ്യം, ഭക്ഷണം തുടങ്ങിയവയെല്ലാം സ്ത്രീകൾ നിർവ്വഹിക്കേണ്ടി വരുന്നു. ഇതിനു പുറമേ ഉല്പാദനപരമായ ജോലികളിൽ ഏർപ്പെട്ട് വരുമാനം ഉണ്ടാക്കുകയും വേണം. തന്മൂലം വീട് നോക്കാൻ വേണ്ട കുടുംബ വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്നീ സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളാണ് ആസൂത്രണത്തിൽ സ്ത്രീകൾക്കായി പരിഗണിക്കപ്പെടുന്നത്. ഇവയാകട്ടെ അവരുടെ സാമൂഹ്യപദവിയിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമല്ല.

സ്ത്രീകളുടെ നിർണ്ണായകമായ (തന്ത്രപരമായ) ലിംഗപദവി ആവശ്യങ്ങൾ മനസ്സിലാക്കി വികസനാസൂത്രണം നടത്തുമ്പോഴാണ് അവരുടെ സാമൂഹ്യപദവിയിൽ മാറ്റം വരുത്താനാവുന്നത്. ലിംഗപരമായ തൊഴിൽ വിഭജനം ഇല്ലാതാക്കുക, വീട്ടുജോലി, കുട്ടികളുടെ പരിരക്ഷ എന്നീ ചുമതലകൾ പങ്കുവയ്ക്കപ്പെടുക, ഭൂമി, വസ്തുവകകൾ എന്നിവയുടെ ഉടമസ്ഥാവകാശത്തിലുള്ള വിവേചനം ഇല്ലാതാക്കുക, തുല്യമായ രാഷ്ട്രീയ പങ്കാളിത്തം ലഭ്യമാവുക, പ്രത്യുൽപ്പാദനപരമായ കാര്യങ്ങളിൽ സ്വതന്ത്രമായ തീരുമാനമെടുക്കാനുള്ള അവകാശം അംഗീകരിയ്ക്കപ്പെടുക, പീഡനത്തിൽ നിന്നുള്ള

സംരക്ഷണം ഉറപ്പ് വരുത്തുക മുതലായവയാണ് നിർണ്ണായകമായ ലിംഗപദവി ആവശ്യങ്ങൾ. സ്ത്രീകളുടെ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളിൽ അവരുടെ പ്രായോഗികാവശ്യങ്ങളെപ്പോലെ തന്നെ ഈ നിർണ്ണായക ആവശ്യങ്ങളും പരിഗണിക്കപ്പെടണം.

UNDP വികസിപ്പിച്ച ലിംഗ തുല്യതാ ഇൻഡക്സും (Gender Equality Index) ലോക സാമ്പത്തിക ഫോറം മുന്നോട്ടുവക്കുന്ന ലോക ലിംഗ അന്തരം (Global Gender Gap) സംബന്ധിച്ച റിപ്പോർട്ടും വികസനത്തിൽ ഭരണരാഷ്ട്രീയ രംഗങ്ങളിലെ തുല്യമായ സ്ത്രീപ്രാതിനിധ്യത്തിന്റെ ആവശ്യകത എടുത്തു പറയുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ആസൂത്രണ പ്രക്രിയയിലും ദൈനംദിന പ്രവർത്തനങ്ങളിലും ലിംഗപദവി അധികാരബന്ധങ്ങൾ ഇപ്പോഴും നില നിൽക്കുന്നു. ലിംഗ തുല്യതയ്ക്കായി പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും സ്ത്രീകളുടെ പങ്കാളിത്തം ആഗ്രഹിച്ച രീതിയിൽ ആയിട്ടില്ല. സ്ത്രീകളുടെ ആവശ്യങ്ങൾ പോലും എന്തെന്ന് നിർണ്ണയിയ്ക്കുന്നത് മിക്കവാറും പുരുഷന്മാരാണ്. ലിംഗപദവി വീക്ഷണത്തിന്റെ കുറവാണ് ഇത് നൽകുന്ന പാഠം. അസമത്വപൂർണ്ണമായ അധികാരബന്ധത്തെ ഇല്ലാതാക്കാൻ സ്ത്രീകളെ ശാക്തീകരിച്ചതു കൊണ്ട് മാത്രമായില്ല, തുല്യഅധികാരമുള്ള സ്ത്രീപുരുഷ ബന്ധങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പുരുഷന്മാരോട് തുടർച്ചയായി ആശയ സംവാദം നടത്തുകയും വേണം. ●

***അവലംബം** : നവകേരളത്തിനായി തദ്ദേശഭരണം, 'ജെൻഡറും പ്രാദേശിക ഭരണവും' കൈപ്പുസ്തകം, കില, 2020*



## ഇതര തൊഴിലിടങ്ങൾ

- സംസ്ഥാനത്തെ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ വിവിധ തസ്തികകളിൽ സഹകരണ സർവീസ് പരീക്ഷാ ബോർഡ് അപേക്ഷ ക്ഷണിച്ചു.

1. അസിസ്റ്റന്റ് സെക്രട്ടറി/ചീഫ് അക്കൗണ്ടന്റ്/ഡെപ്യൂട്ടി ജനറൽ മാനേജർ– 50% മാർക്കോടെ അംഗീകൃത സർവകലാശാല ബിരുദവും സഹകരണ ഹയർ ഡിപ്ലോമയും (സംസ്ഥാന സഹകരണ യൂണിയന്റെ എച്ച്.ഡി.സി./എച്ച്.ഡി.സി. & ബി.എം./നാഷണൽ കൗൺസിൽ ഫോർ കോഓപ്പറേറ്റീവ് ട്രെയിനിങ്ങിന്റെ എച്ച്.ഡി.സി./എച്ച്.ഡി.സി.എം.) അല്ലെങ്കിൽ സബോർഡിനേറ്റ് പേഴ്സണൽ കോ ഓപ്പറേറ്റീവ് ട്രെയിനിങ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ) വിജയിച്ചിരിക്കണം. അല്ലെങ്കിൽ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നു ബി.എസ്.സി./എം.എസ്.സി. (സഹകരണം & ബാങ്കിങ്) അല്ലെങ്കിൽ സഹകരണം ഐച്ഛിക വിഷയമായി 50% മാർക്കോടെ ബി.കോം.
2. ജൂനിയർ ക്ലാർക്ക്/കാഷ്യർ – എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയും സബോർഡിനേറ്റ് പേഴ്സണൽ കോ ഓപ്പറേറ്റീവ് ട്രെയിനിങ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ) അല്ലെങ്കിൽ സഹകരണം ഐച്ഛിക വിഷയമായി എടുത്ത ബി.കോം അല്ലെങ്കിൽ അംഗീകൃത സർവ്വകലാശാലാ ബിരുദവും സഹകരണ ഹയർ ഡിപ്ലോമയും അല്ലെങ്കിൽ കേരള കാർഷിക സർവ്വകലാശാലയുടെ ബി.എസ്.സി. (സഹകരണം & ബാങ്കിങ്).
3. ഡാറ്റ എൻട്രി ഓപ്പറേറ്റർ – 1) അംഗീകൃത സർവ്വകലാശാലാ ബിരുദം 2) കേരള/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്ഥാപനത്തിലെ ഡേറ്റ എൻട്രി കോഴ്സ് പാസായ സർട്ടിഫിക്കറ്റ് 3) അംഗീകൃത സ്ഥാപനത്തിൽ ഡേറ്റ എൻട്രി തസ്തികയിൽ ജോലി ചെയ്ത ഒരു വർഷത്തെ പരിചയം.

വിശദവിജ്ഞാപനവും അപേക്ഷാ മാതൃകയും സഹകരണ സർവീസ് പരീക്ഷാ ബോർഡിന്റെ www.csebkerala.org എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ നേരിട്ടോ തപാലിലോ അയയ്ക്കാം. *വിലാസം– സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, കേരള സംസ്ഥാന സഹകരകണബാങ്ക് ബിൽഡിങ്, ഓവർബ്രിഡ്ജ്, ജനറൽ പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം 695 001.*

- ഇന്ത്യൻ നാവിക സേനയിലെ ട്രേഡ്സ്മാൻ മേറ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇന്ത്യൻ നേവി സിവിലിയൻ എൻട്രൻസ് ടെസ്റ്റിനാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഗ്രൂപ്പ് സി നോൺഗസറ്റഡ് തസ്തികകളിൽ 1159 ഒഴിവുകൾ നിലവിലുണ്ട്. ശമ്പളസ്കെയിൽ 18000–56900 രൂപ. വിജ്ഞാപനം നമ്പർ INCET-TMM 01/2021.
  യോഗ്യത– പത്താം ക്ലാസും അംഗീകൃത ഐ.ടി.ഐ. സർട്ടിഫിക്കറ്റും
  പ്രായപരിധി– 18–25 വയസ്സ്. എസ്.സി/എസ്.ടി, ഒ.ബി.സി., ഭിന്നശേഷി വിഭാഗക്കാർ, വിമുക്തഭടൻമാർ, കായികതാരങ്ങൾ എന്നിവർക്ക് നിയമാനുസൃതമായ വയസ്സിളവുണ്ട്. വിശദവിവരങ്ങൾ www.joinindiannavy.gov.in എന്ന വെബ്സൈററിലുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 7.
- പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ബോർഡർ റോഡ്സ് വിങ്ങിലെ ജനറൽ റിസർവ് എഞ്ചിനീയർ ഫോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡ്രോട്സ്മാൻ സൂപ്പർവൈസർ സ്റ്റോർ, റേഡിയോ മെക്കാനിക്, ലാബ് അസിസ്റ്റന്റ്, മൾട്ടി സ്കിൽഡ് വർക്കർ, സ്റ്റോർ കീപ്പർ ടെക്നിക്കൽ തുടങ്ങിയ തസ്തികകളിലായി ആകെ 459 ഒഴിവുകളുണ്ട്. വിശദവിവരങ്ങൾ www.bro.gov.in എന്ന വെബ്സൈറ്റിലുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 3.
- പ്ലസ്ടു സയൻസ് പഠിച്ച പെൺകുട്ടികൾക്ക് ആംഡ് ഫോഴ്സസ് മെഡിക്കൽ സർവീസസിന്റെ കീഴിലുള്ള നഴ്സിങ് കോളേജുകളിൽ പഠിക്കാൻ അവസരം. നാലുവർഷത്തെ ബി.എസ്.സി. നഴ്സിങ് പ്രവേശനത്തിനാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. പ്ലസ്ടു/തത്തുല്യ പരീക്ഷ ആദ്യശ്രമത്തിൽ ജയിച്ചിരിക്കണം. ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ പ്ലസ്ടു തലത്തിൽ മൊത്തം 50% മാർക്ക് നേടിയിരിക്കണം. 2020–21 വിദ്യാഭ്യാസ വർഷത്തിൽ യോഗ്യതാപരീക്ഷ അഭിമുഖീകരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർക്ക് കുറഞ്ഞത് 152 സെ.മി ഉയരം ഉണ്ടായിരിക്കണം. അപേക്ഷകർ 1996 ഒക്ടോബർ 1 നും 2004 സെപ്തംബർ 30 നും (രണ്ട് ദിവസവും ഉൾപ്പടെ) ഇടയിൽ ജനിച്ചവരായിരിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷ അയയ്ക്കാനുമായി www.joinindianarmy.nic.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 10.
- നാവികസേനയിലെ സെയിലർ തസ്തികയിലേക്ക് കായികതാരങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അവിവാഹിതരായ പുരുഷൻമാർക്ക് അപേക്ഷിക്കാവുന്നതാണ്. ഡയറക്ട് എൻട്രി പെറ്റി ഓഫീസർ, സീനിയർ സെക്കൻഡറി റിക്രൂട്ട്, മെട്രിക് റിക്രൂട്ട് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് തെരഞ്ഞെടുപ്പ്. ആദ്യ രണ്ട് തസ്തികകൾക്കും പ്ലസ്ടുവും അവസാനത്തേതിന് പത്താം ക്ലാസുമാണ് യോഗ്യത. വിശദവിവരങ്ങളും അപേക്ഷാഫോറവും www.joinindiannavy.gov.in എന്ന വെബ്സൈറ്റിലുണ്ട്. അപേക്ഷ പൂരിപ്പിച്ചതിനുശേഷം The Secretary, Indian Navy Sports Control Board, 7th Floor, Chanakya Bhavan, Integrated Head Quarters MoD (Navy), New Delhi-110021 എന്ന വിലാസത്തിൽ സാധാരണതപാലിൽ അയയ്ക്കേണ്ടതാണ്. ●

# EXAMINATION PROGRAMME FORTHE MONTH OF MAY 2021

## ( FOR SUBMITTING CONFIRMATION)

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 1 | 04.05.2021<br>TUESDAY | **LECTURER IN STATISTICS AND DEMOGRAPHY**<br>**MEDICAL EDUCATION**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 19/04/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **19.04.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **280/2019**<br>Further details regarding main topics are available in the website |
| 2 | 05.05.2021<br>WEDNESDAY | **JUNIOR INSTRUCTOR (MECHANICAL AGRICULTURAL MACHINERY)**<br>**(SR FROM AMONG SC/ST AND ST ONLY)**<br>**INDUSTRIAL TRAINING**<br>Main Topics:- Questions based on educational qualification<br>Maximum Marks:100 Duration 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination `through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 20/04/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **20.04.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **300/2018**<br>Further details regarding main topics are available in the website |
| 3 | 06.05.2021<br>THURSDAY | ASSISTANT PROFESSOR IN STATISTICS<br>COLLEGIATE EDUCATION<br>Main Topics:- Questions based on educational qualification (PG Level)<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : English Mode of Exam : Written Test<br>(Question cum Answer Booklet)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 21/04/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **21.04.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 278/2019<br>Further details regarding main topics are available in the website |
| 4 | 06.05.2021<br>THURSDAY | **ASSISTANT PROFESSOR IN STATISTICS**<br>**COLLEGIATE EDUCATION (NCA NOTIFICATION)** | **340/2019**<br>EZHAVA/ THIYYA/ BILLAVA |
| 5 | 06.05.2021<br>THURSDAY | **ASSISTANT PROFESSOR IN STATISTICS**<br>**COLLEGIATE EDUCATION (NCA NOTIFICATION)** | **341/2019**<br>**SC** |
| 6 | 06.05.2021<br>THURSDAY | **ASSISTANT PROFESSOR IN STATISTICS**<br>**COLLEGIATE EDUCATION (NCA NOTIFICATION)** | **429/2019**<br>VISWAKARMA |
| | | COMMON TEST FOR Sl.No. 3, 4, 5 & 6 ABOVE *ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ മൂന്നിലെ വ്യവസ്ഥകൾ ബാധകമാണ്.* | |
| 7 | 06.05.2021<br>THURSDAY | **II GRADE OVERSEER/ DRAFTSMAN (CIVIL)**<br>**PUBLIC WORKS/ IRRIGATION**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 21/04/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **21.04.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **206/2020**<br>Further details regarding main topics are available in the website |
| 8 | 06.05.2021<br>THURSDAY | **OVERSEER GRADE II/ DRAFTSMAN GRADE II**<br>**LOCAL SELF GOVERNMENT DEPARTMENT** | **324/2020** |
| 8A | 06.05.2021<br>THURSDAY | **DRAFTSMAN GR.II**<br>**KERALA WATER AUTHORITY** | **485/2020** |
| | | COMMON TEST FOR Sl.No. 7, 8 & 8A ABOVE *ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഏഴിലെ വ്യവസ്ഥകൾ ബാധകമാണ്.* | |
| 9 | 07.05.2021<br>FRIDAY | **DRAFTSMAN GRADE II (MECHANICAL)**<br>**KERALA ELECTRICAL AND ALLIED ENGINEERING COMPANY LIMITED**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 22/04/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **22.04.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **388/2018**<br>Further details regarding main topics are available in the website |
| 10 | 07.05.2021<br>FRIDAY | **OVERSEER/ DRAFTSMAN (MECHANICAL) GRADE II**<br>**PWD/ IRRIGATION** | **207/2020** |
| | | COMMON TEST FOR Sl.No 9 & 10 ABOVE *ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഒൻപതിലെ വ്യവസ്ഥകൾ ബാധകമാണ്.* | |
| 11 | 11.05.2021<br>TUESDAY | **LIVE STOCK INSPECTOR GRADE II/POULTRY ASSISTANT/ MILK RECORDER/STORE KEEPER/ ENUMERATOR**<br>(By Transfer from Departmental candidates)<br>**ANIMAL HUSBANDRY**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 26/04/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **26.04.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **267/2017**<br>**KZD**<br>Further details regarding main topics are available in the website |
| 12 | 11.05.2021<br>TUESDAY | **LIVE STOCK INSPECTOR GRADE II/POULTRY ASSISTANT/ MILK RECORDER/STORE KEEPER/ ENUMERATOR**<br>**ANIMAL HUSBANDRY (NCA Notification)** | **375/2019**<br>DHEEVARA<br>PTA |
| 13 | 11.05.2021<br>TUESDAY | **LIVE STOCK INSPECTOR GRADE II/POULTRY ASSISTANT/ MILK RECORDER/ STORE KEEPER/ ENUMERATOR**<br>(Direct Recruitment from Ex-Service Personnel/Dependents of Ex-Service Personnel and Dependents of Defence Service Personnel)<br>**ANIMAL HUSBANDRY** | **534/2019**<br>TVM, KLM<br>PTA, ALP<br>KTM, IDK<br>EKM, TSR<br>PKD, MLP<br>KKD, WYD<br>KNR, KZD |
| 14 | 11.05.2021<br>TUESDAY | **LIVE STOCK INSPECTOR GRADE II/POULTRY ASSISTANT/ MILK RECORDER/STORE KEEPER/ ENUMERATOR**<br>**(Direct Recruitment from Open Market)**<br>**ANIMAL HUSBANDRY** | **535/2019**<br>TVM, KLM<br>PTA, ALP<br>KTM, IDK<br>EKM, TSR<br>PKD, MLP<br>KKD, WYD |
| 15 | 11.05.2021<br>TUESDAY | **LIVE STOCK INSPECTOR GRADE II/POULTRY ASSISTANT/ MILK RECORDER/STORE KEEPER/ ENUMERATOR**<br>**(By Transfer from Departmental candidates)**<br>**ANIMAL HUSBANDRY** | **536/2019**<br>TVM, KLM<br>PTA, ALP<br>KTM, IDK<br>EKM, TSR<br>PKD, MLP<br>KKD, WYD<br>KNR |
| 16 | 11.05.2021<br>TUESDAY | **LIVE STOCK INSPECTOR GRADE II/ POULTRY ASSISTANT/ MILK RECORDER/STORE KEEPER/ ENUMERATOR**<br>**(Open Market)**<br>**(NCA NOTIFICATION)**<br>**ANIMAL HUSBANDRY** | **185/2020**<br>HINDU<br>NADAR<br>TSR |
| 17 | 11.05.2021<br>TUESDAY | **LIVE STOCK INSPECTOR GRADE II/POULTRY ASSISTANT/ MILK RECORDER/STORE KEEPER/ENUMERATOR (SR FOR SC/ST ONLY)**<br>**ANIMAL HUSBANDRY** | **252/2020**<br>**TVM** |
| 18 | 11.05.2021<br>TUESDAY | **CHICK SEXER**<br>**ANIMAL HUSBANDRY** | **102/2019**<br>ALP, KTM,KKD |
| | | ***COMMON TEST FOR Sl.Nos. 11,12,13,14,15,16,17 & 18 ABOVE ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ പതിനൊന്നിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 19 | 15.05.2021<br>SATURDAY | **WORK SUPERINTENDENT**<br>**AGRICULTURE (SOIL CONSERVATION UNIT)**<br>**(NCA NOTIFICATION)**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 30/04/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **30.04.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **643/2017**<br>HINDU<br>NADAR<br>KKD<br>Further details regarding main topics are available in the website |
| 20 | 15.05.2021<br>SATURDAY | **TRACER/OVERSEER GRADE III**<br>**KERALA WATER AUTHORITY** | **244/2018** |
| 21 | 15.05.2021<br>SATURDAY | **ENGINEERING ASSISTATNT GRADE III**<br>**KERALA STATE CONSTRUCTION CORPORATION LIMITED** | **204/2019** |
| 22 | 15.05.2021<br>SATURDAY | **TRACER**<br>**SOIL SURVEY AND SOIL CONSERVATION** | **399/2020**<br>TSR |
| 23 | 15.05.2021<br>SATURDAY | **WORK SUPERINTENDENT**<br>**SOIL SURVEY AND SOIL CONSERVATION** | **498/2020**<br>TVM, ALP,KTM,<br>TSR,WYD, MLP<br>KNR |
| | | COMMON TEST FOR Sl.No. 19, 20, 21, 22 & 23 ABOVE *ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ പത്തൊൻപതിലെ വ്യവസ്ഥകൾ ബാധകമാണ്.* | |
| 24 | 18.05.2021<br>TUESDAY | **JUNIOR INSTRUCTOR (FOOD AND BEVERAGES GUEST SERVICE ASSISTANT)**<br>**INDUSTRIAL TRAINING DEPARTMENT**<br>**(NCA NOTIFICATION)**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time | **160/2018**<br>EZHAVA/<br>THIYYA/<br>BILLAVA<br>Further details regarding main |

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| | | Registration Profile in the website www.keralapsc.gov.in from 03/05/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി<br>**03.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | topics are available in the website |
| 25 | 18.05.2021<br>TUESDAY | **JUNIOR INSTRUCTOR (FOOD AND BEVERAGES GUEST SERVICE ASSISTANT)<br>INDUSTRIAL TRAINING DEPARTMENT (DIRECT RECRUITMENT)** | **199/2020** |
| | | COMMON TEST FOR Sl.No. 24 & 25 ABOVE ***ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഇരുപത്തിനാലിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 26 | 19.05.2021<br>WEDNESDAY | **JUNIOR INSTRUCTOR (WELDER)<br>INDUSTRIAL TRAINING DEPARTMENT (NCA NOTIFICATION)**<br>Main Topics:- Questions based on educational qualification (Diploma Level)<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 04/05/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **04.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **164/2018**<br><br>LC/AI |
| 27 | 19.05.2021<br>WEDNESDAY | **JUNIOR INSTRUCTOR (WELDER)<br>INDUSTRIAL TRAINING DEPARTMENT** | **310/2019** |
| | | COMMON TEST FOR Sl.No. 26 & 27 ABOVE ***ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഇരുപത്തിയാറിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 28 | 20.05.2021<br>THURSDAY | **STORES MANAGER/ MANAGER GRADE II<br>HANDICRAFTS DEVELOPMENT CORPORATION OF KERALA LIMITED**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 05/05/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **05.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **252/2018**<br><br>Further details regarding main topics are available in the website |
| 29 | 20.05.2021<br>THURSDAY | **MARKETING EXECUTIVE<br>KERALA TOURISM DEVELOPMENT CORPORATION LIMITED** | **195/2019** |
| | | COMMON TEST FOR Sl.No. 28 & 29 ABOVE ***ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഇരുപത്തിയെട്ടിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 30 | 21.05.2021<br>FRIDAY | **OVERSEER/ DRAFTSMAN (MECHANICAL) GRADE III/ TRACER<br>IRRIGATION**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 06/05/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **06.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **141/2019** |
| 31 | 21.05.2021<br>FRIDAY | **DRAFTSMAN (MECHANICAL)<br>KERALA AGROMACHINERY CORPORATION LIMITED** | **146/2019** |
| | | COMMON TEST FOR Sl.No. 30 & 31 ABOVE ***ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ മുപ്പതിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 32 | 26.05.2021<br>WEDNESDAY | **METER READER<br>KERALA WATER AUTHORITY**<br>Main Topics:- Questions based on educational qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE<br>(Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 20.02.2021 to 11.03.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **20.02.2021 മുതൽ 11.03.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/03/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 11/05/2021<br>**11.03.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **11.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | **143/2019** |

# EXAMINATION PROGRAMME FOR GRADUATE LEVEL COMMON PRELIMINARY EXAMINATION

## (FOR SUBMITTING CONFIRMATION)

## TENTATIVE EXAMINATION SCHEDULE 22nd MAY 2021 (SATURDAY)

**Confirmation Schedule: Candidates can submit confirmation from 23.02.2021 to 14.03.2021**

**Special Intsructions**

1. **Syllabus** : Detaileds yllabus is provided in the KPSC Website (വിശദമായ സിലബസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)
2. Mark : 100
3. Medium (മാധ്യമം ) : English/Official Language (ഇംഗ്ലീഷ്/ഔദ്യോഗിക ഭാഷ) Questions except English, Malayalam, Tamil, Kannada language questions will be printed both in English and in Official Language Malayalam) (ഇംഗ്ലീഷ് , മലയാളം, തമിഴ്, കന്നഡ ഭാഷാ ചോദ്യങ്ങൾ ഒഴികെയുള്ള ചോദ്യങ്ങൾ ഇംഗ്ലീഷിലും ഔദ്യോഗികഭാഷയായ മലയാളത്തിലും ലഭ്യമാകുന്നൊണ്)
4. Mode of Examination : OMR (ഒ.എം.ആർ)
5. Duration : 1 Hour 15 Minutes (1 മണിക്കൂർ 15 മിനിറ്റ്)
6 Candidates who had applied for more than one categories should submit confirmation for each category. ഒന്നിലധികം തസ്തികകളിലേയ്ക്ക് അപേക്ഷിച്ചിരിക്കുന്ന ഉദ്യോഗാർത്ഥികൾ ഓരോ തസ്തികയിലേയ്ക്കും സ്ഥിരീകരണം നൽകേണ്ടതാണ്.
7. While submitting confirmation candidates should opt the medium of questions (Malayalam/Tamil/Kannada) and the ditsrict for writing the examination. Candidates will be provided with the question paper only according to their medium of option. പരീക്ഷയ്ക്ക് ഏത് ഭാഷയിലുള്ള ചോദ്യപേപ്പർ ആണ് (മലയാളം/തമിഴ്/കന്നഡ) ആവശ്യമുള്ളത് എന്നും, ഏത് ജില്ലയിലാണ് പരീക്ഷ എഴുതേണ്ടത് എന്നു കൺഫർമേഷൻ നൽകുന്ന സമയത്ത് ഉദ്യോഗാർത്ഥികൾ രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഉദ്യോഗാർത്ഥിയ്ക്കും അവർ തെരഞ്ഞെടുത്ത മാധ്യമത്തിലുള്ള ചോദ്യപേപ്പർ മാത്രമേ ലഭ്യമാകുകയുള്ളൂ.
8. While selecting the ditsrict for writing the examination candidate should ensure to opt the same ditsrict as in communication address in their profile. പരീക്ഷ എഴുതുന്നതിനുള്ള ജില്ല തെരഞ്ഞെടുക്കുമ്പോൾ പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ള കമ്മ്യൂണിക്കേഷൻ അഡ്രസ്സിലെ ജില്ല തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
9. WARNING: Admission ticket will not be generated for candidates who fail to submit their confirmation on or before the stipulated date and their application for the post mentioned in this programme will be summarily rejected. നിശ്ചിത സമയം വരെ സ്ഥിരീകരണം രേഖപ്പെടുത്താത്തവർക്ക് ഈ പരീക്ഷ കലണ്ടിലെ പരീക്ഷകൾ എഴുതുന്നതിനുള്ള അവസരം ലഭിക്കുന്നതല്ല. കൂടാതെ അവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
10. The Date and time will be published after the confirmation date is over. കൺഫർമേഷൻ തീയതി അവസാനിച്ചതിനു ശേഷം പരീക്ഷ തീയതികളും സമയവും പ്രസിദ്ധീകരിക്കുന്നതാണ്.
11. Candidates who successfully submit their confirmation on or before the prescribed date can download the Admission Tickets through their One Time Regitsration Profile in the website http://www.keralapsc.gov.in നിശ്ചിത സമയ പരിധിക്കുള്ളിൽ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ് .

**NAME OF POSTS FOR GRADUATE LEVEL COMMON PRELIMINARY EXAMINATION**

| Sl. No. | Cat. No. | Name of post and Department | Method of Appointment | Statewide or District |
|---|---|---|---|---|
| 1 | 404/2017 | SCHEDULED CASTE DEVELOPMENT OFFICER GR.II {Scheduled Castes Development Department} - | Direct | STATEWIDE |
| 2 | 309/2018 | SALES ASSISTANT {Handicraft Development Corporation of Kerala} | SR from SC/ST | STATEWIDE |
| 3 | 387/2018 | SALES ASSISTANT GR.II -(SOCIETY CATEGORY) {KERALA STATE CO-OPERATIVE COIR MARKETING FEDERATION LTD} | Society Category | STATEWIDE |
| 4 | 105/2019 | SR. SUPRNT./ASST TREASURY OFFICER/SUB TREASURY OFFICER (Kerala Treasury Services) - Direct Recruitment SR for : SCHEDULED CASTE/ SCHEDULED TRIBE | SR for SC/ST | STATEWIDE |
| 5 | 315/2019 | SPECIAL BRANCH ASSISTANT - S B C I D {Kerala Police Service} - 000169 | Direct | STATEWIDE |
| 6 | 386/2019 | ARMED POLICE SUB INSPECTOR(TRAINEE) - OPEN MARKET {POLICE (ARMED POLICE BATTALION} | Direct | STATEWIDE |
| 7 | 387/2019 | ARMED POLICE SUB INSPECTOR(TRAINEE) FROM among graduate head constables, Police Constables and officers of corresponding rank in Police or Vigilance Department. (ARMED POLICE BATTALION)} | By Transfer | STATEWIDE |
| 8 | 388/2019 | SUB INSPECTOR OF POLICE(TRAINEE) (KCP)- OPEN MARKET {Police (Kerala Civil Police)} | Direct | STATEWIDE |
| 9 | 389/2019 | SUB INSPECTOR OF POLICE(TRAINEE)-(KCP)- FROM GRADUATE MIN. STAFF OF POLICE/ VIGILANCE {Police (Kerala Civil Police)} | By Transfer | STATEWIDE |
| 10 | 390/2019 | SUB INSPECTOR OF POLICE(TRAINEE) (KCP) FROM GRADUATE PC/ HC {Police (Kerala Civil Police)} | By Transfer | STATEWIDE |
| 11 | 435/2019 | SUB INSPECTOR OF POLICE (TRAINEE) {POLICE (KERALA CIVIL POLICE)} | Direct (NCA FOR SCCC) | STATEWIDE |
| 12 | 494/2019 | ASST JAILOR GR I/ SUPRNT.-SUBJAIL/SUPERVISOR OPEN PRISON/SUPERVISOR-BORSTAL SCHOOL/ ARMOROUR-SICA ETC {Jails} | Direct | STATEWIDE |
| 13 | 495/2019 | ASST JAILOR GR I/ SUPRNT.-SUBJAIL/SUPERVISOR OPEN PRISON/SUPERVISOR-BORSTAL SCHOOL/ ARMOROUR-SICA ETC {Jails} | By Transfer | STATEWIDE |
| 14 | 496/2019 | ASST JAILOR GR I/ SUPRNT.-SUBJAIL/SUPERVISOR OPEN PRISON/SUPERVISOR-BORSTAL SCHOOL/ ARMOROUR- SICA ETC {Jails} | By Transfer | STATEWIDE |
| 15 | 497/2019 | EXCISE INSPECTOR (TRAINEE) {Excise} | Direct | STATEWIDE |
| 16 | 498/2019 | EXCISE INSPECTOR (TRAINEE) {Excise} | By Transfer | STATEWIDE |
| 17 | 038/2020 | SALES ASSISTANT {Handicraft Development Corporation of Kerala} | Direct | STATEWIDE |
| 18 | 059/2020 | ASSISTANT {Kerala Administrative Tribunal} | Direct | STATEWIDE |
| 19 | 060/2020 | DATA ENTRY OPERATOR {Scheduled Tribe Development Department} | Direct | STATEWIDE |
| 20 | 068/2020 | TYPIST CLERK GR II {Malabar Cements Limited} | Direct | STATEWIDE |
| 21 | 085/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA – Ezhava | STATEWIDE |
| 22 | 086/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA - Muslim | STATEWIDE |
| 23 | 087/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA – OBC | STATEWIDE |
| 24 | 088/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA – SC | STATEWIDE |
| 25 | 110/2020 | SECTION OFFICER {Kerala Public Service Commission} | SR for ST | STATEWIDE |
| 26 | 133/2020 | ASSISTANT DIRECTOR OF NATIONAL SAVINGS {The Kerala National Savings Service} | By Transfer | STATEWIDE |
| 27 | 134/2020 | ASSISTANT DIRECTOR OF NATIONAL SAVINGS {The Kerala National Savings Service} | By Transfer | STATEWIDE |
| 28 | 135/2020 | ASSISTANT DIRECTOR OF NATIONAL SAVINGS {The Kerala National Savings Service} | Direct | STATEWIDE |
| 29 | 143/2020 | CONFIDENTIAL ASSISTANT {Kerala Live Stock Development Board Ltd.} | Direct | STATEWIDE |
| 30 | 147/2020 | JUNIOR RECEPTIONIST {Kerala Minerals and Metals Ltd.} | Direct | STATEWIDE |
| 31 | 163/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA – SR | STATEWIDE |
| 32 | 164/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA – SCCC | STATEWIDE |
| 33 | 165/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA – Dheevara | STATEWIDE |
| 34 | 166/2020 | DIVISIONAL ACCOUNTANT {Kerala General Service } | NCA - Hindu Nadar | STATEWIDE |
| 35 | 226/2020 | CONFIDENTIAL ASSISTANT GRADE II - (GENERAL) PART-I {Apex Societies of Co-Operative Sector in Kerala} | Direct | STATEWIDE |
| 36 | 227/2020 | CONFIDENTIAL ASSISTANT GRADE II (PART II - FISHERMEN/DEPENDENT OF FISHERMEN {Kerala State Co-Operative federation for Fisheries Development Limited(MATSYAFED} | Direct | STATEWIDE |
| 37 | 228/2020 | CONFIDENTIAL ASSISTANT GRADE II (PART III - SOCIETY) {Kerala State Co-operative Federation for Fisheries Development Limited (MALSYAFED)} | Society Category | STATEWIDE |
| 38 | 492/2020 | RECEPTIONIST CUM TELEPHONE OPERATOR {Kerala State Drugs and Pharmaceuticals Ltd.} | Direct | STATEWIDE |

# DETAILED SYLLABUS FOR DEGREE LEVEL COMMON PRELIMINARY EXAMINATION

## HISTORY

1. **KERALA** - Arrival of Europeans-Contributions of Europeans- History of Travancore from Marthanda Varma to Sree Chithirathirunnal- Social and Religious Reform movement- National movement in Kerala- Literary Sources of Kerala History- United Keala Movement- Political and Social History of Kerala after 1956.
2. **INDIA** – Medieval India – Political History-Administrative reforms Contributions – Establishment of the British- First War of Independence – Formation of INC- Swadeshi Movement- Social Reform movement- Newspapers - Literature and Art during the freedom struggle –Independent Movement & MahathmaGandhi Extremist Movement in India – India's independent- Post independent period-State reorganization – Development in Science, Education, and Technology – Foreign policy- Political History after 1951.
3. **WORLD** – Great revolution in England- American War of Independence – French revolution-Russian Revolution – Chinese revolution- Political History after second World war- UNO and other International Organization

## GEOGRAPHY

1. Basics of Geography – Earth Structure – Atmosphere –Rocks – Landforms Pressure Belt and Winds- Temperature and Seasons- Global Issues-Global warming various forms of Pollutions – Maps- Topographic Maps and Signs – Remote Sensing – Geographic Information System-Oceans and its various movements – Continents – World Nations and its specific features.
2. INDIA – Physiography- States and Its features-Northern Mountain Region – Rivers- Northern Great Plain – Peninsular Plateau- Costal Plain – Climate – Natural Vegetation- Agriculture – Minerals and Industries- Energy Sources- Transport system – Road- Water- Railway- Air.
3. Kerala- – Physiography- Ditsricts and Its features-Rivers- Climate – Natural Vegetation- Wild life-Agriculture and research centers – Minerals and Industries Energy Sources- Transports ystem – Road- Water- Railway- Air.
4. Current Affairs

## ECONOMICS

National Income - Per Capita Income – Factors of Production- Economic Sectors of Production – Indian Economic Planning- Five Year Plans- NITI Aayog – Types and Functions of Economic Institutions – Reserve Bank & Functions – Public revenue – Tax and Non Tax revenue – Public Expenditure – Budget – Fiscal Policy – Consumer Protection & Rights - Current Affairs

## CIVICS

Public Administration – Bureaucracy –Features and Function – Indian Civil Service – State Civil Service – E_Governance – Information Commission and Right to information Act – Lokpal & Lokayuktha - Government – Executive, Judiciary, Legislature. Election – Political Parties. Human Rights – Human Rights Organizations. Act and Rules regarding Consumer Protection, Watershed Management – Labour and Employment, National Rural Employment Policies, Land Reforms, Protection of women, Children, and Old age People, Social Welfare, Social Securtiy. Socio-Economic Statistical Data. Current Affairs

## INDIAN CONSTITUTION

Constituent Assembly – Preamble - Fundamental Rights – Directive principles – Fundamental Duties – Citizenship – Constitutional Amendments – Panchayath Raj – Constitutional Institutions and their Functions - Emergency- Union List- State List – Concurrent List - Current Affairs

## ARTS, SPORTS & LITERATURE

### കല

കേരളത്തിലെ പ്രധാന ദൃശ്യശ്രാവ്യകലകൾ ഇവയുടെ ഉദ്ഭവം, വ്യാപനം, പരിശീലനം എന്നിവകൊണ്ട്
- പ്രശസ്തമായ സ്ഥലങ്ങൾ
- പ്രശസ്തമായ സ്ഥാപനങ്ങൾ
- പ്രശസ്തരായ വ്യക്തികൾ
- പ്രശസ്തരായ കലാകാരൻമാർ
- പ്രശസ്തരായ എഴുത്തുകാർ

### കായികം

1. കായികരംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച കേരളത്തിലേയും ഇന്ത്യയിലേയും ലോകത്തിലേയും പ്രധാന കായികതാരങ്ങൾ, അവരുടെ കായിക ഇനങ്ങൾ, അവരുടെ നേട്ടങ്ങൾ, അവർക്ക് ലഭിച്ചിട്ടുള്ള ബഹുമതികൾ.
2. പ്രധാന അവാർഡുകൾ അവാർഡ് ജേതാക്കൾ ഓരോ അവാർഡും ഏതുമേഖലയിലെ പ്രകടനത്തിനാണ് നല്കുന്നത് എന്ന അറിവ്.
3. പ്രധാന ട്രോഫികൾ ബന്ധപ്പെട്ട മത്സരങ്ങൾ/ കായിക ഇനങ്ങൾ.
4. പ്രധാന കായിക ഇനങ്ങൾ പങ്കെടുക്കുന്ന കളിക്കാരുടെ എണ്ണം.
5. കളികളുമായി ബന്ധപ്പെട്ട പ്രധാന പദങ്ങൾ (Terms)
6. ഒളിമ്പിക്സ്
   - അടിസ്ഥാന വിവരങ്ങൾ
   - പ്രധാന വേദികൾ/ രാജ്യങ്ങൾ
   - പ്രശസ്തമായ വിജയങ്ങൾ/ കായിക താരങ്ങൾ
   - ഒളിമ്പിക്സിൽ ഇന്ത്യയുടെ ശ്രദ്ധേയമായ പ്രകടനങ്ങൾ
   - വിന്റർ ഒളിമ്പിക്സ്
   - പാര ഒളിമ്പിക്സ്
7. ഏഷ്യൻ ഗെയിംസ്, ആഫ്രോ ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, സാഫ് ഗയിംസ്
   - വേദികൾ
   - രാജ്യങ്ങൾ
   - ഇന്ത്യയുടെ ശ്രദ്ധേയമായ പ്രകടനം
   - ഇതര വസ്തുതകൾ
8. ദേശീയ ഗയിംസ് (National Games)
9. ഗയിംസ് ഇനങ്ങൾ മത്സരങ്ങൾ താരങ്ങൾ, നേട്ടങ്ങൾ
10. ഓരോ രാജ്യത്തിന്റേയും ദേശീയ കായിക ഇനങ്ങൾ / വിനോദങ്ങൾ

### സാഹിത്യം

1. മലയാളത്തിലെ പ്രധാന സാഹിത്യ പ്രസ്ഥാനങ്ങൾ ആദ്യകൃതികൾ, കർത്താക്കൾ
2. ഓരോ പ്രസ്ഥാനത്തിലേയും പ്രധാനകൃതികൾ അവയുടെ കർത്താക്കൾ
3. എഴുത്തുകാർ തൂലികാനാമങ്ങൾ, അപരനാമങ്ങൾ
4. കഥാപാത്രങ്ങൾ കൃതികൾ
5. പ്രശസ്തമായ വരികൾ കൃതികൾ എഴുത്തുകാർ
6. മലയാള പത്രപ്രവർത്തനത്തിന്റെ ആരംഭം, തുടക്കം കുറിച്ചവർ, ആനുകാലികങ്ങൾ
7. പ്രധാനപ്പെട്ട അവാർഡുകൾ / ബഹുമതികൾ അവാർഡിനർഹരായ എഴുത്തുകാർ കൃതികൾ
8. ജ്ഞാനപീഠം നേടിയ മലയാളികൾ അനുബന്ധ വസ്തുതകൾ
9. മലയാള സിനിമയുടെ ഉദ്ഭവം, വളർച്ച, നാഴികക്കല്ലുകൾ, പ്രധാന സംഭാവന നല്കിയവർ, മലയാള സിനിമയും ദേശീയ അവാർഡും.

### സംസ്കാരം

1. കേരളത്തിലെ പ്രധാന ആഘോഷങ്ങൾ, ആഘോഷങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ പ്രശസ്തമായ ഉത്സവങ്ങൾ.
2. കേരളത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, സാംസ്കാരിക നായകർ, അവരുടെ സംഭാവനകൾ
3. Current Affairs

## COMPUTER SCIENCE

### Basics of Computer

- Hardware
  Input Devices (Names and uses)
  Output Devices (Names and uses/features)
  Memory devices - Primary and Secondary (Examples, Features)
- Software
  Classification – System software and Application software
  Operating System – Functions and examples
  Popular Application software packages – Word processors, Spreadsheets, Database packages, Presentation, Image editors (Uses, features and fundamental concepts of each)
  Basics of programming – Types of intsructions (Input, Output, Store, Control transfer) (Languages need not be considered)
- Computer Networks
  Types of networks – LAN, WAN, MAN (Features and application area)
  Network Devices – Media, Switch, Hub, Router, Bridge, Gateway (Uses of each)
- Internet
  Services – WWW, E-mail, Search engines (Examples and purposes)
  Social Media (Examples and features)
  Web Designing – Browser, HTML (Basics only)
- Cyber Crimes and Cyber Laws
  Types of crimes (Awareness level)
  IT Act and Other laws (Awareness level)
- Current Affairs

## SCIENCE AND TECHNOLOGY

1. Science and Technology: Nature and scope of Science and Technology, Relevance of S&T, National policy on S&T and innovations, Basics of everyday science, Human body, Public Health and Communtiy Medicine, Food and Nutrition, Health Care. Institutes and Organization in India promoting integration of S&T and Innovation, their activities and contributions, Contribution of Prominent Indian Scientists.
2) Technology in Space and Defence: Evolution of Indian Space Programme, ISRO – it's activities and achievements, various Satellite Programmes – DRDO-vision, mission and activities.
3) Energy requirement and efficiency: India's existing energy needs and deficit, India's energy resources and dependence, Renewable and Non-renewable energy resources, Energy Policy of India – Govt. Policies and Programmes, Energy Security and Nuclear Policy of India.
4) Environmental Science : Issues and concerns related to environment, its legal aspects, policies and treaties for the protection of environment at the National and the International level, Environment protection for sustainable development.

Biodiverstiy – its importance and concerns, Climate change, International initiatives (Policies, Protocols) and India's commitment, Western Ghats, Features, Characteristics and issues. Forest and wildlife – Legal framework for Forest and Wildlife Conservation in India. Environmental Hazards, Pollution, Carbon Emission, Global Warming.

Developments in Biotechnology, Green Technology and Nanotechnology. + Current Affairs

## SIMPLE ARITHMETIC & MENTAL ABILITY

### A. ലഘു ഗണിതം (Simple Arithmetic)

1. സംഖ്യകളും അടിസ്ഥാന ക്രിയകളും (Numbers and Basic Operations)
2. ഭിന്നസംഖ്യകളും ദശാംശ സംഖ്യകളും (Fraction and Decimal Numbers)
3. ശതമാനം (Percentage)
4. ലാഭവും നഷ്ടവും (Profit and Loss)
5. സാധാരണ പലിശയും കൂട്ടുപലിശയും (Simple and Compound Interest)
6. അംശബന്ധവും അനുപാതവും (Ratio and Proportion)
7. സമയവും ദൂരവും (Time and Distance)
8. സമയവും പ്രവൃത്തിയും (Time and Work)
9. ശരാശരി (Average)
10. കൃത്യങ്കങ്ങൾ (Laws of Exponents)
11. ജ്യാമിതീയ രൂപങ്ങളുടെ ചുറ്റളവ്, വിസ്തീർണ്ണം, വ്യാപ്തം തുടങ്ങിയവ (Mensuration)
12. പ്രോഗ്രഷനുകൾ (Progressions)

### B. മാനസിക ശേഷി (Mental Abiltiy)

1. ശ്രേണികൾസംഖ്യാ ശ്രേണികൾ, അക്ഷര ശ്രേണികൾ ('series)
2. ഗണിത ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള പ്രശ്നങ്ങൾ (Problems on Mathematical signs)
3. സ്ഥാന നിർണ്ണയ പരിശോധന
4. സമാന ബന്ധങ്ങൾ (Analogy) - Word Analogy, Alphabet Analogy, Number Analogy
5. ഒറ്റയാനെ കണ്ടെത്തുക (Odd man out)
6. സംഖ്യാവലോകന പ്രശ്നങ്ങൾ
7. കോഡിംഗും ഡീകോഡിംഗും (Coding and De coding)
8. കുടുംബ ബന്ധങ്ങൾ (Family Relations)
9. ദിശാവബോധം (Sense of Direction)
10. ക്ലോക്കിലെ സമയവും കോണളവും (Time and Angles)
11. ക്ലോക്കിലെ സമയവും പ്രതിബിംബവും (Time in a clock and its reflection)
12. കലണ്ടറും തീയതിയും (Date and Calendar)
13. ക്ലറിക്കൽ ശേഷി പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ (Clerical Abiltiy)

## GENERAL ENGLISH

### A. English Grammar

1. Types of Sentences and Interchange of Sentences.
2. Different Parts of Speech.
3. Agreement of Verb and Subject.
4. Confusion of Adjectives and Adverbs.
5 Comparison of Adjectives
6. Adverbs and Position of adverbs
7. Articles - The Definite and the Indefinite Articles.
8. Uses of Primary and Model Auxiliary Verbs
9. Tag Questions
10. Infinitive and Gerunds
11. Tenses
12. Tenses in Conditional Sentences
13. Prepositions
14. The Use of Correlatives
15. Direct and Indirect Speech
16. Active and Passive voice
17. Correction of Sentences

### B. Vocabulary

1. Singular & Plural, Change of Gender, Collective Nouns
2. Word formation from other words and use of prefix or suffix
3. Compound words
4. Synonyms
5. Antonyms
6. Phrasal Verbs
7. Foreign Words and Phrases
8. One Word Substitutes
9. Words often confused
10. Spelling Test
11. Idioms and their Meanings
12. Translation of a sentence/proverb in to Malayalam

## Regional Language

### Malayalam

1) പദശുദ്ധി
2) വാക്യശുദ്ധി
3) പരിഭാഷ
4) ഒറ്റപദം
5) പര്യായം
6) വിപരീത പദം
7) ശൈലികൾ പഴഞ്ചൊല്ലുകൾ
8) സമാനപദം
9) ചേർത്തെഴുതുക
10) സ്ത്രീലിംഗം പുല്ലിംഗം
11) വചനം
12) പിരിച്ചെഴുതൽ
13) ഘടക പദം (വാക്യം ചേർത്തെഴുതുക)

### Kannada

1) Word Purity / Correct Word
2) Correct Sentence
3) Translation
4) One Word / Single Word / One Word Substitution
5) Synonyms
6) Antonyms
7) Idioms and Proverbs
8) Equivalent Word
9) Join the Word
10) Feminine Gender, Masculine Gender
11) Number
12) Sort and Write

### Tamil

1) Correct Word
2) Correct Structure of Sentence
3) Translation
4) Single Word
5) Synonyms
6) Antonyms / Opposite
7) Phrases and Proverbs
8) Equal Word
9) Join the Word
10) Gender Classification – Feminine, Masculine
11) Singular, Plural
12) Separate
13) Adding Phrases

# ആധുനിക തിരുവിതാംകൂറിന്റെ നാൾവഴികൾ 2

## ധർമ്മരാജാവ് (1758-1798)

- കാർത്തികതിരുനാൾ രാമവർമ മഹാരാജാവാണ് ധർമരാജാവ് എന്നറിയപ്പെടുന്നത്. 1758 മുതൽ 1798 വരെ 40 വർഷം ഭരിച്ച അദ്ദേഹമാണ് ആധുനിക തിരുവിതാംകൂർ ഏറ്റവും കൂടുതൽ കാലം ഭരിച്ച രാജാവ്. മൈസൂർ പടയോ



ട്ടത്തെത്തുടർന്ന് മലബാറിൽനിന്നു പലായനംചെയ്ത് തിരുവിതാംകൂറിലെത്തിയ അഭയാർഥികൾക്ക് ധാർമികനീതിയോടെ അഭയം നൽകിയതിനാലാണ് അദ്ദേഹം 'ധർമരാജാവ്' എന്നറിയപ്പെട്ടത്. ഭരണതന്ത്രജ്ഞതകൊണ്ടും സംസ്കാരസമ്പത്തുകൊണ്ടും ഉന്നതശീർഷനായ ഈ രാജാവിനെ പിതൃനിർവിശേഷമായ ബഹുമാനത്തോടെ 'കിഴവൻരാജാവെന്നും' വിളിച്ചു.

- മാർത്താണ്ഡവർമയെത്തുടർന്ന് അധികാരമേറ്റ കാർത്തികതിരുനാൾ രാമവർമ തന്റെ മുൻഗാമിയുടെ സൈനികവും ഭരണപരവും സാംസ്കാരികവുമായ നയങ്ങൾ തുടർന്നു. ആലങ്ങാടും പറവൂരും തിരുവിതാംകൂറിനോട് കൂട്ടിച്ചേർത്തത് കാർത്തികതിരുനാളാണ്. തിരുവിതാംകൂറിന്റെ രാജധാനി പത്മനാഭപുരത്തുനിന്ന് തിരുവനന്തപുരത്തേക്ക് മാറ്റിയത് അദ്ദേഹത്തിന്റെ കാലത്താണ്. മാർത്താണ്ഡവർമയുടെ കാലത്ത് പുരോഗമിച്ചിരുന്ന പത്മനാഭസ്വാമിക്ഷേത്രത്തിലെ ഗോപുരത്തിന്റെ നിർമാണം പൂർത്തിയാക്കിയത് ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. സപ്തസ്വരങ്ങൾ കേൾപ്പിക്കുന്ന പ്രത്യേകതരം കൽത്തൂണുകളോട് കൂടിയ പ്രശസ്തമായ കുലശേഖരമണ്ഡപം ശ്രീപത്മനാ ഭസ്വാമി ക്ഷേത്രത്തിൽ നിർമിച്ചതും ഇക്കാലത്താണ്. ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചുകൊണ്ടുള്ള ഉടമ്പടി ഒപ്പുവച്ചത് 1795ലാണ്. ഇത് തിരുവിതാംകൂർ ചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. 1789ൽ ഡച്ചുകാരിൽനിന്ന് കൊടുങ്ങല്ലൂർ കോട്ടയും പള്ളിപ്പുറം കോട്ടയും അദ്ദേഹം വിലയ്ക്കുവാങ്ങി.
- സൈനികതന്ത്രജ്ഞതയിലും ഭരണകുശലതയിലും അഗ്രഗണ്യന്മാരായിരുന്ന അയ്യപ്പൻ മാർത്താണ്ഡൻപിള്ളയും കേശവപിള്ളയും രാജാവിന്റെ ശക്തിസ്രോതസ്സുകളായിരുന്നു. നികുതിവകുപ്പു പുനസംഘടിപ്പിച്ച അയ്യപ്പൻ മാർത്താണ്ഡൻപിള്ള രാജ്യത്തെ തെക്കേമുഖം, വടക്കേമുഖം, പടിഞ്ഞാറേമുഖം എന്നിങ്ങനെ മൂന്നു റവന്യൂമേഖലകളായി തിരിച്ചു. ഇവയുടെ ഭരണാധികാരം സർവാധികാര്യക്കാർക്കായിരുന്നു. നികുതിപിരിവ് ക്രമീകരിക്കുകയും കൃത്യമായി കണക്കു സൂക്ഷിക്കാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്തു. കൃഷിചെയ്യാവുന്ന തരിശുപ്രദേശങ്ങളെല്ലാം വൻതോതിൽ കൃഷിക്ക് ഉപയുക്തമാക്കിത്തീർത്ത അദ്ദേഹമാണ് നീണ്ടകരയ്ക്കടുത്ത വനപ്രദേശം കൃഷിഭൂമിയാക്കി മാറ്റിയത്. വർക്കലയെ ഒരു പട്ടണമാക്കി വകസിപ്പിച്ച നേട്ടവും അയ്യപ്പൻ മാർത്താണ്ഡൻപിള്ളയ്ക്ക് അവകാശപ്പെട്ടതാണ്. കൊച്ചിരാജാവുമായും സാമൂതിരിയുമായുള്ള യുദ്ധങ്ങൾക്ക് നേതൃത്വം പകർന്ന അദ്ദേഹം യൂസഫ്ഖാനുമായുള്ള കളക്കാട് യുദ്ധവും നയിച്ചു. കൃഷ്ണപുരം കൊട്ടാരം പുതിയ സ്ഥാനത്ത് പണിയിക്കുന്നതിനും അദ്ദേഹം മേൽനോട്ടം വഹിച്ചു. കൊല്ലം-പുറക്കാട് റോഡിന്റെ നിർമാണവും അദ്ദേഹത്തിന്റെ ഭരണനേട്ടമാണ്.
- ഉത്തരേന്ത്യൻ മാതൃക അനുസരിച്ച് 'ദിവാൻ' എന്ന പദവി സ്വീകരിച്ച ആദ്യത്തെ തിരുവിതാംകൂർ പ്രധാനമന്ത്രിയായിരുന്നു കേശവപിള്ള. അദ്ദേഹത്തിന്റെ ഭരണതന്ത്രജ്ഞതയിൽ മതിപ്പു തോന്നിയ ഗവർണർ ജനറൽ മോർണിങ്ടൺ പ്രഭു (വെല്ലസ്ലി പ്രഭു) അദ്ദേഹത്തിന് 'രാജാ' എന്ന ബഹുമതി നൽകി. കേശവപിള്ള വിനയപൂർവം പേരിനൊപ്പം 'ദാസൻ' എന്നുകൂടി കൂട്ടിച്ചേർത്ത് രാജാകേശവദാസനായി. ആലപ്പുഴയെ ഒരു തുറമുഖപട്ടണമാക്കി വികസിപ്പിച്ചത് രാജാകേശവദാസ് ആണ്. തിരുവനന്തപുരത്ത് ചാലക്കമ്പോളവും അദ്ദേഹം പണികഴിപ്പിച്ചു. തെക്കൻ തിരുവിതാംകൂറിലെ കോട്ടാറിനെ ഒരു വ്യാപാരനഗരമാക്കി വികസിപ്പിച്ചെടുത്ത അദ്ദേഹം കുളച്ചൽ, വിഴിഞ്ഞം, പൂന്തുറ തുടങ്ങി നിലവിലുള്ള തുറമുഖങ്ങൾ മെച്ചപ്പെടുത്തി. വ്യാപാരപുരോഗതിക്കുവേണ്ടി വിഴിഞ്ഞം ഒരു ചെറിയ തുറമുഖമാക്കി വികസിപ്പിച്ച് അവിടെ കപ്പലുകൾ നിർമിക്കാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്തു. മലബാറിനെ അടിയറവ് പറയിച്ച് ആലുവവരെ മുന്നേറിയ ടിപ്പു സുൽത്താന്റെ മുന്നേറ്റത്തിനു തടയിടാൻ പര്യാപ്തമായ തരത്തിൽ പ്രതിരോധം സംഘടിപ്പിച്ചതും രാജാകേശവദാസന്റെ നേട്ടമാണ്. 'വലിയ ദിവാൻജി' എന്ന് ജനം ആദരപൂർവം വിളിച്ച അദ്ദേഹം രാജ്യപുരോഗതിക്കായി ബഹുവിധത്തിലുള്ള കർമപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കി. 1773ൽ അദ്ദേഹം സമഗ്രമായ ഒരു റവന്യു സർവേ നടത്തി. അനേകം തോടുകളും റോഡുകളും നിർമിച്ച് ഗതാഗതസൗകര്യംമെച്ചപ്പെടുത്തി വ്യാപാരത്തെ പ്രോത്സാഹിപ്പിച്ചു. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പുതിയ ഭൂമികൾ കൃഷിക്ക് അനുയോജ്യമാക്കിത്തീർത്തു. ഈ വിധത്തിൽ നാനാവിധ പ്രവർത്തനങ്ങളിലൂടെ ഉൽക്കൃഷ്ട സേവനം കാഴ്ചവച്ച ആ കർമയോഗിയെ പിൽക്കാലത്ത് ദുരന്തങ്ങൾ വേട്ടയാടി.
- ധർമരാജാവിന്റെ മരണശേഷം അദ്ദേഹത്തെ ഉപജാപകസംഘം അധികാരഭ്രഷ്ടനാക്കി. താമസിയാതെ തിരുവനന്തപുരത്ത് കോട്ടയ്ക്കകത്തെ വസതിയിൽ ദുരൂഹമായ സാഹചര്യത്തിൽ അന്തരിച്ചു (1799). ഡിലനോയിയുടെ സേവനവും ധർമരാജാവിന് മുതൽക്കൂട്ടായി. മൈസൂർപ്പടയുടെ മുന്നേറ്റത്തെ പ്രതിരോധിക്കുന്നതിൽ നിർണായക പങ്കുവഹിച്ച നെടുങ്കോട്ടയുടെ നിർമാണത്തിനു മേൽനോട്ടം വഹിച്ചത് ഡിലനോയിയാണ്. മഹാപണ്ഡിതനായും യോദ്ധാവായും കലാസാംസ്കാരിക പരിപോഷകനായും വാഴ്ത്തപ്പെടുന്ന ശ്രേഷ്ഠവ്യക്തിത്വമാണ് ധർമരാജാവിന്റേത്. സാമൂതിരിയെ പരാജയപ്പെടുത്തുകയും ടിപ്പുവിനെ പ്രതിരോധിക്കുകയും ചെയ്ത അദ്ദേഹം 1766ൽ രണ്ടാം തൃപ്പടിദാനവും നടത്തി. സ്വന്തം കൃതികളാൽ അദ്ദേഹം മലയാളസാഹിത്യത്തെ ധന്യമാക്കി. ഭരതമുനിയുടെ 'നാട്യശാസ്ത്ര'ത്തെ അദ്ദേഹം സംസകൃതത്തിൽ രചിച്ചതാണ് 'ബാലരാമഭരതം'. ബാലരാമവർമ രചിച്ച ആട്ടക്കഥകളാണ് രാജസൂയം, സുഭദ്രാഹരണം, പാഞ്ചാലീസ്വയംവരം, ബകവധം, കല്യാണസൗഗന്ധികം തുടങ്ങിയവ. കലാകാരന്മാരെ അദ്ദേഹം ആവുന്നത്ര പ്രോത്സാഹിപ്പിച്ചു. പ്രശസ്ത നടന്മാരെയും ഗായകരെയും മേളക്കാരെയും ഉൾപ്പെടുത്തി ഒരു കൊട്ടാരം കഥകളിയോഗം അദ്ദേഹം ഏർപ്പെടുത്തി. കുഞ്ചൻനമ്പ്യാർക്കും ഉണ്ണായി വാര്യർക്കും അദ്ദേഹത്തിന്റെ പ്രോത്സാഹനം ലഭിച്ചിരുന്നു. പണ്ഡിതന്മാരെയും കവികളെയും പ്രോത്സാഹിപ്പിക്കാനും പാരിതോഷികങ്ങൾ നൽകി ബഹുമാനിക്കാനും കാർത്തികതിരുനാൾ ഇടയ്ക്കിടെ പണ്ഡിതസദസ്സുകൾ വിളിച്ചുകൂട്ടാറുണ്ടായിരുന്നു. മറ്റു മതങ്ങളോടും അദ്ദേഹം ഔദാര്യപൂർവം പെരുമാറി. കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ ഒരു സുപ്രധാന അധ്യായമാണ് ധർമരാജാവിന്റെ ഭരണകാലം.

## ബാലരാമവർമ (1798-1810)

- ധർമരാജാവിനുശേഷം അധികാരത്തിൽ വരുമ്പോൾ ബാലരാമവർമയ്ക്കു 16 വയസ്സായിരുന്നു പ്രായം. അശക്തനും അപ്രാപ്യനുമായ ഭരണാധികാരിയായിരുന്നു അദ്ദേഹമെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നു. രാജ്യഭരണം ദുർഘടഘട്ടത്തിലായി. ജയന്തൻ ശങ്കരൻ നമ്പൂതിരി, ശങ്കരനാരായരൻ ചെട്ടി, മാത്തൂത്തരകൻ എന്നിവർ ചേർന്നുണ്ടായ ഒരു ഉപജാപകസംഘത്തിന്റെ കൈയിലായി ഭരണം. സ്വാർഥതാൽപര്യ സംരക്ഷണാർഥം അവർ കൈക്കൊണ്ട നടപടികൾ പെതുജനക്ഷേമത്തിന് പ്രതിലോമകരമായിത്തീർന്നു. ശൂന്യമായ ഖജനാവു നിറയ്ക്കാൻ പ്രധാന വ്യക്തികളിൽനിന്ന് നിർബന്ധിതമായി പണം കടംവാങ്ങുകയുംചെയ്തു. തലക്കുളം കാര്യക്കാരായിരുന്ന വേലുത്തമ്പിയോട് പണം കടംവാങ്ങിയത് കാര്യങ്ങൾ കീഴ്മേൽ മറിച്ചു. ഉപജാപകസംഘത്തിനെതിരെ ജനകീയ പ്രക്ഷോഭണം സംഘടിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. നാഞ്ചിനാട്ടിൽനിന്ന് ആയിരക്കണക്കിന് പ്രക്ഷോഭകാരികൾ വേലുത്തമ്പിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തെത്തി. ജനദ്രോഹികളായ മൂവർസംഘത്തെ നിഷ്കാസനംചെയ്ത് അവർക്ക് ഉചിതമായ ശിക്ഷ നൽകുന്നതിന് പ്രക്ഷോഭകാരികൾ രാജാവിനെ നിർബന്ധിതനാക്കി. പ്രക്ഷോഭം നയിച്ച ചിറയിൻകീഴ് ചെമ്പകരാമൻപിള്ളും തലക്കുളത്തു വേലുത്തമ്പിയും യഥാക്രമം വലിയ സർവാധികാര്യക്കാരായും മുളകുമടിശ്ശീല കാര്യക്കാരായും (വാണിജ്യമന്ത്രി) നിയമിക്കപ്പെട്ടു. 1801ൽ റസിഡന്റ് മെക്കാളെയുടെ അംഗീകാരത്തോടുകൂടി രാജാവ് വേലുത്തമ്പിയെ ദളവയാക്കി നിയമിച്ചു.
- 1809 വരെ തിരുവിതാംകൂർ ദളവാപട്ടം അലങ്കരിച്ച വേലുത്തമ്പിക്ക് കേരളചരിത്രത്തിലെ ധീരദേശാഭിമാനികൾക്കിടയിൽ സമുന്നതസ്ഥാനമാണുള്ളത്. 1795ലെ തിരുവിതാംകൂർ-ബ്രിട്ടീഷ് സഖ്യംമൂലം രാജ്യത്തിന്റെ പരമാധികാരം അടിയറവയ്ക്കപ്പെട്ടിരുന്നു. നയപരമായ എല്ലാക്കാര്യങ്ങളിലും ബ്രിട്ടീഷ് റസിഡന്റുമായി ആലോചിക്കേണ്ട സ്ഥിതിവന്നു. ഈ സാഹചര്യത്തിൽ ഭരണമേറ്റ വേലുത്തമ്പിക്ക് ഒട്ടേറെ വിഷയഘട്ടങ്ങളെ അതിജീവിക്കേണ്ടിവന്നു. ജനക്ഷേമകരമായ പല പരിഷ്കാരങ്ങളും വേലുത്തമ്പി നടപ്പാക്കി. അഴിമതിക്കാരും സത്യസന്ധരല്ലാത്തവരുമാ



യ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ട് അദ്ദേഹം ഭരണരംഗം ശുദ്ധീകരിച്ചു. പുതിയൊരു സർവേ നടത്തി ഭൂമിവിസ്തീർണം നിജപ്പെടുത്തിയ അദ്ദേഹം നികുതിവിഭാഗം പുനസ്സംഘടിപ്പിക്കുകയും നികുതിയുടെ കൃത്യമായ സംഭരണം ഉറപ്പുവരുത്തുകയും ചെയ്തു. ഇതുമൂലം ഭൂനികുതിയിനത്തിൽ സാരമായ വർധനവുണ്ടായി. രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയും മെച്ചപ്പെട്ടു. വ്യാവസായികകാര്യങ്ങളിൽ അദ്ദേഹം പ്രത്യേക ശ്രദ്ധപതിപ്പിച്ചു. വ്യവസായ പുരോഗതിക്കായി ഗതാഗതസൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി.പട്ടണങ്ങളുടെ വികസനത്തിലും അദ്ദേഹം ശ്രദ്ധിച്ചു. തിരുവനന്തപുരം നഗരം നന്നാക്കി. കോട്ടയ്ക്കകത്തെ അസംബ്ലി ഹാൾ ഉൾപ്പെടെ നിരവധി സർക്കാർ കെട്ടിടങ്ങൾ നിർമിച്ച് തലസ്ഥാനനഗരത്തിന്റെ പ്രൗഢി കൂട്ടി. കൊല്ലത്ത് ഹജൂർകച്ചേരി സ്ഥാപിക്കുകയും പുതിയ കമ്പോളങ്ങൾ നിർമിക്കുകയും മറ്റു സ്ഥലങ്ങളിൽ നിന്ന് വ്യാപാരികളെ ക്ഷണിച്ചുവരുത്തി കച്ചവടസൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ആലപ്പുഴ നഗരത്തിന്റെയും തുറമുഖത്തിന്റെയും വികസനത്തിലും വേലുത്തമ്പി വളരെ താൽപര്യം കാണിച്ചു. വ്യവസായനഗരത്തെ പല ദിക്കുകളുമായി ബന്ധപ്പെടുന്ന തരത്തിൽ ധാരാളം റോഡുകൾ അദ്ദേഹം നിർമിച്ചു. ചങ്ങനാശ്ശേരിയിലും തലയോലപ്പറമ്പിലും ആലങ്ങാട്ടും ഓരോ വലിയ കമ്പോളം സ്ഥാപിച്ചു.

- ആലപ്പുഴയുടെ വടക്കുഭാഗത്തായി ചില തുരുത്തുകളിലുണ്ടായിരുന്ന മുൾക്കാടുകൾ നശിപ്പിച്ച് ആ സ്ഥലം കൃഷിയോഗ്യമാക്കിയത് ഇദ്ദേഹമാണ്. ഈ രീതിയിൽ വിജയകരമായി ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ വേലുത്തമ്പിക്ക് അഭിമുഖീകരിക്കേണ്ടിവന്ന ഒരു പ്രശ്നം ബ്രിട്ടീഷ് ഗവൺമെന്റിന് കൊടുക്കാനുണ്ടായിരുന്ന കപ്പക്കുടിശ്ശികയായിരുന്നു. ഭരണച്ചെലവു വെട്ടിച്ചുരുക്കി പണം കണ്ടെത്താനുള്ള അദ്ദേഹത്തിന്റെ ശ്രമം പ്രശ്നങ്ങൾക്ക് കാരണമായി. ദളവയുടെ ശത്രുക്കൾ ഈയവസരമുപയോഗിച്ച് ജനങ്ങളെ ഇളക്കിവിട്ടു. തടവിലാക്കപ്പെട്ടവരെ തുറന്നുവിടുകയും പട്ടാളക്കാർ താവളം വിട്ടുപോവുകയും ചെയ്തു. ലഹളക്കാർ ഒരുമിച്ച് തിരുവനന്തപുരത്തെത്തി.
- ദളവയെ നീക്കംചെയ്ത് പകരം സൈന്യമേധാവികൾ തെരഞ്ഞെടുക്കുന്ന ഒരാളെ മന്ത്രിയാക്കണമെന്ന് കലാപകാരികൾ രജാവിനോടാവശ്യപ്പെട്ടു. വേലുത്തമ്പി മെക്കാളെയുടെ സഹായത്തോടെ ലഹള അമർച്ചചെയ്തു. സൈനികരുടെ തലവനായിരുന്ന കൃഷ്ണപിള്ളയെ ദാരുണമാംവിധം കൊലചെയ്തു. തിരുവിതാംകൂറിന്റെ ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർക്ക് അധികാരമുണ്ടാകണമെന്ന് ഒരാശയം മെക്കാളെ മുന്നോട്ടുവെച്ചു. ഒടുവിൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പിൽക്കാലത്ത് തികഞ്ഞ അപകടത്തിനു വഴിവച്ച പത്ത് നിബന്ധനകളിൽ ഒപ്പുവയ്ക്കാൻ മഹാരാജാവ് നിർബന്ധിതനായി. നിബന്ധനകൾ ഒപ്പുവച്ചെങ്കിലും (1805) കപ്പക്കുടിശ്ശികയുടെ കാര്യത്തിൽ മെക്കാളെയും വേലുത്തമ്പിയും ഇടഞ്ഞു. തമ്പിയെ ദളവാപദത്തിൽനിന്നും നീക്കം ചെയ്യണമെന്ന് മെക്കാളെ രാജാവിനോടാവശ്യപ്പെട്ടു. കൊട്ടാരത്തിലെ സ്വർണം പണയംവച്ച് കപ്പം കുടിശ്ശിക കുറെയൊക്കെ അടച്ചു. എന്നിട്ടും മെക്കാളെയും നീരസം കെട്ടടങ്ങിയില്ല. വേലുത്തമ്പി തന്ത്രപൂർവം ആയുധബലം ഗണ്യമായി വർധിപ്പിക്കുകയും കോട്ടകൾ കെട്ടുകയും ചെയ്തു. 1805ലെ ഉടമ്പടിയിലെ നിബന്ധനകൾ മറികടന്ന് വേലുത്തമ്പി കൊച്ചി ദിവാൻ പാലിയത്തച്ചനുമായിച്ചേർന്ന് ശക്തമായ ആക്രമണത്തിന് തുടക്കം കുറിച്ചു. മെക്കാളെയും വധിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെട്ടു. പിന്നീട് വേലുത്തമ്പി കൊല്ലത്ത് തമ്പടിച്ചിരുന്ന കമ്പനി സൈന്യത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഏറ്റുമുട്ടലിൽ വേലുത്തമ്പിക്ക് വിജയിക്കാൻ കഴിഞ്ഞില്ല. ബ്രിട്ടീഷ് സൈന്യത്തെ നേരിടുന്നതിന് സജ്ജരാകാൻ ജനങ്ങളോട് ആഹ്വാനംചെയ്തുകൊണ്ട് 1809 ജനുവരി പതിനൊന്നിന് വേലുത്തമ്പി കുണ്ടറ വിളംബരം നടത്തി. ഇത് ജനങ്ങളെ സംഘടിതരും ആവേശഭരിതരുമാക്കി. കൊല്ലത്തും കൊച്ചിയിലും തിരുവിതാംകൂർ സൈന്യം പരാജയപ്പെട്ടു. പാലിയത്തച്ചൻ ബ്രിട്ടീഷുകാർക്ക് കീഴടങ്ങി.
- ആരുവാമൊഴിയിൽവച്ച് തിരുനെൽവേലിയിൽനിന്നുള്ള സൈന്യവുമായുള്ള ഏറ്റുമുട്ടലിലും തിരുവിതാംകൂർ പരാജയപ്പെട്ടു. തുടർന്ന് ഉമ്മിണിത്തമ്പിയുടെ നിർദേശാനുസരണം രാജാവ് വേലുത്തമ്പിയെ ദളവാസ്ഥാനത്തുനിന്നു മാറ്റി. 1809 മാർച്ച് 18ന് ഉമ്മിണിത്തമ്പിയെ ദിവാനായി നിയമിച്ചു. വേലുത്തമ്പിയെ നശിപ്പിക്കാനാണ് ഉമ്മിണിത്തമ്പി ശ്രദ്ധ കേന്ദ്രീകരിച്ചത്. വേലുത്തമ്പിയുടെ തലയ്ക്ക് 10000 രൂപ വിലപറഞ്ഞു. ജീവനോടെ ബ്രിട്ടീഷുകാർക്ക് കീഴടങ്ങുകയില്ലെന്ന് പ്രതിജ്ഞചെയ്ത വേലുത്തമ്പി ഒളിവിൽ കഴിഞ്ഞു. തന്റെ ഉടവാൾ അദ്ദേഹം കിളിമാനൂർ കോയിത്തമ്പുരാനെ ഏൽപിച്ചു. മണ്ണടി ഭഗവതിക്ഷേത്രത്തിൽ ഒളിവിൽ കഴിഞ്ഞിരുന്ന അദ്ദേഹത്തെ 1809 ഏപ്രിൽ എട്ടിന് ശത്രുക്കൾ വളഞ്ഞു. ശത്രുക്കളുടെ പിടിയിൽപ്പെടുമെന്നുറപ്പായപ്പോൾ ഉറയിൽ സൂക്ഷിച്ചിരുന്ന കഠാര നെഞ്ചിൽ കുത്തിയിറക്കി. അതുകൊണ്ടും ജീവൻ പോകാത്തതുകാരണം അദ്ദേഹത്തിന്റെ അഭ്യർഥനപ്രകാരം അനുജൻ പത്മനാഭൻതമ്പി ശിരസ്സ് വെട്ടിമാറ്റി. ബ്രിട്ടീഷുകാർ തമ്പിയുടെ മൃതദേഹം തിരുവനന്തപുരത്ത് കൊണ്ടുവന്ന് കഴുമരത്തിൽ കെട്ടിത്തൂക്കി പ്രതികാരം തീർത്തു. അനുജൻ പത്മനാഭൻതമ്പിയെ കൊല്ലത്തുവച്ച് വധിച്ചു. വേലുത്തമ്പിയുടെ വീട് ഇടിച്ചുനിരത്തുകയും ബന്ധുക്കളെ മാലദ്വീപിലേക്ക് നാടുകടത്തുകയുംചെയ്തു.
- വേലുത്തമ്പിക്കുപകരം ദിവാനായ ഉമ്മിണിത്തമ്പി ബുദ്ധിയും സാമർഥ്യവും രാജ്യത്തിന്റെ പൊതുസ്ഥിതിയെപ്പറ്റി ധാരണയുള്ള ആളായിരുന്നു. എങ്കിലും, തന്റെ മുൻഗാമിയേക്കാൾ പ്രഗല്ഭനാണെന്നു വരുത്താനുള്ള ആഗ്രഹവും അധികാരത്തിനുവേണ്ടിയുള്ള ദുർമോഹവും അദ്ദേഹത്തെ പിടികൂടിയിരുന്നു. ഈ ലക്ഷ്യത്തോടെ ഭരണസമ്പ്രദായം ആകെ അഴിച്ചുപണിയാൻ അദ്ദേഹം തീരുമാനിച്ചു. മഹാരാജാവിന്റെ പ്രീതിക്കു പാത്രമായിരുന്ന ഉമ്മിണിത്തമ്പിക്ക് തന്നിഷ്ടങ്ങൾ നടപ്പാക്കാൻ മഹാരാജാവിൽനിന്ന് യാതൊരു തടസ്സവുമുണ്ടായില്ല. ഉമ്മിണിത്തമ്പിയുടെ നടപടികളിൽ പലതും രാജ്യക്ഷേമത്തിന് വളരെ അനുയോജ്യമായിരുന്നു. പൊലീസ് സംവിധാനത്തിന്റെ പ്രാക്രൂപമായ 'കാവൽ' ആവിഷ്കരിച്ചത് ഉമ്മിണിത്തമ്പിയാണ്. നീതിന്യായസംവിധാനം കാര്യക്ഷമമാക്കുന്നതിന് രാജ്യത്ത് ജില്ലാ ജയിലുകൾ സ്ഥാപിച്ചു. സർക്കാർ നടപടികൾക്കെതിരെ സംഘടിതമായി പ്രതിഷേധിക്കാൻ നാഞ്ചിനാട്ട് ജനങ്ങൾക്കുണ്ടായിരുന്ന അവകാശം നിർത്തലാക്കി. നെയ്യാറ്റിൻകരയ്ക്കും തിരുവനന്തപുരത്തിനും ഇടയ്ക്കുണ്ടായിരുന്ന കാടുകൾ വെട്ടിത്തെളിച്ച് വാസയോഗ്യമാക്കി അവിടെ കമ്പോളങ്ങളും അഗ്രഹാരങ്ങളും കൊട്ടാരങ്ങളും സംഭരണശാലകളും ഉണ്ടാക്കിയതിനുപുറമെ ആ സ്ഥലത്ത് നെയ്ത്തുകാരെ കുടിപാർപ്പിക്കുവാൻ ഇടപാടും ചെയ്തു. രാജാവിന്റെ നാമധേയത്തിൽ ആ പ്രദേശത്തിന് ബാലരാമപുരമെന്ന് പേരിടുകയും ചെയ്തു. വിഴിഞ്ഞം ഒരു തുറമുഖമായും വ്യവസായകേന്ദ്രമായും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു.

**(തുടരും)**

## ഇൻറർവ്യൂ പ്രോഗ്രാം – മാർച്ച് 2021

**കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം**

| Sl. No | Category No | Name of Post & Dept. | Date 2021 March |
|---|---|---|---|
| 1. | 549/17 | Junior Instructor (Machinist in Industrial Training Department) | 02,03,04,09 |
| 2. | 547/17 | Junior Instructor (Electronic Mechanic in Industrial Training Department | 02,03,04 |
| 3. | 408/19 | LD Typist (By Transfer in Kerala Water Authority) | 09 |
| 4. | 491/19 | Higher Secondary School Teacher Junior Russian in Kerala Higher Secondary Education | 09 |
| 5. | 387/18 | Sales Assistant (Society Category) in Kerala State Co-operative Coir Marketing Federation Ltd. | 09 |
| 6. | 394/18 | Junior Steno Typist (NCA-LC/AI) in Kerala Minerals and Metals Limited | 09 |
| 7. | | Departmental Test for Divisional Accountant October 2019 & August 2020 in Kerala General Service (Viva Voce) | 09,10 |
| 8. | 553/17 | Welfare Organiser in Sainik Welfare Department (Thiruvananthapuram Dist) | 09,10 |
| 9. | 444/19 | Gardener NCA E/T/B in Kerala Tourism Development Corporation | 10 |
| 10. | 81/20 | Veterinary Surgeon Gr.II (III NCA-ST) in Animal Husbandry Department. | 10 |
| 11. | 115/17 | Sergeant in Various Dept (Kollam Dist)* | 10 |

**കെപിഎസ്‌സി റീജണൽ ആഫീസ്, എറണാകുളം**

| Sl. No | Category No | Name of Post & Dept. | Date 2021 March |
|---|---|---|---|
| 1. | 374/17 | Junior Instructor (Operator Advanced Machine Tools) in Industrial Training Department | 02.03,04 |

**കെപിഎസ്‌സി ജില്ലാ ആഫീസ്, എറണാകുളം**

| Sl. No | Category No | Name of Post & Dept. | Date 2021 March |
|---|---|---|---|
| 1. | 553/17 | Welfare Organiser in Sainik Welfare Department (Palakkad Dist.) | 09 |
| 2. | 553/17 | Welfare Organiser in Sainik Welfare Department (Kottayam Dist.) | 10 |
| 3. | 589/19 | Full Time Junior Language Teacher - Arabic LPS II NCA Viswakarma in Education Department (Palakkad Dist.) | 10 |
| 4. | 584/19 | Full Time Junior Language Teacher - Arabic LPS II NCA SC in Education Department (Palakkad Dist.) | 10 |
| 5. | 588/19 | Full Time Junior Language Teacher - Arabic LPS II NCA OBC in Education Department (Kollam Dist.) | 10 |
| 6. | 584/19 | Full Time Junior Language Teacher - Arabic LPS II NCA SC in Education Department (Kollam Dist.) | 10 |
| 7. | 627/19 | Part Time Junior Language Teacher (Arabic) LPS, II NCA-SC in Education Department (Kollam Dist.) | 10 |
| 8. | 627/19 | Part Time Junior Language Teacher (Arabic) LPS, II NCA-SC in Education Department (Alappuzha Dist) | 10 |

**കെപിഎസ്‌സി റീജണൽ ആഫീസ്, കോഴിക്കോട്**

| Sl. No | Category No | Name of Post & Dept. | Date 2021 March |
|---|---|---|---|
| 1. | 571/17 | Junior Instructor (Tool and Die maker) in Industrial Training Department | 02,03,04 |
| 2. | 367/17 | Junior Instructor Bakery and Confectionery in Industrial Training Department | 09 |
| 3. | 376/17 | Junior Instructor Agro Processing in Industrial Training Department | 10 |

**കെപിഎസ്‌സി ജില്ലാ ആഫീസ്, കോഴിക്കോട്**

| Sl. No | Category No | Name of Post & Dept. | Date 2021 March |
|---|---|---|---|
| 1. | 584/19 | Full Time Junior Language Teacher - Arabic LPS II NCA SC in Education Department (Kozhikkode Dist) | 09 |
| 2. | 589/19 | Full Time Junior Language Teacher - Arabic LPS II NCA Viswakarma in Education Department (Kozhikkode Dist) | 09 |
| 3. | 590/19 | Full Time Junior Language Teacher - Arabic LPS II NCA LC/AI in Education Department (Kozhikkode Dist) | 09 |
| 4. | 587/19 | Full Time Junior Language Teacher - Arabic LPS II NCA E/T/B in Education Department (Wayanad Dist) | 09 |
| 5. | 590/19 | Full Time Junior Language Teacher - Arabic LPS II NCA LC/AI in Education Department (Wayanad Dist) | 09 |
| 6. | 631/19 | Part Time Junior Language Teacher (Arabic) UPS, VI th NCA-SC in Education Department (Kasaragode Dist.) | 09 |
| 7. | 584/19 | Full Time Junior Language Teacher - Arabic LPS II NCA SC in Education Department (Kannur Dist) | 09 |
| 8. | 588/19 | Full Time Junior Language Teacher - Arabic LPS II NCA OBC in Education Department (Malappuram Dist) | 09 |
| 9. | 589/19 | Full Time Junior Language Teacher - Arabic LPS II NCA Viswakarma in Education Department (MalappuramDist) | 09 |
| 10. | 590/19 | Full Time Junior Language Teacher - Arabic LPS II NCA LC/AI in Education Department (Malappuram Dist) | 09 |
| 11. | 627/19 | Part Time Junior Language Teacher (Arabic) LPS, II NCA-SC in Education Department (MalappuramDist) | 09 |
| 12. | 607/19 | Part Time High School Teacher Urdu II NCA SC in Education Department (Kozhikkode Dist.) | 10 |
| 13. | 587/19 | Full Time Junior Language Teacher - Arabic LPS II NCA E/T/B in Education Department (Kozhikkode Dist) | 10 |

** Denotes that Examination was conducted Online*

# LANGUAGE CORNER

**ഇംഗ്ലീഷ്, മലയാളം ഭാഷകളിലെ വ്യാകരണ ശൈലിയിലും അതിന്റെ പ്രയോഗങ്ങളിലുമുള്ള വൈകല്യങ്ങളെ ലളിതമായി അനാവരണം ചെയ്യുന്ന പംക്തി**

**അരുൺ ജി മംഗലത്ത്, ഷിബു എ എസ്**

## English made easy 20

### Conversion of Simple/Compound/ Complex Sentences

**A. Simple sentence into Compound sentence**

ഒരു Principal/main clause മാത്രമുള്ളതാണ് simple sentence.

Eg: In spite of his poverty he is trustworthy.

ഒന്നോ അതിലധികമോ main clauses co- ordinate clauses ഉമായി ചേരുന്നതാണ് compound sentence. Co-ordinate clauses, *and, yet, but, or, or else, otherwise, as well as, not only....... but also......., either.... or....., neither........ nor.........* തുടങ്ങിയ co-ordinating conjunctions ന്റെ സഹായത്താൽ main clause നോട് ചേരുന്നു.

Eg: He is poor yet he is trustworthy.

ഒരു word or phrase co-ordinate clause നോടു കൂട്ടിച്ചേർത്ത് simple sentence നെ compound sentence ആക്കിമാറ്റാം.

മത്സരപരീക്ഷകളിൽ ചോദിച്ചുവരുന്ന ചില conversions നമുക്ക് പരിശോധിക്കാം.

I. The sun having risen the fog disappeared. (Simple)
The sun rose and the fog disappeared. (Compound)

II. Besides being beautiful she is intelligent. (Simple)
She is beautiful as well as she is intelligent. (Compound)

III. The chief rewarded the officer for his excellent wok. (Simple)
The officer did excellent wok and so the officer rewarded him. (Compound)

IV. Seeing a lion he fled away. (Simple)
He saw a lion and he fled away. (Compound)

V. Notwithstanding his problems he is trying again. (Simple)
He has problems yet he is trying again. (Compound)

VI. You should work hard to achieve your goal. (Simple)
You should work hard or you can't achieve your goal. (Compound)

VII. The officer punished the boy for his misbehaviour. (Simple)
The boy misbehaved so the officer punished him. (Compound)

ഇതുപോലെ compound sentences നെ simple ആക്കിയും convert ചെയ്യാം. Compound sentences ലുള്ള finite verbs ൽ ഒന്നിനെ non finite ആക്കാൻ ശ്രദ്ധിക്കണമെന്നുമാത്രം. കാരണം, simple sentence ൽ ഒരു finite verb മാത്രമേ പാടുള്ളു.

Eg: I. He finished his work and put away the tools. (Compound)
Having finished his work he put away the tools. (Simple)

II. Not only did her mother give her gift but her sister also did the same. (Compound)
Besides her mother giving her gift her sister also did the same. (Simple)

III. She must not be late or she will be fined. (Compound)
In the event of her being late she will be fined. (Simple)

IV. You must either pay the rent at once or vacate the room. (Compound)
Failing prompt payment you must vacate the room. (Simple)

V. You must eat or you cannot live. (Compound)
You must eat to live. (Simple)

**B. Compound sentences into complex sentences**

Coordinating conjunctions ന്റെ സഹായത്താൽ രൂപപ്പെടുന്ന compound sentences ലെ co - ordinate clause നെ subordinating conjunctions ഉപയോഗിച്ച് subordinate clauses ആക്കുക എന്നതാണ് compound sentences നെ complex sentences ആക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്. *Unless, as, that, because, as soon as, if, as if, so that; relative cojunctions ആയ what, when, where, how, who, whose, whom* എന്നിങ്ങനെ co-ordinating conjunctions അല്ലാത്ത എല്ലാ conjunctions ഉം subordinating ആണ്.

*ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:*

I. Run fast or you will miss the train. (Compound)
Unless you run fast you will miss the train. (Complex)

II. I am not well so I cannot come to the office. (Compound)
I cannot come to the office as I am not well. (Complex)

III. She was ill so I helped her. (Compound)
I helped her because she was ill. (Complex)

IV. Check his room and you will find the money. (Compound)
If you check his room you will find the money. (Complex)

V. He is innocent and I know it. (Compound)
I know that he is innocent. (Complex)

VI. She lost her book and she found it. (Compound)
She found her book that she lost. (Complex)

ഇതുപോലെ complex sentences ലെ subordinating conjunctions മാറ്റി coordinating conjunctions ഉപയോഗിച്ചാൽ അവയെ compound sentences ഉം ആക്കാം.

Eg: I. I am certain you have stolen my purse. (Complex)
You have stolen my purse and of this I am certain. (Compound)

II. I am glad that he has recovered from cholera. (Complex)
He has recovered from cholera and I am glad of that. (Compound)

III. We can prove that the sun rises in the east. (Complex)
The sun rises in the east and we can prove that. (Compound)

IV. I have found the bag that I had lost. (Complex)
I had lost the bag but I have found it. (Compound)

V. As soon as she got the message she left in a car. (Complex)
She got the message and immediately she left in a car. (Compound)

**C. Simple sentences into complex sentences**

ഒരു simple sentence നെയും complex sentence ആയി convert ചെയ്യാം. ഇതിനായി simple sentence ലെ ഒരു word നെയോ phrase നെയോ വിപുലീകരിച്ച് subordinate clause ആക്കേണ്ടിവരും.

*ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:*

I. I know his address. (Simple)
I know what his address is. (Complex)

II. She accepted her guilt. (Simple)
She accepted that she was guitly. (Complex)

III. You should work hard to achieve your goal. (Simple)
You should work hard so that you can achieve your goal. (Complex)

IV. He is too poor to pay his fees. (Simple)
He is so poor that he cannot pay his fees. (Complex)

V. This is my office. (Simple)
This is the office where I work. (Complex)

ഇതുപോലെ complex sentences നെ simple sentences ആയും convert ചെയ്യാം.

Eg: I. Tell me where you live. (Complex)
Tell me your address. (Simple)

II. He commented how beautiful the girl was. (Complex)
He commented on the girl's beauty. (Simple)

III. I have no advice that I can offer her. (Complex)
I have no advice to offer her. (Simple)

IV. The time which is lost is lost for ever. (Complex)
A lost time is lost for ever. (Simple)

V. You can eat as much as you like. (Complex)
You can eat to your heart's content. (Simple)

VI. He was so tired that he couldn't walk. (Complex)
He was too tired to walk. (Simple)

(..... തുടരും)

# സുന്ദരമലയാളം

**വാക്പ്രയോഗങ്ങളിലെ ശരിയും തെറ്റും.**

കഴിഞ്ഞലക്കത്തിൽ *'ച'* എന്ന അക്ഷരത്തിൽ ത്തുടങ്ങുന്ന ചില വാക്കുകൾ പരിശോധിച്ചിരുന്നല്ലോ. കൂടുതൽ വാക്കുകൾ ഈ ലക്കത്തിലുംനോക്കാം.

| തെറ്റ് | ശരി |
|---|---|
| ചാക്യാർ കൂത്ത് | ചാക്യാർകൂത്ത് |
| ചാക്കിൽ കയറ്റുക | ചാക്കിൽക്കയറ്റുക |
| ചാക്കിട്ടു പിടിക്കുക | ചാക്കിട്ടുപിടിക്കുക |
| ചാക്കിട്ടു പിടുത്തം | ചാക്കിട്ടുപിടിത്തം |
| ചാടി കടിക്കുക | ചാടിക്കടിക്കുക |
| ചാടി കയറി പറയുക | ചാടിക്കയറിപ്പറയുക |
| ചാടിച്ചാടി നടക്കുക | ചാടിച്ചാടിനടക്കുക |
| ചാടി പുറപ്പെടുക | ചാടിപ്പുറപ്പെടുക |
| ചാടി പൊങ്ങുക | ചാടിപ്പൊങ്ങുക |
| ചാണക കുഴി | ചാണകക്കുഴി |
| ചാപ്പ കുത്തുക | ചാപ്പകുത്തുക |
| ചാരിത്ര്യ ഭംഗം | ചാരിത്ര്യഭങ്ഗം |
| ചാരു കസേര | ചാരുകസേര |
| ചികിത്സാ ചെലവ് | ചികിത്സച്ചെലവ് |
| ചികിത്സാ പിഴവ് | ചികിത്സപ്പിഴവ് |
| ചികിത്സക്കാര്യം | ചികിത്സാകാര്യം |
| ചികിത്സ ക്രമം | ചികിത്സാക്രമം |
| ചികിത്സഗ്രന്ഥം | ചികിത്സാഗ്രന്ഥം |
| ചികിത്സാ ഗൃഹം | ചികിത്സാഗൃഹം |
| ചികിത്സാ നൈപുണ്യം | ചികിത്സാനൈപുണ്യം |
| ചികിത്സാ പദ്ധതി | ചികിത്സാപദ്ധതി |
| ചികിത്സാ വിദഗ്ധൻ | ചികിത്സാവിദഗ്ധൻ |
| ചിക്കി ചികയുക | ചിക്കിച്ചികയുക |
| ചിക്കി പരത്തുക | ചിക്കിപ്പരത്തുക |
| ചിങ്ങപ്പഴം | ചിങ്ങമ്പഴം |
| ചിതറി വീഴുക | ചിതറിവീഴുക |
| ചിത്രപൂർണ്ണിമ | ചിത്രാപൂർണ്ണിമ |
| ചിദ് രൂപം | ചിദ്രൂപം |
| ചിദ് ശക്തി | ചിച്ഛക്തി |
| ചില്ലറകച്ചവടം | ചില്ലറക്കച്ചവടം |
| ചില്ലു കൂട് | ചില്ലുകൂട് |
| ചില്ലു പാത്രം | ചില്ലുപാത്രം |
| ചീട്ടുകൊട്ടാരം | ചീട്ടുകൊട്ടാരം |
| ചീത്തത്വം | ചീത്തത്തം |
| ചീനഭരണി | ചീനബ്ഭരണി |
| ചുക്കി ചുളിഞ്ഞ | ചുക്കിച്ചുളിഞ്ഞ |
| ചുക്കു കാപ്പി | ചുക്കുകാപ്പി |
| ചുട്ടി കുത്തുക | ചുട്ടികുത്തുക |
| ചുണ്ണാമ്പു കല്ല് | ചുണ്ണാമ്പുകല്ല് |
| ചുണ്ണാമ്പു പാത്രം | ചുണ്ണാമ്പുപാത്രം |
| ചുമടു താങ്ങി | ചുമടുതാങ്ങി |
| ചുമതലാബോധം | ചുമതലബോധം |
| ചുരണ്ടി നോക്കുക | ചുരണ്ടിനോക്കുക |
| ചുരുക്കിപറയുക | ചുരുക്കിപ്പറയുക |
| ചുരുൾ മുടി | ചുരുൾമുടി |
| ചുഴലികൊടുങ്കാറ്റ് | ചുഴലിക്കൊടുങ്കാറ്റ് |
| ചുഴലി ദീനം | ചുഴലിദ്ദീനം |
| ചുറ്റിപ്പറ്റിനടക്കുക | ചുറ്റിപ്പറ്റിനടക്കുക |
| ചുറ്റിസഞ്ചരിക്കുക | ചുറ്റിസ്സഞ്ചരിക്കുക |
| ചൂണ്ട ചരട് | ചൂണ്ടച്ചരട് |
| ചൂണ്ടി കാണിക്കുക | ചൂണ്ടിക്കാണിക്കുക |
| ചൂണ്ടി പറയുക | ചൂണ്ടിപ്പറയുക |
| ചൂരൽ കട്ടിൽ | ചൂരൽക്കട്ടിൽ |
| ചൂരൽ കസേര | ചൂരൽക്കസേര |
| ചൂഴ്ന്നു നിൽക്കുക | ചൂഴ്ന്നുനിൽക്കുക |
| ചൂഴ്ന്നു നോക്കുക | ചൂഴ്ന്നുനോക്കുക |
| ചങ്ങാത്തം | ചെങ്ങാത്തം |
| ചെടി ചട്ടി | ചെടിച്ചട്ടി |
| ചെണ്ടകൊട്ടിക്കുക | ചെണ്ട കൊട്ടിക്കുക |
| ചെത്തു കത്തി | ചെത്തുകത്തി |
| ചെത്തു കള്ള് | ചെത്തുകള്ള് |
| ചെപ്പടി വിദ്യ | ചെപ്പടിവിദ്യ |
| ചുവപ്പ് | ചെമപ്പ് |
| ചെയ്തു കൂട്ടുക | ചെയ്തുകൂട്ടുക |
| ചെയ്തു നോക്കുക | ചെയ്തുനോക്കുക |
| ചെരുപ്പ് | ചെരിപ്പ് |
| ചെരുപ്പുകുത്തി | ചെരിപ്പുകുത്തി |
| ചിലവ് | ചെലവ് |
| ചെവി കടിയ്ക്കുക | ചെവികടിക്കുക |
| ചെവി കൊടുക്കുക | ചെവികൊടുക്കുക |
| ചെവി കൊള്ളുക | ചെവിക്കൊള്ളുക |
| ചെറിയ പെരുന്നാൾ ആശംസകൾ | ചെറിയപെരുന്നാളാ–ശംസകൾ |
| ചെറ്റത്തരം | ചെറ്റത്തം |

(തുടരും)

**തിരുത്ത്**

കഴിഞ്ഞ ലക്കത്തിലെ സുന്ദരമലയാളത്തിൽ ശരിയുടെ ഭാഗത്ത് 'ഗാന്തിത്തൊപ്പി' എന്നച്ചടിച്ചു വന്നത് 'ഗാന്ധിത്തൊപ്പി' എന്നും 'ചക്കി പൂച്ച' എന്ന തെറ്റിന്റെ ശരിയായ രൂപം ചക്കിപ്പരുന്ത് എന്നത് 'ചക്കിപ്പൂച്ച' എന്നും തിരുത്തി വായിക്കാനപേക്ഷ.

*– എഡിറ്റർ*

# കേരള പബ്ലിക് സർവീസ് കമ്മിഷൻ

## 2016 മെയ് മുതൽ 2020 ഡിസംബർ വരെയുള്ള

# പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ



## വിജ്ഞാപനങ്ങൾ

2913 വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും ആയതിലേയ്ക്കായി 42,480,324 അപേക്ഷകൾ ലഭിക്കുകയും ചെയ്തു.

## പരീക്ഷകൾ

2139 പരീക്ഷകൾ നടക്കുകയും 21,276,816 ഉദ്യോഗാർത്ഥികളെ പരീക്ഷയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

## ചുരുക്ക പട്ടിക / സാധ്യതാപട്ടിക

2396 ചുരുക്കപട്ടികസാധ്യതാപട്ടികകൾ പ്രസിദ്ധീകരിക്കുകയും ടി പട്ടികകളിൽ 6,98,604 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുകയും ചെയ്തു.

## റാങ്ക് പട്ടികകൾ

4012 റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## എഴുതി അറിയിക്കപ്പെട്ട ഒഴിവുകൾ

155,891 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്.

## നിയമനശിപാർശകൾ

153,008 പേർക്ക് നിയമന ശിപാർശ നൽകി.

## ഇന്റർവ്യൂ

2138 ഇന്റർവ്യൂകളിലായി 131,268 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി.

## കോവിഡ് പ്രതിസന്ധി കാലത്തും പി.എസ്.സി. സജീവം

കോവിഡ് കാലത്ത് രാജ്യം മുഴുവൻ നിലച്ചുനിന്ന അവസ്ഥയിലും കേരള പബ്ലിക് സർവീസ് കമ്മിഷൻ തീരുമാനിച്ച പ്രവർത്തനലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പ്രവർത്തനസജ്ജമായിരുന്നു. ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ലോക്ഡൗൺ കാലത്തും അത്യാവശ്യ ജീവനക്കാരെ ഓഫീസിൽ വരുത്തി അസിസ്റ്റന്റ് സർജൻ ഉൾപ്പടെയുള്ള തസ്തികകളിലായി 1275 ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്തു (2020 മാർച്ച് മുതൽ ഏപ്രിൽ 5 വരെ). കമ്മീഷന്റെ വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് വർക്ക് ഫ്രം ഹോം സംവിധാനത്തിലൂടെ ഓഫീസ് ജോലികൾ നിർവഹിക്കുന്നതിനായുള്ള ലാപ്ടോപ്പ്/ഇന്റർനെറ്റ് സംവിധാനങ്ങൾ ക്രമീകരിച്ചു നൽകി.

ഈ കാലഘട്ടത്തിൽ (2020 ജനുവരി മുതൽ ഡിസംബർ വരെ) 156 പരീക്ഷകൾ നടത്താനും 496 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുവാനും 417 പുതിയ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുവാനും കഴിഞ്ഞത് ശ്രദ്ധേയമാണ്. കോവിഡ് വർഷമായ 2020 ൽ മാത്രം 25914 പേരെ നിയമനശിപാർശ ചെയ്തത് പ്രതിസന്ധിഘട്ടത്തെ നിശ്ചയദാർഢ്യത്തോടെ മറികടന്നതുകൊണ്ടാണ്.

## വകുപ്പുതല പരീക്ഷകൾ

ഒ.എം.ആർ രീതിയിൽ നടന്നുവന്നിരുന്ന വകുപ്പുതല പരീക്ഷകൾ 2019 ജനുവരി വിജ്ഞാപനം മുതൽ ഓൺലൈൻ രീതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ 2020 ജൂലൈ വിജ്ഞാപനപ്രകാരമുള്ള പരീക്ഷകൾ കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ രീതിയിലും കൂടുതൽ പരീക്ഷാർത്ഥികളുള്ള പരീക്ഷകൾ ഒ.എം.ആർ. രീതിയിലുമാണ് നിശ്ചയിച്ചിട്ടുള്ളത്.

ഒ.എം.ആർ പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ പകർപ്പ് നൽകുക, ഓൺലൈൻ പരീക്ഷകളുടെ Printout ആവശ്യപ്പെടുന്നവർക്ക് ആയവ നൽകുക എന്നിവ നടത്തിവരുന്നു. Second Class Language Test, Minority Language Test എന്നിവ എഴുത്തുപരീക്ഷയായിത്തന്നെയാണ് ഇപ്പോഴും നടത്തുന്നത്. അന്ധരായ പരീക്ഷാർത്ഥികൾക്കായി വകുപ്പുതല പരീക്ഷ വാചാപരീക്ഷയായി നടത്തിവരുന്നു. ഇതു കൂടാതെ ജയിൽ ഓഫീസർമാർക്ക് വകുപ്പുതല പരീക്ഷയുടെ ഭാഗമായി Practical Test ഉം നടത്തുന്നു.

2016 മെയ് മുതൽ 2020 ഒക്ടോബർ വരെയുള്ള കാലയളവിൽ കാലയളവിൽ വകുപ്പുതല പരീക്ഷയുമായി ബന്ധപ്പെട്ട് ആകെ 92031 സർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ച വർഷം | അനുവദിച്ച ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ എണ്ണം | അനുവദിച്ച മാന്വൽ സർട്ടിഫിക്കറ്റുകളുടെ എണ്ണം | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകളുടെ എണ്ണം |
|---|---|---|---|
| 2016 (മെയ് ഡിസംബർ) | 13058 | 806 | 45 |
| 2017 | 23708 | 930 | 67 |
| 2018 | 19644 | 541 | 147 |
| 2019 | 18552 | 539 | 112 |
| 2020 (ഒക്ടോബർ 31 വരെ) | 13411 | 433 | 38 |
| ആകെ | 88373 | 3249 | 409 |

കൂടാതെ ഈ കാലയളവിൽ വിവിധ വകുപ്പുകളിൽ നിന്നും ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം 77 സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി സംബന്ധിച്ച റിപ്പോർട്ടുകളും നൽകിയിട്ടുണ്ട്.

# പി.എസ്.സി.യുടെ ഗതി മാറ്റിയ പരിഷ്കാരങ്ങൾ

## 1. ഒരേ വിദ്യാഭ്യാസ യോഗ്യത വരുന്ന തസ്തികകൾക്ക് പൊതുപ്രാഥമിക പരീക്ഷ

കേരള പബ്ലിക് സർവീസ് കമ്മിഷൻ ഒരേ വിദ്യാഭ്യാസ യോഗ്യത വരുന്ന തസ്തികകളുടെ പരീക്ഷകൾ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് രണ്ടുഘട്ടമായി (പ്രാഥമിക പരീക്ഷയും ഓരോതസ്തികയ്ക്കുമുള്ള മുഖ്യപരീക്ഷയും) നടത്തുവാൻ 12.05.2020 ൽ തീരുമാനിച്ചു. വേഗത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും അതാത് തസ്തികയിൽ അനുയോജ്യരായവരെ തെരഞ്ഞെടുക്കുന്നതിനും ഈ രീതിയാണ് അഭികാമ്യമെന്നതുകൊണ്ടാണ് പരീക്ഷാരീതിയിൽ മാറ്റം വരുത്തുന്നത്. എസ്.എസ്.എൽ.സി., പ്ലസ്ടു, ബിരുദ യോഗ്യത ആവശ്യമായ തസ്തികകളിലാണ് ആദ്യഘട്ടത്തിൽ പൊതുപരീക്ഷകൾ നടത്തുന്നത്. ഈ പരീക്ഷയുടെ മാർക്ക് അന്തിമറാങ്ക് ലിസ്റ്റിൽ പരിഗണിക്കില്ല. അതാത് തസ്തികയ്ക്ക് വേണ്ടി പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് രണ്ടാംഘട്ട പരീക്ഷ നടത്തും. 2020 ൽ വിജ്ഞാപനം പുറപ്പെടുവിച്ച ഇതേ യോഗ്യത വരുന്ന എല്ലാ തസ്തികകളും കൂടാതെ പരീക്ഷാനടപടികൾ ആരംഭിച്ചിട്ടില്ലാത്ത തസ്തികകളും ക്രോഡീകരിച്ചുകൊണ്ടാണ് ആദ്യത്തെ പ്രാഥമിക പൊതുപരീക്ഷ നടത്തുന്നത്. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്കും, മെഡിക്കൽ, എഞ്ചിനീയറിങ്, ഡ്രൈവിങ്, അദ്ധ്യാപക തസ്തികകൾക്കും പൊതുപ്രാഥമിക പരീക്ഷ ഉണ്ടാകില്ല. എസ്.എസ്.എൽ.സി. വരെ അടിസ്ഥാന യോഗ്യത വരുന്ന തസ്തികകളുടെ പൊതുപ്രാഥമിക പരീക്ഷ 2021 ഫെബ്രുവരിയിൽ ആരംഭിച്ചു.

**പ്രാഥമിക പരീക്ഷയ്ക്കായി കണ്ടെത്തിയ തസ്തികളുടെ വിവരം**

| ലെവൽ | കാറ്റഗറി | പരീക്ഷ |
|---|---|---|
| എസ്.എസ്.എൽ.സി. | 56 | 193 |
| പ്ലസ്ടു | 33 | 85 |
| ഡിഗ്രി | 38 | 38 |

പ്ലസ്ടു തലം വരെ യോഗ്യതയുള്ള തസ്തികകളുടെ പരീക്ഷ ഒറ്റഘട്ടമായി ഉടൻ നടത്തും. ഡിഗ്രി തലം വരെ യോഗ്യത വേണ്ടിവരുന്ന തസ്തികകൾക്ക് കൺഫർമേഷൻ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. ഡിഗ്രി പ്രാഥമിക പൊതുപരീക്ഷയ്ക്കും ചോദ്യങ്ങൾ മലയാളത്തിലാക്കാൻ കമ്മിഷൻ തീരുമാനിച്ചിട്ടുണ്ട്.

## 2. പ്രാക്തന ഗോത്രവിഭാഗങ്ങളിൽ നിന്നുള്ള നിയമനം

പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിലെ വനാന്തരങ്ങളിലും വനാതിർത്തികളിലെയും സെറ്റിൽമെന്റ് കോളനികളിൽ അധിവസിക്കുന്ന പ്രാക്തന ഗോത്രവിഭാഗങ്ങളിലെ 125 യുവതീയുവാക്കൾക്ക് ഏറ്റവുമൊടുവിൽ നിമനശിപാർശ നടത്തി. പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ പി.എസ്.സി. ഉദ്യോഗസ്ഥർ നേരിട്ടെത്തി ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് എഴുത്തുപരീക്ഷ ഒഴിവാക്കി കായികക്ഷമതാ പരീക്ഷ, അഭിമുഖം എന്നിവ സുൽത്താൻബത്തേരി, മാനന്തവാടി, അഗളി, നിലമ്പൂർ എന്നിവിടങ്ങളിൽ നടത്തി തെരഞ്ഞെടുപ്പ് പൂർത്തിയായപ്പോൾ പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള നടപടിക്രമങ്ങളാണ് സാക്ഷാത്കരിക്കപ്പെട്ടത്. കോവിഡ് വ്യാപനകാലഘട്ടമായിട്ടും വിജ്ഞാപനം ചെയ്ത് എട്ടുമാസത്തിനുള്ളിലാണ് ഈ പ്രത്യേക തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയായത്. വയനാട് ജില്ലയിൽ നിന്നുള്ള 85 പേരുടെ നിയമനശിപാർശയിൽ 65 പുരുഷ പോലീസ് കോൺസ്റ്റബിൾമാരും 20 വനിത പോലീസ് കോൺസ്റ്റബിൾമാരും ഉൾപ്പെടുന്നു. മലപ്പുറം ജില്ലയിൽ നിന്ന് 8 പുരുഷകോൺസ്റ്റബിൾമാരെയും 7 വനിത പോലീസ് കോൺസ്റ്റബിൾമാരെയും നിയമനശിപാർശ ചെയ്തു. പാലക്കാട് ജില്ലയിൽ നിന്ന് 17 പോലീസ് കോൺസ്റ്റബിൾമാരെയും 8 വനിത പോലീസ് കോൺസ്റ്റബിൾമാരെയും നിയമനശിപാർശ ചെയ്തു. 2020 മെയ് മാസത്തിലെ വിജ്ഞാപനപ്രകാരമാണ് ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ആരംഭിച്ചത്. 2017 ൽ ഈ രീതിയിൽ പ്രത്യേക തെരഞ്ഞെടുപ്പിലൂടെ 65 പേരെ നിയമനശിപാർശ ചെയ്തിരുന്നു. 2016 മുതലുള്ള കാലഘട്ടത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 2871 പേരെ കമ്മിഷൻ നിയമനശിപാർശ ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പിൽ വിവിധ തസ്തികകളിലായി 500ലേറെ ഒഴിവുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ ത്വരിതഗതിയിൽ നീങ്ങുകയാണ്.



## 3. സംവരണേതര വിഭാഗങ്ങൾക്കുള്ള 10% സാമ്പത്തിക സംവരണം

103–ാം ഭരണഘടനാ ഭേദഗതിയിലൂടെ 2019 ജനുവരി 14 ന് പാർലമെന്റ് പാസ്സാക്കിയ സംവരണേതര വിഭാഗങ്ങൾക്കായി 10% സാമ്പത്തിക സംവരണം ഏർപ്പെടുത്തികൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വരികയും സംസ്ഥാന സർക്കാർ 2020 ഒക്ടോബർ 23 ന് ടി നിയമം ഉദ്യോഗനിയമനത്തിൽ കേരളത്തിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് 2020 ഒക്ടോബർ 23ന് നിലവിലുള്ളതും തുടർന്ന് പുറപ്പെടുവിക്കുന്നതുമായ വിജ്ഞാപനങ്ങളിൽ സംവരണേതര വിഭാഗങ്ങൾക്കായുള്ള 10% സാമ്പത്തിക സംവരണം ഏർപ്പെടുത്തുവാൻ കമ്മിഷൻ തീരുമാനിച്ചത്. അത് വഴി ഭരണഘടനാപരമായ ഒരു ഉത്തരവാദിത്ത്വം കൂടി കമ്മിഷൻ ഏറ്റെടുത്തു.

## 4. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്.)

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുക എന്ന ദൗത്യം നിലവിലെ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി ഒരു മാസത്തിനുള്ളിൽ ചട്ടങ്ങളുടെ രൂപീകരണവും കേഡർ ഫോർമേഷനും വളരെ വേഗത്തിൽ പൂർത്തിയാക്കി 2019 നവംബർ 1 ന് കേരള പിറവി ദിനത്തിൽ കെ.എ.എസ് ജൂനിയർ ഓഫീസർ തസ്തികയുടെ വിജ്ഞാപനം കമ്മീഷൻ പുറപ്പെടുവിച്ചു. വിജ്ഞാപനത്തോടൊപ്പം തന്നെ പരീക്ഷ തിയതിയും സിലബസും പ്രസിദ്ധീകരിച്ചിരുന്നു. സ്ക്രീനിംഗ് ടെസ്റ്റ്, വിവരണാത്മക പരീക്ഷ, ഇന്റർവ്യൂ എന്നീ മൂന്നു ഘട്ടങ്ങളായിട്ടാണ് തെരഞ്ഞെടുപ്പു പ്രക്രിയ നിശ്ചയിച്ചിട്ടുള്ളത്. അടിസ്ഥാന യോഗ്യത ബിരുദമായ ഈ




സർവ്വീസിലേയ്ക്ക് മൂന്നു സ്ട്രീമുകളായിട്ടാണ് തെരഞ്ഞെടുപ്പു നടത്തുന്നത്. സ്ട്രീം 1 : നേരിട്ടുള്ള നിയമനം, സ്ട്രീം 2 : സർവ്വീസിൽ ഉള്ളവരിൽ നിന്നുള്ള നിയനം, സ്ട്രീം 3 : നിർണ്ണയിക്കപ്പെട്ടിട്ടുള്ള വകുപ്പുകളിലെ ഗസ്റ്റഡ് ഉദ്യോഗസ്ഥർക്കും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തുടങ്ങി കോമൺ കാറ്റഗറികളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്കായും നിശ്ചയിച്ചിരിക്കുന്നു. ഈ പരീക്ഷകൾക്കായി ആകെ 5,76,243 പേർ അപേക്ഷിച്ചിരുന്നു. ടി തസ്തികയുടെ പ്രാഥമിക പരീക്ഷ സ്ക്രീനിംഗ് ടെസ്റ്റ് എന്ന രീതിയിൽ നടന്നു. ഇംഗ്ലീഷിനോടൊപ്പം ഭരണ ഭാഷയും കെ.എ.എസ് പരീക്ഷാ സ്കീമിന്റെ അവിഭാജ്യ ഘടകമാണ്. ടി തസ്തികയുടെ മുഖ്യ പരീക്ഷയും നടത്തപ്പെട്ടു. OSM (On Screen Marking) അടിസ്ഥാനമാക്കിയുള്ള Valuation ആണ് ടി തസ്തികയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. മുഖ്യപരീക്ഷ കഴിഞ്ഞുള്ള മൂല്യനിർണ്ണയം പുരോഗമിക്കുകയാണ്. മൂന്ന് സ്ട്രീമുകളിലായി 105 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## 5. ട്രാൻസ്ജെൻഡർ വിഭാഗത്തിനും അപേക്ഷിക്കാം

2019 നവംബർ 1 ന്റെ കെ.എ.എസ്. വിജ്ഞാപനം മുതൽ ട്രാൻസ്ജെൻഡർ വിഭാഗത്തിനും കൂടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

# പി.എസ്.സി.യുടെ ഗതി മാറ്റിയ പരിഷ്കാരങ്ങൾ

### 6. ആദ്യത്തെ വീഡിയോ കോൺഫറൻസ്

കോവിഡ് 19 വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ കേരളത്തിൽ പ്രഖ്യാപിച്ച ലോക്ഡൗൺ കാരണം മാസംതോറും നടത്തിയിരുന്ന അവലോകനയോഗം കൂടാൻ കഴിയാതെ വന്നു. അവലോകനയോഗം ഓൺലൈനായി മാറ്റിസംഘടിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2020 ജൂൺ 15ന് പി.എസ്.സിയിൽ ആദ്യത്തെ തത്സമയ വീഡിയോ കോൺഫറൻസ് നടന്നു. വീഡിയോകോൺഫറൻസിൽ ചെയർമാൻ എം.കെ. സക്കീർ മേഖലാ ആഫീസർമാരോടും ജില്ലാ ആഫീസർമാരോടും സംസാരിച്ചു. കമ്മിഷനംഗങ്ങളും സെക്രട്ടറിയും ആസ്ഥാന ഓഫീസിലെ ഉന്നതഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

### 7. ആദ്യത്തെ ഓൺലൈൻ അഭിമുഖം

കോവിഡ് 19 വ്യാപനം രൂക്ഷമായി നിലനിന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗവിഭാഗത്തിനുള്ള അസിസ്റ്റന്റ് സർജൻ എൻ.സി.എ. തെരഞ്ഞെടുപ്പിൽ കണ്ടെൻമെന്റ് സോണിൽ നിന്ന് അഭിമുഖത്തിന് എത്തിച്ചേരാൻ കഴിയാതിരുന്ന മൂന്നു ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ മുഖേന അഭിമുഖം നടത്തി. ഒഴിവുകളുടെ എണ്ണം കൂടുതലും അപേക്ഷകർ കുറവുമായിരുന്ന സാഹചര്യത്തിലാണ് ഓൺലൈൻ അഭിമുഖം നടത്തിയത്.

### 8. ഭരണഭാഷ.

ഭരണഭാഷയായ മലയാളത്തിന് അർഹിക്കുന്ന അംഗീകാരം നൽകിക്കൊണ്ടുതന്നെയാണ് പി.എസ്.സി നിലപാടുകൾ സ്വീകരിക്കുന്നത്. വിഷയ വിദഗ്ധരുടെ അഭിപ്രായങ്ങൾ കൂടി പലപ്പോഴും മുഖവിലയ്ക്കെടുക്കാറുണ്ട്. കെഎഎസ് മുഖ്യ പരീക്ഷയിൽ മലയാളത്തിൽകൂടി ഉത്തരമെഴുതാൻ അവസരം നൽകിയിരുന്നു. ഭരണഭാഷ ചോദ്യങ്ങൾ പി.എസ്.സി പരീക്ഷയ്ക്ക് ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പ്ലസ് ടു തല പ്രാഥമിക പരീക്ഷയ്ക്കും സെക്രട്ടറിയേറ്റ് / പി.എസ്.സി. അസിസ്റ്റന്റ്, കമ്പനി കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങിയ ബിരുദതല പരീക്ഷകൾക്കും 10 മാർക്കിന്റെ മലയാളം ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. അതോടൊപ്പം പ്രസ്തുത പ്രാഥമിക പരീക്ഷയുടെ ചോദ്യങ്ങൾ മലയാളത്തിൽകൂടി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

### 9. ഓൺലൈൻ പരീക്ഷാ കേന്ദ്രം

കേരളാ പി. എസ്. സിയുടെ ഏറ്റവും വലിയ ഓൺലൈൻ പരീക്ഷാ കേന്ദ്രം 321 ഉദ്യോഗാർത്ഥികൾക്ക് ഒരേസമയം പരീക്ഷ എഴുതാൻ സാധിക്കുന്നതരത്തിൽ രൂപകൽപ്പന ചെയ്തത് ബഹു. കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. നിലവിലെ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾക്ക് പുറമെയാണിത്. 2018 ഏപ്രിൽ മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ സ്വന്തം ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളെ കൂടാതെ കേരളത്തിലെ വിവിധ എഞ്ചിനീയറിങ് കോളേജുകളെ പരീക്ഷാകേന്ദ്രങ്ങളാക്കിക്കൊണ്ട് വകുപ്പുതല പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ ആരംഭിച്ചു. വകുപ്പുതല പരീക്ഷകളുടെ ഫലപ്രഖ്യാപനം കാലവിളംബം കൂടാതെ നിർവ്വഹിക്കുന്നതിൽ ഇത് നിർണ്ണായക പങ്ക് വഹിച്ചു.

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പാലക്കാട് ജില്ലാ ഓഫീസിനോടനുബന്ധിച്ചുള്ള ഓൺലൈൻ പരീക്ഷാകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. സമീപഭാവിയിൽ തന്നെ ടി പരീക്ഷാകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു.

### 10. ഓൺ-സ്ക്രീൻ മാർക്കിങ് സിസ്റ്റം

വിവരണാത്മക പരീക്ഷകളുടെ മൂല്യനിർണ്ണയം digitize ചെയ്തു. അതിനായി ഓൺ-സ്ക്രീൻ മാർക്കിങ് സിസ്റ്റം സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്ത് നടപ്പിലാക്കി. 2018 നവംബർ മുതൽ വിവരണാത്മക പരീക്ഷകളുടെ മൂല്യനിർണ്ണയം ഓൺ സ്ക്രീൻ മാർക്കിങ് സംവിധാനത്തിലൂടെ നിർവഹിക്കുവാൻ ആരംഭിച്ചു. ഐ.എ.എസ്./ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുള്ള വകുപ്പുതല പരീക്ഷകളാണ് ഈ സംവിധാനത്തിലൂടെ ആദ്യമായി മൂല്യനിർണ്ണയം നടത്തിയത്. ഒന്നിലധികം മൂല്യകർത്താക്കൾക്ക് ഒരേസമയം ഒരേ ഉത്തരക്കടലാസുകൾ ഈ സംവിധാനത്തിലൂടെ മൂല്യനിർണ്ണയം നടത്തുവാൻ കഴിയും എന്നതിനാൽ മൂല്യനിർണ്ണയത്തിലെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസം കുറയ്ക്കുന്നതിനും തന്മൂലം വേഗത്തിൽ ഫലപ്രഖ്യാപനം നടത്തുവാനും കഴിയുന്നുണ്ട്.

### 11. e-ഓഫീസ്

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ആസ്ഥാന ഓഫീസിലും മേഖലാ/ജില്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം 12.03.2018 ൽ ആരംഭിച്ചു. നിലവിൽ കമ്മിഷന്റെ എല്ലാ ഓഫീസുകളിലെയും ഫയൽ നീക്കങ്ങൾ പൂർണ്ണമായും ഇ-ഓഫീസ് മുഖേനയാണ് നടത്തപ്പെടുന്നത്. ഇത് ഓഫീസിന്റെ പ്രവർത്തനങ്ങളുടെ വേഗതയും കാര്യക്ഷമതയും വർദ്ധിക്കാൻ കാരണമായി.

### 12. OTP based Confirmation സമ്പ്രദായം

പരീക്ഷകൾക്ക് കൺഫർമേഷൻ നൽകുന്ന പ്രക്രിയ ആരംഭിച്ചത് മൂലം പരീക്ഷകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാനും പരീക്ഷാകേന്ദ്രങ്ങളിലെ ഹാജർകുറവ് പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകളെ ഗൌരവമായി കാണുന്ന വലിയൊരു വിഭാഗം ഉദ്യോഗാർത്ഥികൾ തെരഞ്ഞെടുപ്പ് നടപടികൾ സൂക്ഷമമായി നിരീക്ഷിക്കുന്നതിലൂടെ കൺഫർമേഷൻ നൽകുകയും പരീക്ഷ എഴുതുകയും ചെയ്ത് ഈ പ്രക്രിയയോടൊപ്പം സഞ്ചരിക്കുകയാണ്. കൺഫർമേഷൻ പ്രക്രിയ പരീക്ഷകളെ ഗൗരവമായി കാണാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയാണ് ചെയ്തിട്ടുള്ളത്.

### 13. ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് - ഓൺലൈൻ പരീക്ഷ

ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ഒ.എം.ആർ. പരീക്ഷയിൽ നിന്നും ഓൺലൈൻ പരീക്ഷയായി നടപ്പിലാക്കി. 2018 ഏപ്രിൽ മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ സ്വന്തം ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളെ കൂടാതെ കേരളത്തിലെ വിവിധ എഞ്ചിനീയറിങ് കോളേജുകളെ പരീക്ഷാകേന്ദ്രങ്ങളാക്കിക്കൊണ്ട് വകുപ്പുതല പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ ആരംഭിച്ചു. വകുപ്പുതല പരീക്ഷകളുടെ ഫലപ്രഖ്യാപനം കാലവിളംബം കൂടാതെ നിർവ്വഹിക്കുന്നതിൽ ഇത് നിർണ്ണായക പങ്ക് വഹിച്ചു. Dept test fee payment ഉൾപ്പെടെ പൂർണ്ണമായും ഓൺലൈനായി.

### 14. web based e-ResultPro സോഫ്റ്റ്‌വെയർ

ഷോർട്ട് ലിസ്റ്റ്/ റാങ്ക് ലിസ്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള e-ResultPro സോഫ്റ്റ്‌വെയർ കലഹരണപ്പെട്ടത് മാറ്റി പുതിയ web based e-ResultPro സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്ത് വിജയകരമായി നടപ്പിലാക്കി.

### 15. ഉദ്യോഗാർത്ഥി സൗഹൃദ വെബ്സൈറ്റ്

കൂടുതൽ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുതായി രൂപകൽപ്പന ചെയ്ത് ഉദ്യോഗാർത്ഥി സൗഹൃദ വെബ്സൈറ്റ് 2019 മുതൽ പ്രവർത്തനം ആരംഭിച്ചു.

### 16. ഡിജിലോക്കർ സംവിധാനം

ഡിജിലോക്കർ സംവിധാനം വഴി സർട്ടിഫിക്കറ്റ് വിതരണവും സർട്ടിഫിക്കറ്റ് പരിശോധനയും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു.

### 17. കോൺടാക്ട് ലെസ്സ് ഓൺലൈൻ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

കോവിഡ് 19 മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് കോൺടാക്ട് ലെസ്സ് ഓൺലൈൻ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ , പ്രൊഫൈൽ കറക്ഷൻ തുടങ്ങിയവ ആരംഭിച്ചു.

### 18. ബയോമെട്രിക് സംവിധാനത്തിലൂടെയുള്ള തിരിച്ചറിയൽ പരിശോധന

നിയമന പരിശോധനയ്ക്കു ഹാജരാകുന്ന ഉദ്യോഗസ്ഥരുടെയും ഓൺലൈ







# പി.എസ്.സി.യുടെ ഗതി മാറ്റിയ പരിഷ്കാരങ്ങൾ



ൻ പരീക്ഷാകേന്ദ്രങ്ങളിൽ ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെയും ബയോമെട്രിക് സംവിധാനത്തിലൂടെയുള്ള തിരിച്ചറിയൽ പരിശോധന ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ തിരിച്ചറിയൽ നടപടിയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നുണ്ട്. 10 ഉദ്യോഗാർത്ഥികൾക്ക് ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ ഏർപ്പെടുത്തി.

## 19.നിയമന പരിശോധന വിഭാഗം

നിയമന പരിശോധന വിഭാഗം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും നിയമന പരിശോധന സംബന്ധിച്ച നടപടിക്രമങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ സാങ്കേതിക വിഭാഗം വികസിപ്പിച്ച സോഫ്റ്റ്വെയർ മുഖേന നിർവഹിച്ചു വരുന്നു. AA & WWI വിഭാഗത്തിൽ 2016 മെയ് മാസം മുതൽ 2020 ഒക്ടോബർ മാസം വരെ 12807 ഉദ്യോഗസ്ഥരുടെ നിയമന പരിശോധന പൂർത്തിയാക്കി. ടി ഉദ്യോഗസ്ഥരുടെ നിയമന പരിശോധനാ സർട്ടിഫിക്കറ്റുകൾ വിവിധ വകുപ്പ് മേധാവികൾക്ക് കൈമാറിയിട്ടുണ്ട്. AA &VWII വിഭാഗത്തിൽ ഈ കാലയളവിൽ 10257 നിയമന പരിശോധനാ സർട്ടിഫിക്കറ്റുകൾ കൈമാറിയിട്ടുണ്ട്. ഈ കാലയളവിൽ ആകെ 23064 നിയമന പരിശോധനാ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

## 20. E-Vacancy

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ രൂപം നൽകിയ പുതിയ സംവിധാനമാണ് E-vacancy സോഫ്റ്റ്‌വെയർ. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എല്ലാ നിയമനാധികാരികൾക്കും ഒഴിവുകൾ ബന്ധപ്പെട്ട KPSC ജില്ല/മേഖല/ആസ്ഥാന ഓഫീസുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നതാണ്. അധികം വൈകാതെ E-vacancy മുഖേന മാത്രം ഒഴിവ് റിപ്പോർട്ട് ചെയ്യാനുള്ള രീതി നടപ്പിലാകും.

## 21. KPSC - NES Fecilitation Centres

ബഹു. കമ്മീഷന്റെ 18.03.2019 ലെ തീരുമാനപ്രകാരം National Employment Service - Kerala യുമായി സഹകരിച്ച് കേരളത്തിൽ എല്ലാ ജില്ലകളിലും KPSC - NES Fecilitation Centre– കൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. KPSC യുമായി ബന്ധപ്പെട്ട Onetime Registration, Document Uploading തുടങ്ങിയ എല്ലാവിധ സേവനങ്ങൾ സംബന്ധിച്ച സംശയങ്ങൾക്കും ഉദ്യോഗാർത്ഥികൾക്ക് Facilitation Centre–കളെ സമീപിക്കാവുന്നതാണ്. നിലവിൽ ധാരാളം ഉദ്യോഗാർത്ഥികൾ ടി Centre കളുടെ സേവനം ഉപയോഗപ്പെടുത്തുകയാണ്.

## 22. ഒ.എം.ആർ പരീക്ഷ ഉത്തര സൂചിക.

ഒ.എം.ആർ പരീക്ഷ ഉത്തര സൂചിക സംബന്ധിച്ച പരാതികൾ 2017 മെയ് മാസം 1 മുതൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ ഓൺലൈനായി സമർപ്പിക്കുവാൻ അനുവദിച്ചു.

## 23. വജ്രജൂബിലി (കുടിശ്ശിക ഫയൽ തീർപ്പാക്കൽ)

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 2017 ഫെബ്രുവരി മാസം 27–ാം തീയതി തിരുവനന്തപുരം പി.എസ്.സി. ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഒരു വർഷം നീണ്ടുനിന്ന വജ്രജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം 2018 ഫെബ്രുവരി 26 ന് ബഹുമാനപ്പെട്ട കേരള ഗവർണർ ഉദ്ഘാടനം ചെയ്തു. ജൂബിലി വാർഷികത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം 2016 നവംബർ 1 വരെയുള്ള എല്ലാ കുടിശ്ശിക ഫയലുകളും തീർപ്പാക്കുന്നതിനെ സംബന്ധിച്ചായിരുന്നു.

## 24. ഔദ്യോഗിക ഫേസ് ബുക്ക് പേജിന്റെ ഉദ്ഘാടനം

കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ കൂടുതൽ ഉദ്യോഗാർത്ഥി സൗഹാർദ്ദപരമാക്കുക എന്ന ലക്ഷ്യത്തോടെ 2018 ജനുവരിയിൽ പി.എസ്.സി.യുടെ ഔദ്യോഗിക ഫേസ് ബുക്ക് പേജ് ആരംഭിച്ചു. ●




# LGS 200 പൊതുവിജ്ഞാനങ്ങൾ

1 സെഫോളജി എന്തുമായി ബന്ധപ്പെട്ട പഠനമാണ്– ഇലക്ഷൻ
2 രോഗങ്ങളെക്കുറിച്ചുള്ള പഠനം– പാതോളജി
3 കൊങ്കണി ഏത് ഭാഷാഗോത്രത്തിലെ ഭാഷയാണ്– ഇന്തോ ആര്യൻ
4 ഗുപ്തരാജസദസ്സിലെ ഭാഷ–സംസ്കൃതം
5 തമിഴ്നാട്ടിലെ ഏറ്റവും വലിയ രണ്ടാമത്തെ ഭാഷ– തെലുങ്ക്
6 ഡോഗ്രി ഭാഷ ഉപയോഗത്തിലുള്ള സംസ്ഥാനം– ജമ്മു–കാശ്മീർ
7 ഏതു രാജ്യത്തെ പ്രധാന ഭാഷയാണ് ദാരി–അഫ്ഗാനിസ്താൻ
8 ടാക്കോഫോബിയ എന്തിനോടുള്ള ഭയമാണ്– വേഗം
9 ഇന്ത്യൻ കറൻസിയിൽ എത്ര ഭാഷയിൽ മൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്– 17
10 നാഗാലാൻഡിലെ ഔദ്യോഗിക ഭാഷ– ഇംഗ്ലീഷ്
11 ഒറിയ ഭാഷ ഏത് ഭാഷാഗോത്രത്തിൽപ്പെടുന്നു– ഇന്തോ ആര്യൻ
12 ഏറ്റവും കൂടുതൽ ഭാഷകൾ സംസാരിക്കപ്പെടുന്ന രാജ്യം– പപ്പുവ ന്യൂഗിനി
13 ഇംഗ്ലീഷ് അക്ഷരമാലയിലെ സ്വരാക്ഷരങ്ങളുടെ എണ്ണം– 5
14 ആയോധന കലകളുടെ മാതാവ്–



കളരിപ്പയറ്റ്
15 അനലിറ്റിക്കൽ ജ്യോമട്രിയുടെ പിതാവ്– റെനെ ദക്കാർത്തെ
16 മുഗൾ ഭരണകാലത്തെ ഔദ്യോഗിക ഭാഷ – പേർഷ്യൻ
17 ശാസ്ത്രീയമായി മുയൽ വളർത്തുന്ന രീതിക്കു പറയുന്ന പേര്– കൂണികൾച്ചർ
18 പുരാവസ്തുക്കളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ– ആർക്കിയോളജി
19 അപകർഷതാ ബോധം എന്ന സ്വഭാവത്തെക്കുറിച്ച് ആദ്യം ചിന്തിച്ചത്– ആൽഫ്രഡ് ആഡ്‌ലർ
20 ആധുനിക സോഷ്യോളജിയുടെ പിതാവ് –മാക്സ് വെബർ
21 അഞ്ചുഭാഷകളിൽ വരികളുള്ള ദേശീയ ഗാനമുള്ള രാജ്യം–ദക്ഷിണാഫ്രിക്ക
22 ചെവിയെയും അതിനെ ബാധിക്കുന്ന രോഗങ്ങളെയും കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ– ഓട്ടോളജി
23 ഹിന്ദു–മുസ്ലിം ഐക്യത്തിന്റെ ഫലമായി രൂപംകൊണ്ട ഭാഷ– ഉർദു
24 ഐക്യരാഷ്ട്രയിലെ ഔദ്യോഗിക ഭാഷകൾ– 6
25 കണ്ണുകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ– ഒഫ്താൽമോളജി
26 നദികളെക്കുറിച്ചുള്ള പഠനം– പോട്ടമോളജി
27 പർവതങ്ങളെക്കുറിച്ചുള്ള പഠനം– ഓറോളജി
28 സയന്റിഫിക് മാനേജ്മെന്റിന്റെ പിതാവ് – ഫ്രെഡറിക് ടെയ്‌ലർ
29 ആർക്കിയോളജിയുടെ പിതാവ്– തോമസ് ജെഫേഴ്സൺ
30 ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ തദ്ദേശീയ ഭാഷകളുള്ള സംസ്ഥാനം– അരുണാചൽ പ്രദേശ്
31 ഇന്ത്യയിൽ ഫ്രഞ്ചുഭാഷ സംസാരിക്കപ്പെടുന്ന കേന്ദ്രഭരണപ്രദേശം–പുതുച്ചേരി
32 മലയാളഭാഷ ആദ്യമായി അച്ചടിക്കപ്പെട്ടത് ഏതു ഗ്രന്ഥത്തിൽ– ഹോർത്തൂസ് മലബാറിക്കസ്
33 മഹാവീരൻ ജൈനമത ധർമോപദേശം നടത്താൻ ഉപയോഗിച്ചിരുന്ന ഭാഷ– പ്രാകൃതം
34 ഏതു ഭാഷയിലെ പദമാണ് ഹേബിയസ് കോർപ്പസ് – ലാറ്റിൻ
35 കിസ് എന്ന പദത്തിന്റെ ഉപജ്ഞാതാവ് – ജിം ഡെയ്‌ലി(അയർലൻഡ്)
36 സയന്റിഫിക് മാനേജ്മെന്റിന്റെ പിതാവ് – ഫ്രെഡറിക് ടെയ്‌ലർ
37 ഏതു ഭാഷയാണ് ക്യാമ്പ് ലാംഗ്വേജ് എന്നറിയപ്പെടുന്നത്– ഉർദു
38 ഗുഹകളെക്കുറിച്ചുള്ള പഠനം– സ്പീലിയോളജി
39 സൂര്യനെക്കുറിച്ചുള്ള പഠനം– ഹീലിയോളജി
40 കർണാടകത്തിലെ സംസ്കൃത ഗ്രാമം– മാട്ടൂർ
41 ഏതു ഭാഷയിലെ മഹാകവിയായിരുന്നു വിർജിൽ– ലാറ്റിൻ
42 ആധുനിക വൈദ്യ ശാസ്ത്രത്തിന്റെ പിതാവ്– ഹിപ്പോക്രാറ്റസ്
43 ഇന്ത്യയിൽ ക്ലാസിക് ഭാഷാ പദവി ലഭിച്ച രണ്ടാമത്തെ ഭാഷ– സംസ്കൃതം
44 കിന്റർഗാർട്ടൻ ഏതു ഭാഷയിലെ പദമാണ്– ജർമൻ
45 ശിലകളെ സംബന്ധിച്ച പഠനം– ലിത്തോളജി
46 ഏറ്റവും വലിയ ഭാഷാ ഗോത്രം– ഇന്തോ–യൂറോപ്യൻ
47 ഭഗവത്ഗീത രചിക്കപ്പെട്ട ഭാഷ– സംസ്കൃതം
48 ഫിലോളജി എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു– ഭാഷ
49 ഭാഷാശാസ്ത്രം (ലിംഗ്വിസ്റ്റിക്സ്) ഉരുത്തിരിഞ്ഞ രാജ്യം– ഇന്ത്യ
50 യൂറോപ്പിന്റെ സാംസ്കാരിക ഭാഷ– ഫ്രഞ്ച്
51 ഇന്തോളജി എന്നാൽ– ഇന്ത്യയെക്കുറിച്ചുള്ള പഠനം
52 ന്യൂറോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്– നാഡീവ്യൂഹം
53 ബഹിരാകാശത്ത് ജീവന്റെ അംശമുണ്ടോ എന്നതിനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ– എക്സോബയോളജി
54 അത്യധികം താഴ്ന്ന ഊഷ്മാവിനെക്കുറിച്ചുള്ള പഠനം– ക്രയോജനിക്സ്
55 ഇംഗ്ലീഷ് ഭാഷയിലെ 5 സ്വരാക്ഷരങ്ങളും പേരിലുള്ള ഒരു സസ്യം– കോളിഫ്ളവർ





56 ഇക്കോളജി എന്ന പദം ആദ്യമായി പ്രയോഗിച്ചത്– ഏണസ്റ്റ് ഹെക്കൽ
57 ഭൂകമ്പത്തെക്കുറിച്ച് പഠിക്കുന്നത്– സീസ്മോളജി
58 മണ്ണിനെക്കുറിച്ചുള്ള പഠനം– പെഡോളജി
59 പഹാരി ഭാഷ ഏതു സംസ്ഥാനത്താണ് ഉപയോഗത്തിലുള്ളത്– ഹിമാചൽ പ്രദേശ്
60 പതാകകളെക്കുറിച്ചുള്ള പഠനം– വെക്സില്ലോളജി
61 വായിക്കാൻ കഴിയാത്ത അവസ്ഥയ്ക്കുള്ള പേര്– അലെക്സിയ
62 വിജയ നഗര രാജാക്കൻമാർ പ്രോൽസാഹിപ്പിച്ചിരുന്ന ഭാഷ– തെലുങ്ക്
63 ക്ലാസിക്കൽ ഭാഷാ പദവി നൽകപ്പെട്ട ആദ്യ ഇന്ത്യൻ ഭാഷ– തമിഴ്
64 പരന്ത്രീസുഭാഷ എന്നതുകൊണ്ട് ചരിത്രകാരൻമാർ ഉദ്ദേശിക്കുന്ന ഭാഷയേത്– ഫ്രഞ്ച്
65 പഴങ്ങളെക്കുറിച്ചുള്ള പഠനം– പോമോളജി
66 എന്തിന്റെ പ്രതീകമാണ് ത്രാസ് –



നീതി
67 എന്താണ് വീനസ്ട്രോഫിയ– സൗന്ദര്യമുള്ള സ്ത്രീകളോടുള്ള ഭയം
68 ശാസ്ത്രങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്നത്– ഗണിതശാസ്ത്രം
69 ക്ലാസിക്കൽ ഭാഷാ പദവി ലഭിച്ച ആദ്യ ഇന്തോ ആര്യൻ ഭാഷ– സംസ്കൃതം
70 ഇന്ത്യയുടെ ഏത് അയൽ രാജ്യത്താണ് ദിവേഗി ഭാഷ സംസാരിക്കുന്നത്– മാലിദ്വീപ്
71 വലത്തുനിന്നും ഇടത്തോട്ട് എഴുതിയിരുന്ന പ്രാചീനഭാരതത്തിലെ ലിപി– ഖരോഷ്ടി
72 അന്ധർക്കുവേണ്ടിയുള്ള ലിപി കണ്ടുപിടിച്ച ഫ്രഞ്ചുകാരൻ– ലൂയി ബ്രയ്‌ൽ
73 മനഃശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെട്ടത്– സിഗ്മണ്ട് ഫ്രോയ്ഡ്
74 കാത്തലിക് എന്ന പദം ഏതു ഭാഷയിൽ നിന്നാണ് നിഷ്പന്നമായത്– ഗ്രീക്ക്
75 കാഴ്ച ഇല്ലാത്തവർ എഴുതാൻ ഉപയോഗിക്കുന്ന ലിപി– ബ്രയ്‌ൽ
76 ഏറ്റവും പ്രാചീനമായ മലയാളം ലിപി– വട്ടെഴുത്ത്
77 ഇമ്യൂണോളജിയുടെ പിതാവ്– എഡ്വേർഡ് ജെന്നർ
78 ഏറ്റവും കൂടുതൽ അക്ഷരങ്ങളുള്ള ഭാഷ– കംബോഡിയൻ
79 വാർധക്യത്തെക്കുറിച്ചുള്ള പഠനമാണ്– ജെറിയാട്രിക്സ്
80 ഓർത്തോഗ്രഫി എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു– ശരിയായ ഉച്ചാരണം
81 ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന ദ്രാവിഡഭാഷ– തെലുങ്ക്
82 ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വിദേശഭാഷ– ഇംഗ്ലീഷ്
83 ഏതു ഭാഷയിലെഴുതുന്നവർക്കാണ് സാഹിത്യ നൊബേൽ ഏറ്റവും കൂടുതൽ ലഭിച്ചിട്ടുള്ളത്– ഫ്രഞ്ച്
84 കാനഡയുടെ മാതൃഭാഷ – ഇംഗ്ളീഷ്
85 ശതവാഹന രാജാക്കൻമാരുടെ സദസ്സിലെ ഭാഷ– പ്രാകൃതഭാഷ
86 ഖാസി ഭാഷ ഏതു സംസ്ഥാനത്തെ ഭാഷയാണ്– മേഘാലയ
87 ലാറ്റിൻ ഔദ്യോഗിക ഭാഷയായ ഏക രാജ്യം – വത്തിക്കാൻ
88 ഖമർ ഭാഷ ഉപയോഗത്തിലുള്ളത് ഏതു രാജ്യത്താണ്– കംബോഡിയ
89 ഷാനാമ ഏതു ഭാഷയിൽ രചിക്കപ്പെട്ടു– പേർഷ്യൻ
90 ഏറ്റവും വലിയ പദസമ്പത്തുള്ള ഭാഷ– ഇംഗ്ലീഷ്
91 പഴയകാലത്ത് മാപ്പിള പാട്ടുകൾ രചിക്കാൻ ഉപയോഗിച്ചിരുന്ന ഭാഷ– അറബി മലയാളം
92 പാലിയന്റോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്– ഫോസിൽ
93 ഏറ്റവും കൂടുതൽപേർ മാതൃഭാഷയായി ഉപയോഗിക്കുന്ന ദ്രാവിഡ ഭാഷ– തെലുങ്ക്
94 ഈനാട് ഏതു ഭാഷയിലെ പത്രമാണ്– തെലുങ്ക്
95 അലോപ്പതിയുടെ പിതാവ്– ഹിപ്പോക്രാറ്റസ്
96 നുമിസ്മാറ്റിക്സ് എന്തിനെക്കുറിച്ചുള്ള പഠനമാണ്– നാണയം
97 ബ്രയ്‌ൽ ലിപിയിൽ എത്ര കുത്തുകൾ ഉപയോഗിച്ചാണ് ആശയവിനിമയം സാധ്യമാക്കുന്നത്– 6
98 ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുള്ള മലയാള നോവൽ– ചെമ്മീൻ
99 കശ്മീരിലെ ഔദ്യോഗികഭാഷ– ഉറുദു
100 ഏറ്റവും കുറച്ച് വാക്കുകൾ ആരംഭിക്കുന്ന ഇംഗ്ലീഷ് അക്ഷരം– എക്സ്
101 നാശകാരിയായ നദി എന്നറിയപ്പെടുന്നത്




– കോസി
102 പക്ഷികളുടെ വൻകര എന്നറിയപ്പെടുന്നത്– തെക്കേ അമേരിക്ക
103 ഉരുളുന്ന ഗ്രഹം എന്നറിയപ്പെടുന്നത് –യുറാനസ്
104 ഏതു ഗ്രഹത്തെയും ഉപഗ്രഹങ്ങളെയും ചേർത്താണ് ചെറുസൗരയൂഥം എന്നു വിളിക്കുന്നത്– വ്യാഴം

105 ഏത് ഗ്രഹത്തിലാണ് ഗ്രേറ്റ് റെഡ് സ്പോട്ട് കാണപ്പെടുന്നത്– വ്യാഴം
106 ഏത് സമുദ്രത്തിലാണ് സഖലിൻ ദ്വീപ്– പസഫിക് സമുദ്രം
107 ഓസ്ട്രേലിയയിലെ ഏറ്റവും നീളം കൂടിയ നദി– മുറേ ഡാർലിങ്
108 തുർക്കിയുടെ ഭാഗമായ ത്രേസ് ഏത് ഭൂഖണ്ഡത്തി ലാണ്– യൂറോപ്പ്
109 ആൽപ്സ് പർവതത്തിന്റെ വടക്കേ ചെരുവിലൂടെ വീശുന്ന ഉഷ്ണക്കാറ്റ്– ഫൊൻ
110 ഇന്ത്യയുടെ അതേ സ്റ്റാൻഡേർഡ് സമയമുള്ള രാജ്യം– ശ്രീലങ്ക
111 ഇംഗ്ലീഷ് അക്ഷരമാലയിലെ എസ് ആകൃതിയിൽ കാണപ്പെടുന്ന സമുദ്രം–അത്‌ലാന്റിക് സമുദ്രം
112 ഉത്തരാർധഗോളത്തിലെ ഏറ്റവും വിസ്തീർണം കൂടിയ രാജ്യം– റഷ്യ
113 ഉറക്കത്തിന്റെ ചതുപ്പ് (മാർഷ് ഓഫ് സ്ലീപ്പ്) എവിടെയാണ് –ചന്ദ്രൻ
114 ഉറുമ്പുകളില്ലാത്ത വൻകര–അന്റാർട്ടിക്ക
115 ഏഞ്ചൽ വെള്ളച്ചാട്ടം ഏത് നദിയിലാണ്



– കരോണി
116 ഏറ്റവും പ്രക്ഷുബ്ധ അന്തരീക്ഷ പ്രതിഭാസം– ടൊർണാഡോ
117 ലോകത്തെ ഏറ്റവും വലിയ ഉപദ്വീപ്– അറേബ്യ
118 ലോകത്തെ ഏറ്റവും വലിയ ഉഷ്ണമേഖലാ മഴക്കാടുകൾ ഏത് വൻകരയിൽ– തെക്കേ അമേരിക്ക
119 വോൾഗ നദി ഒഴുകുന്ന ഭൂഖണ്ഡം– യൂറോപ്പ്
120 തുല്യമായ അളവിൽ സൂര്യപ്രകാശം കിട്ടുന്ന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നത്– ഐസോഹെൽസ്
121 ഏറ്റവും വലിയ അക്ഷാംശരേഖ– ഭൂമധ്യരേഖ
122 ലോകത്തെ ഏറ്റവും വലിയ പർവതം– ഹിമാലയം
123 ഇംഗ്ലീഷ് അക്ഷരമാലയിലെ ഡി ആകൃതിയിൽ കാണപ്പെടുന്ന സമുദ്രം– ആർട്ടിക് സമുദ്രം
124 ഫ്ളീറ്റ് സ്ട്രീറ്റ് ഏതു നഗരത്തിലാണ് – ലൺ
125 ബസ്ര ഏതു രാജ്യത്തെ തുറമുഖമാണ്– ഇറാക്ക്
126 ഭൂമിയിൽനിന്ന് നക്ഷത്രങ്ങളുടെ ദൂരം അളക്കുന്ന യൂണിറ്റ്– പ്രകാശവർഷം
127 ഭൂമിയിലെ ഏറ്റവും ആഴം കൂടിയ പ്രദേശം– മറിയാന ഗർത്തം
128 രാത്രിയും പകലും തുല്യമായിരിക്കുന്നത് ഏത് ഭൂമേഖലയിലാണ്– ഭൂമധ്യരേഖാപ്രദേശത്ത്
129 ഏതു രാജ്യത്തെ സ്വേച്ഛാധിപതിയായിരുന്നു ഗദ്ദാഫി– ലിബിയ
130 ഏത് വൻകരയിലാണ് കൊളറാഡോ–വടക്കേ അമേരിക്ക
131 ഏത് സമുദ്രത്തിലാണ് മഡഗാസ്കർ–ഇന്ത്യൻമഹാസമുദ്രം
132 ഏത് സമുദ്രത്തിലാണ് ഗിനിയ പ്രവാഹം –അത്‌ലാന്റിക് സമുദ്രം
133 വാൽഡസ് പെനിൻസുല ഏത് ഭൂഖണ്ഡത്തിന്റെ ഏറ്റവും താഴ്ന്ന ഭാഗമാണ്– തെക്കേ അമേരിക്ക
134 ഓസ്ട്രേലിയ കഴിഞ്ഞാൽ ഏറ്റവും ചെറിയ വൻകര– യൂറോപ്പ്
135 ഡോവർ കടലിടുക്ക് ഇംഗ്ലണ്ടിനെ ഏതു രാജ്യവുമായി വേർതിരിക്കുന്നു– ഫ്രാൻസ്
136 തേനീച്ചകളില്ലാത്ത വൻകര–അന്റാർട്ടിക്ക
137 ദക്ഷിണപൂർവേഷ്യയിലെ ഏക കരബദ്ധ രാജ്യം– ലാവോസ്
138 ഏത് പർവതനിരയിൽനിന്നാണ് ആമസോൺ ഉൽഭവിക്കുന്നത്– ആൻഡീസ്
139 ഭൂമിയിൽ ജീവൻ നിലനിൽക്കുന്ന ഭാഗം – ബയോസ്ഫിയർ
140 ഏറ്റവും ഉയരത്തിലുള്ള പീഠഭൂമി– പാമീർ
141 ഏറ്റവും ലവണാംശം കൂടിയ കടൽ– ചാവുകടൽ
142 ഏറ്റവും വലിയ നാഷണൽ പാർക്ക്– വുഡ് ബുഫലോ നാഷണൽ പാർക്ക്
143 ചൈനയേയും തയ്‌വാനേയും വേർതിരിക്കുന്ന കടലിടുക്ക്– തയ്‌വാൻ കടലിടുക്ക്
144 മോസ്കോ കടൽ എവിടെയാണ്–ചന്ദ്രൻ
145 ലോകത്തിൽ ഏറ്റവും കൂടുതൽ കൈവഴികൾ ഉള്ള നദി– ആമസോൺ
146 ലോകത്തെ ഏറ്റവും ആഴമേറിയ തടാകം – ബെയ്ക്കൽ
147 ഭൂമിയിലെ ശുദ്ധജലത്തിന്റെ 70 ശതമാനവും ഐസ് രൂപത്തിൽ ഉൾക്കൊള്ളുന്ന വൻകര–അന്റാർട്ടിക്ക
148 ഭൂമിയുടെ വൃക്കകൾ എന്നറിയപ്പെടുന്നത് – തണ്ണീർത്തടങ്ങൾ
149 യൂറോപ്പിലെ ഏറ്റവും വലിയ ദ്വീപ്– ഗ്രേറ്റ് ബ്രിട്ടൺ
150 ഏറ്റവും ചൂടു കൂടിയ ഭൂഖണ്ഡം– ആഫ്രിക്ക
151 സമുദ്രനിരപ്പിൽനിന്നും ശരാശരി ഉയരം ഏറ്റവും കൂടിയ ഭൂഖണ്ഡം– അന്റാർട്ടിക്ക



152 ഭൂമിയുടെ കോൾഡ് സ്റ്റോറേജ് എന്നറിയപ്പെടുന്ന വൻകര–അന്റാർട്ടിക്ക
153 ഭൂമധ്യരേഖ കടന്നുപോകുന്ന ഏക ഏഷ്യൻ രാജ്യം– ഇന്തൊനീഷ്യ
154 ഭൂമധ്യരേഖയിൽ പകലിന്റെ ദൈർഘ്യം– 12 മണിക്കൂർ
155 ഭൂമധ്യരേഖയും പൂജ്യം ഡിഗ്രി രേഖാംശവും (ഗ്രീനിച്ച രേഖ) തമ്മിൽ കൂട്ടിമുട്ടുന്നതിന് ഏറ്റവുമടുത്തു സ്ഥിതി ചെയ്യുന്ന തലസ്ഥാന നഗരം– അക്ര
156 ഏറ്റവും വലിയ തടാകം– കാസ്പിയൻ കടൽ
157 ഏതു വൻകരയിലാണ് റോക്കി പർവതനിര– അമേരിക്ക
158 ഏത് നദിയുടെ തീരത്താണ് ഈഫൽ ടവർ– സെയ്ൻ
159 വൻകര വിസ്ഥാപന സിദ്ധാന്തത്തിന് രൂപം നൽകിയത്– ആൽഫ്രഡ് വെഗ്നർ
160 ഒരു അമാവാസി കഴിഞ്ഞ് അടുത്ത അമാവാസി ആകുവാൻ എത്ര ദിവസം വേണം– 28
161 ഒരു മിനിട്ടിൽ എത്ര കിലോമീറ്റർ വേഗത്തിലാണ് ഭൂമി ഭ്രമണം ചെയ്യുന്നത്– 28
162 വില്ലി വില്ലീസ് ഉഷ്ണചക്രവാതം എവിടെയാണ് വീശുന്നത്– ഓസ്ട്രേലിയ
163 കാലാലിത്ത് നുനാത്ത് എന്നറിയപ്പെടുന്ന



ഭൂവിഭാഗം– ഗ്രീൻലൻഡ്
164 കാലാവസ്ഥയെക്കുറിച്ചുള്ള പഠനം– മെറ്റിയോറോളജി
165 ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ദ്വീപസമൂഹം– ഫിലിപ്പൈൻസ്
166 ഏത് സമുദ്രത്തിലാണ് മൗന കിയാ പർവതം–അത്‌ലാന്റിക് സമുദ്രം
167 ഏത് സമുദ്രത്തിലാണ് നൈൽ പതിക്കുന്നത്–മെഡിറ്ററേനിയൻ കടൽ
168 ഏത് സമുദ്രത്തിലെ ഏറ്റവും ആഴംകൂടിയ ഭാഗമാണ് പ്യൂർട്ടോ റിക്കോ ട്രഞ്ച്–അത്‌ലാന്റിക് സമുദ്രം
169 ഒന്നിലധികം യൂറോപ്യൻ രാജ്യങ്ങളുടെ തലസ്ഥാനങ്ങളിലൂടെ ഒഴുകുന്ന നദി – ഡാന്യൂബ്
170 ഏറ്റവും തിരക്കേറിയ സമുദ്രം–അത്‌ലാന്റിക് സമുദ്രം
171 ലോകത്തെ ഏറ്റവും നീളം കൂടിയ നദി–നൈൽ
172 നീലഗ്രഹം എന്നറിയപ്പെടുന്നത്– ഭൂമി
173 ന്യൂഗിനിയ ഏത് സമുദ്രത്തിലാണ്–പസഫിക് സമുദ്രം
174 ന്യൂയോർക്ക് നഗരം ഏത് നദിയുടെ തീരത്താണ്– ഹഡ്സൺ
175 പനാമ കനാൽ പസഫിക് സമുദ്രത്തെ ഏത് സമുദ്രവുമായി ബന്ധിപ്പിക്കുന്നു– അത്‌ലാന്റിക് സമുദ്രം
176 പച്ച ഗ്രഹം എന്നറിയപ്പെടുന്നത്– യുറാനസ്
177 പശ്ചിമാർധഗോളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി– അക്കാൻകാഗ്വ
178 ഫുകേത് എന്ന സുഖവാസകേന്ദ്രം ഏത്



രാജ്യത്താണ്–തായ്‌ലൻഡ്
179 ബാഷ്പക്കടൽ എവിടെയാണ്–ചന്ദ്രൻ
180 ബാഗ്ദാദ് ഏതു നദിയുടെ തീരത്ത്– ടൈഗ്രിസ്
181 ഏത് സമുദ്രത്തിലാണ് അംഗോള പ്രവാഹം–അത്‌ലാന്റിക് സമുദ്രം
182 ഏതൊക്കെ രാജ്യങ്ങൾക്കിടയിലുള്ള അതിർത്തി രേഖയാണ് റാഡ്ക്ലിഫ് രേഖ– ഇന്ത്യയും പാകിസ്താനും
183 ഏതു ഗ്രഹത്തിന്റെ ഉപഗ്രഹങ്ങളാണ് ഗലീലിയൻ ഉപഗ്രഹങ്ങൾ– വ്യാഴം
184 ഏത് ഗ്രഹത്തിന്റെ ഉപഗ്രഹങ്ങൾക്കാണ് ഷേക്സ്പിയറുടെ കഥാപാത്രങ്ങളുടെ പേര് നൽകിയിരിക്കുന്നത് – യുറാനസ്
185 ഏത് ഗ്രഹത്തിന്റെ ഉപഗ്രഹമാണ് ടൈറ്റാനിയ–യുറാനസ്
186 ഏത് വൻകരയെയാണ് ജിബ്രാൾട്ടർ കടലിടുക്ക് ആഫ്രിക്കയിൽനിന്ന് വേർതിരിക്കുന്നത്– യൂറോപ്പ്
187 ഓസ്ട്രേലിയയിലെ ഏറ്റവും വലിയ തടാകം– അയർ
188 വാണിജ്യപരമായി ഏറ്റവും പ്രാധാന്യമുള്ള സമുദ്രം–അത്‌ലാന്റിക് സമുദ്രം
189 വടക്കേ അമേരിക്കയിൽ റോക്കി പർവതത്തിൽനിന്നു വീശുന്ന ഉഷ്ണക്കാറ്റ്– ചിനൂക്
190 വടക്കേ അമേരിക്കയെയും തെക്കേ അമേരിക്കയെയും വേർതിരിക്കുന്നത്– പനാമ കനാൽ
191 ലോകത്തിലെ ഏറ്റവും നീളം കൂടിയ അ



ണക്കെട്ട്– ഹിരാക്കുഡ്
192 ലോകത്തെ ആകെ എത്ര സമയമേഖലകളായി തിരിച്ചിരിക്കുന്നു– 24
193 ഏത് വൻകരയാണ് റൊവാൾഡ് അമുണ്ട്സെൻ കണ്ടെത്തിയത് –അന്റാർട്ടിക്ക
194 ഏത് സമുദ്രത്തിലാണ് അസൻഷൻ ദ്വീപ്–അത്‌ലാന്റിക് സമുദ്രം
195 ബാണ്ടു ജനവിഭാഗം ഏത് ഭൂഖണ്ഡത്തി



ലാണ്– ആഫ്രിക്ക
196 ഏത് സമുദ്രത്തിലാണ് ഗൾഫ് സ്ട്രീം – അത്‌ലാന്റിക് സമുദ്രം
197 കാനഡ ഏത് ഭൂഖണ്ഡത്തിലാണ്–വടക്കേ അമേരിക്ക
198 കാനഡ, ഗ്രീൻലാൻഡ് പ്രദേശങ്ങൾക്കിടയ്ക്കുള്ള കടലിടുക്ക്– ഡേവിസ് കടലിടുക്ക്
199 ശാന്തമായത് എന്ന് പേരിനർത്ഥമുള്ള സമുദ്രം– പസഫിക്
200 ടോക്കിയോ ഏത് സമുദ്രതീരത്താണ്–പസഫിക് സമുദ്രം. ●

# പൊതുവിജ്ഞാനം

**സമാഹരണം: രാജേഷ്കുമാർ.എസ്**

## SET - 1

1. ന്യൂ ഹൊറൈസൺ ദൗത്യം ഏത് ബഹിരാകാശ ഗോളത്തെയാണ് പഠിക്കുന്നത്?
   എ) പ്ലൂട്ടോ ബി) യുറാനസ്
   സി) നെപ്റ്റ്യൂൺ ഡി) ടൈറ്റൻ
2. 1946ലെ നാവിക കലാപം പൊട്ടിപ്പുറപ്പെട്ട കപ്പലേത്?
   എ) H.M.S തൽവാർ ബി) H.M.S കൊൽക്കത്ത
   സി) H.M.S വിജയ് ഡി) H.M.S വജ്രപതി
3. 'കമലഗുപ്ത ട്രോഫി' ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
   എ) കബഡി ബി) ഫുട്ബോൾ
   സി) ഹോക്കി ഡി) ക്രിക്കറ്റ്
4. ഏതു കളിയിൽ ഉപയോഗിക്കുന്ന പന്താണ് 'പക്ക്' എന്നറിയപ്പെടുന്നത്?
   എ) റഗ്ബി ബി) പോളോ
   സി) ഹാന്റ്ബോൾ ഡി) ഐസ്ഹോക്കി
5. 'മാന്റോക്സ്' പരിശോധന ഏത് രോഗത്തിന്റെ നിർണയവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   എ) എലിപ്പനി ബി) ക്ഷയം
   സി) ടൈഫോയ്ഡ് ഡി) എയ്ഡ്സ്
6. ഹാലിയുടെ വാൽനക്ഷത്രം ഇനി പ്രത്യക്ഷപ്പെടുന്നത് ഏതു വർഷമാണ്?
   എ) 2056 ബി) 2061
   സി) 2038 ഡി) 2076
7. ഏത് രാഷ്ട്രീയകക്ഷിയുടെ നേതാവ് എന്ന നിലയിലാണ് പട്ടം താണുപിള്ള കേരള മുഖ്യമന്ത്രിയായത്?
   എ) ഐഎൻസി ബി) കേരള കോൺഗ്രസ്
   സി) പ്രജാ സോഷ്യലിസ്റ്റ് പാർട്ടി
   ഡി) കിസാൻ മസ്ദൂർ പാർട്ടി
8. താഴെ പറയുന്നവരിൽ ഇംപ്പീച്ച്മെന്റിലൂടെ മാത്രം സ്ഥാനത്തുനിന്ന് നീക്കം ചെയ്യാവുന്നത് ആരെയാണ്?
   എ) ഗവർണർ ബി) തിരഞ്ഞെടുപ്പ് കമ്മീഷണർ
   സി) ഉപരാഷ്ട്രപതി ഡി) അറ്റോർണി ജനറൽ
9. 'മിറാൻഡ്' ഏത് ഗ്രഹത്തിന്റെ ഉപഗ്രഹമാണ്?
   എ) ശനി ബി) വ്യാഴം
   സി) യുറാനസ് ഡി) നെപ്റ്റ്യൂൺ
10. 'എക്സോന്യൂമിയ' എന്ന ഹോബി ബന്ധപ്പെട്ടിരിക്കുന്നത്?
   എ) മെഡലുകൾ ബി) സ്മാരകങ്ങൾ
   സി) നാണയങ്ങൾ ഡി) കൈയ്യക്ഷരം
11. 'തേരവാദം' ഏത് മതവുമായി ബന്ധപ്പെട്ടതാണ്?
   എ) ജൈനമതം ബി) പാഴ്സിമതം
   സി) സിക്ക് മതം ഡി) ബുദ്ധമതം
12. ഒന്നാമത്തെ ലോകസഭ തിരഞ്ഞെടുപ്പിൽ എത്ര മണ്ഡലങ്ങളാണ് ഉണ്ടായിരുന്നത്?
   എ) 283 ബി) 489
   സി) 369 ഡി) 496
13. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന ഏറ്റവും ചെറിയ രാജ്യം?
   എ) ഭൂട്ടാൻ ബി) മ്യാൻമാർ
   സി) നേപ്പാൾ ഡി) ബംഗ്ലാദേശ്
14. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് രൂപം കൊണ്ട വർഷമേത്?
   എ) 1962 ബി) 1965
   സി) 1967 ഡി) 1973
15. അന്താരാഷ്ട്ര നാണയനിധിയിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം ഏത്?
   എ) SBI ബി) റിസർവ് ബാങ്ക്
   സി) SEBI
   ഡി) ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്
16. 2010ൽ ആധാർപദ്ധതി ഉദ്ഘാടനം ചെയ്തത് ഏത് സംസ്ഥാനത്താണ്?
   എ) കർണ്ണാടകം ബി) മഹാരാഷ്ട്ര
   സി) പഞ്ചാബ് ഡി) മധ്യപ്രദേശ്
17. ഒളിമ്പിക് വളയങ്ങളിൽ ചുവപ്പ് നിറം സൂചിപ്പിക്കുന്ന ഭൂഖണ്ഡം ഏത്?
   എ) ഓസ്ട്രേലിയ ബി) ആഫ്രിക്ക
   സി) അമേരിക്ക ഡി) യൂറോപ്പ്
18. ആദായനികുതി വകുപ്പ് നൽകുന്ന പാൻകാർഡിൽ അക്കങ്ങളും അക്ഷരങ്ങളുമായി ആകെ എത്രയെണ്ണമുണ്ട്?
   എ) 9 ബി) 12
   സി) 10 ഡി) 8
19. പ്രാചീന കേരളത്തിലെ തിണകളിൽ തീരപ്രദേശത്തെ സൂചിപ്പിക്കുന്നത്?
   എ) നെയ്തൽ ബി) മരുതം
   സി) മുല്ലൈ ഡി) കുറിഞ്ഞി
20. മേഘങ്ങൾ രൂപം കൊള്ളുന്ന അന്തരീക്ഷ പാളി?
   എ) ട്രോപ്പോസ്ഫിയർ ബി) സ്ട്രാറ്റോസ്ഫിയർ
   സി) അയണോസ്ഫിയർ ഡി) മിസോസ്ഫിയർ
21. 'ആഗസ്റ്റ് ഓഫർ' പ്രഖ്യാപനം നടത്തിയത്?
   എ) ഡൽഹൗസി ബി) ലിൻലിത്ഗോ
   സി) കഴ്സൺ ഡി) വില്യംബെന്റിക്
22. കേരളത്തിൽ ഏറ്റവും ഒടുവിൽ രൂപംകൊണ്ട മുനിസിപ്പൽ കോർപറേഷൻ ഏത് ?
   എ) തൃശ്ശൂർ ബി) കൊല്ലം
   സി) കണ്ണൂർ ഡി) കൊച്ചി
23. മധുര മീനാക്ഷിക്ഷേത്രം പണികഴിപ്പിച്ച രാജവംശമേത്?
   എ) ചോളന്മാർ ബി) പല്ലവന്മാർ
   സി) പാണ്ഡ്യന്മാർ ഡി) നായക്കന്മാർ
24. മൈക്കല നിരകളിൽ ഉത്ഭവിച്ച് ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദി
   എ) കാവേരി ബി) നർമ്മദ
   സി) ഗോദാവരി ഡി) മഹാനദി
25. വടക്ക്-കിഴക്കൻ മൺസൂണിന്റെ മറ്റൊരു പേരെന്താണ്?
   എ) ഇടവപ്പാതി ബി) കാലവർഷം
   സി) തുലാവർഷം ഡി) വേനൽമഴ
26. മഞ്ഞുതിന്നുന്നവൻ എന്നർഥം വരുന്ന കാറ്റ്?
   എ) ഫൊൻ ബി) ചിനൂക്ക്
   സി) സിറാക്കൊ ഡി) ഹർമാട്ടൻ
27. പച്ചഗ്രഹം എന്നറിയപ്പെടുന്ന ഗ്രഹം ഏതാണ്?
   എ) ചൊവ്വ ബി) പ്ലൂട്ടോ
   സി) യുറാനസ് ഡി) ശുക്രൻ
28. യുദ്ധക്കെടുതികൾക്ക് ഇരയാവുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ സംഘടന?
   എ) റെഡ്ക്രോസ്
   ബി) ആംനെസ്റ്റി ഇന്റർനാഷണൽ
   സി) ഗ്രീൻപീസ് ഡി) ഇവയൊന്നുമല്ല
29. ജനകീയ കലാരൂപമായ ഓട്ടൻതുള്ളലിന്റെ ജന്മദേശം?
   എ) ആലപ്പുഴ ബി) പാലക്കാട്
   സി) എറണാകുളം ഡി) പത്തനംതിട്ട
30. നൈട്രജന്റെ നിർമാണപ്രക്രിയക്ക് പറയുന്ന പേര്?
   എ) ഹേബർ ബി) ബോഷ്
   സി) ഡ്യൂമാസ് ഡി) ഡീക്കൻസ്
31. ലോക്പാൽ എന്ന വാക്കിന് രൂപം നൽകിയത് ആര്?
   എ) എൽ.എം സിങ്വി ബി) അരവിന്ദ് കെജ്രിവാൾ
   സി) അന്നഹസാരെ ഡി) യോഗേഷ് യാദവ്
32. സമ്മതിദാനം രേഖപ്പെടുത്താനുള്ള പ്രായം 21ൽനിന്നും 18 ആയി കുറയ്ക്കുന്ന നിയമഭേദഗതി നിലവിൽ വന്ന വർഷം?
   എ) 1956 ബി) 1966
   സി) 1977 ഡി) 1989
33. താഴെപ്പറയുന്നവയിൽ മിനറൽ ആസിഡ് അല്ലാത്തത്?
   എ) $H_2SO_4$ ബി) $HNO_3$
   സി) Hcl ഡി) ടാർടാറിക് ആസിഡ്
34. ഇതായ് ഇതായ് രോഗത്തിന് കാരണമായ ലോഹം?
   എ) മെർക്കുറി ബി) കാഡ്മിയം
   സി) സിങ്ക് ഡി) കാരീയം
35. ലൈംഗികകോശങ്ങളിൽ നടക്കുന്ന കോശവിഭജനം?
   എ) ക്രമഭംഗം ബി) ഊനഭംഗം
   സി) സാമ്യവിഭജനം ഡി) ഉപാപചയം
36. ഏറ്റവും കൂടുതൽ ഐസോടോപ്പുകളുള്ള മൂലകം?
   എ) കാർബൺ ബി) നൈട്രജൻ
   സി) ലെഡ് ഡി) ടിൻ
37. ലക്ഷദ്വീപിലെ ഏറ്റവും വലിയ ദ്വീപ് ഏതാണ്?
   എ) ഗ്രീൻലാന്റ് ബി) ആന്ത്രോത്ത്
   സി) ന്യൂഗിനി ഡി) മിനിക്കോയ്
38. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കുന്നത് ഏത് രേഖാംശരേഖയുടെ അടിസ്ഥാനത്തിലാണ്?
   എ) 82.5 ഡിഗ്രി കിഴക്കൻ രേഖാംശം
   ബി) 83.5 ഡിഗ്രി കിഴക്കൻ രേഖാംശം
   സി) 84.5 ഡിഗ്രി കിഴക്കൻ രേഖാംശം
   ഡി) 87.5 ഡിഗ്രി കിഴക്കൻ രേഖാംശം
39. ചരൽകുന്ന് വിനോദസഞ്ചാരകേന്ദ്രം എവിടെ സ്ഥിതി ചെയ്യുന്നു?
   എ) പാലക്കാട് ബി) പത്തനംതിട്ട
   സി) കോട്ടയം ഡി) ആലപ്പുഴ
40. ഇപ്പോഴത്തെ (15-ാമത്) കേന്ദ്ര ധനകാര്യകമ്മീഷൻ ചെയർമാൻ ആരാണ്?
   എ) വൈ.വി.റെഡ്ഡി ബി) ശക്തികാന്തദാസ്
   സി) രംഗരാജൻ ഡി) എൻ.കെ.സിങ്
41. ചേരി ചേരാ സമ്മേളനം ആദ്യം നടന്നത് എവിടെയാണ്?
   എ) ലാഹോർ ബി) ബന്ദുങ്
   സി) ബൽഗ്രേഡ് ഡി) മോണ്ടിനിഗ്രോ
42. ഇന്ത്യയിൽ വന്യജീവി സംരക്ഷണനിയമം നിലവിൽ വന്ന വർഷമേത്?
   എ) 1973 ഏപ്രിൽ ബി) 1972 സെപ്തംബർ
   സി) 1972 നവംബർ ഡി) 1973 മാർച്ച്
43. വെള്ളത്തിലിട്ടാൽ കത്തുന്ന ലോഹം?
   എ) ഫോസ്ഫറസ് ബി) സോഡിയം
   സി) നിയോൺ ഡി) സൾഫർ
44. ഗാന്ധിജിയുടെ ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്ര നടന്നതെപ്പോൾ?
   എ) 1930 ജൂൺ 6 ബി) 1930 ഏപ്രിൽ 6
   സി) 1931 ആഗസ്റ്റ് 8 ഡി) 1930 മേയ് 8
45. കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്തെ വന്യജീവി സങ്കേതം?
   എ) പെരിയാർ ബി) നെയ്യാർ
   സി) മംഗളവനം ഡി) നെല്ലിക്കാംപെട്ടി
46. കേരളത്തിൽനിന്നും ഏറ്റവും പ്രായം കുറഞ്ഞ പഞ്ചായത്ത് പ്രസിഡന്റായി ചുമതലയേറ്റ രേഷ്മ മറിയം റോയ് പ്രതിനിധാനം ചെയ്യുന്ന അരുവാപ്പുലം പഞ്ചായത്ത് ഏത് ജില്ലയിലാണ്?
   എ) കൊല്ലം ബി) ഇടുക്കി
   സി) കോട്ടയം ഡി) പത്തനംതിട്ട
47. ഇൻസുലിനിൽ അടങ്ങിയിരിക്കുന്ന ലോഹം?
   എ) മഗ്നീഷ്യം ബി) സിങ്ക്
   സി) ഇരുമ്പ് ഡി) സോഡിയം
48. മാർജാര നൃത്തരോഗം എന്നറിയപ്പെടുന്നത്?
   എ) ബെറി ബെറി ബി) മിനമാതാ
   സി) കണരോഗം ഡി) ഇതായ് ഇതായ്
49. ഭൗമാന്തരീക്ഷത്തിൽ മൂന്നാമത്തെ പാളിയേത്?
   എ) മിസോസ്ഫിയർ ബി) ട്രോപ്പോസ്ഫിയർ
   സി) തെർമോസ്ഫിയർ ഡി) അയണോസ്ഫിയർ
50. ഭൂവൽക്കത്തിൽ ഏറ്റവും കൂടുതലായി അടങ്ങിയിരിക്കുന്ന ലോഹം?
   എ) ചെമ്പ് ബി) അലൂമിനിയം
   സി) ഇരുമ്പ് ഡി) സിങ്ക്
51. ശ്രവണത്തിന് സഹായിക്കുന്ന ചെവിയിലെ ഭാഗം
   എ) കോക്ലിയ ബി) യൂട്രിക്കിൾ
   സി) വെസ്റ്റിബ്യൂൾ ഡി) സ്റ്റേപിസ്
52. ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച എത്രാമത്തെ ഭാഷയാണ് മലയാളം?
   എ) 3 ബി) 5
   സി) 4 ഡി) 7
53. കറുത്ത വിപ്ലവം ഏതുമായി ബന്ധപ്പെടുന്നത്?
   എ) രാസവളങ്ങൾ ബി) പെട്രോളിയം ഉൽപ്പന്നങ്ങൾ
   സി) കാർഷികമേഖല ഡി) എണ്ണക്കുരുക്കൾ
54. കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിനായി വിദ്യാഭ്യാസ വനം വകുപ്പുകൾ സംയുക്തമായി ആരംഭിച്ച വനവൽക്കരണ പദ്ധതി
   എ) കാവൽമരം ബി) നമ്മുടെ മരം
   സി) തണൽമരം ഡി) എന്റെ മരം
55. ഇന്ത്യയിലെ ആദ്യത്തെ ഇ-പെയ്മെന്റ് ഗ്രാമപഞ്ചായത്ത്?
   എ) നീലേശ്വരം ബി) ഇരവിപേരൂർ
   സി) മഞ്ചേശ്വരം ഡി) പെരുമണ്ണ
56. സൂര്യന് ചുറ്റുമുള്ള വലയത്തിന് കാരണം?
   എ) ഇന്റർഫറൻസ് ബി) റിഫ്രാക്ഷൻ
   സി) ഡിഫ്രാക്ഷൻ ഡി) റിഫ്ളക്ഷൻ
57. ബുദ്ധമതഗ്രന്ഥങ്ങൾ രചിക്കപ്പെട്ട ഭാഷ ഏതാണ്?
   എ) സംസ്കൃതം ബി) ദേവനാഗിരി
   സി) ഹിന്ദി ഡി) പാലി
58. കെ-ടെറ്റ് ഏതു നിയമനവുമായി ബന്ധപ്പെട്ട പരീക്ഷയാണ്?
   എ) അധ്യാപകൻ ബി) പോലീസ്
   സി) ഡോക്ടർ ഡി) ഡ്രൈവർ
59. ജ്വാലാമുഖി ഏതിനം അത്യുൽപ്പാദനശേഷിയുള്ള വിത്താണ്?
   എ) മത്തങ്ങ ബി) കുമ്പളങ്ങ

സി) മുളക് ഡി) വെണ്ട

60. കേരളത്തിലെ ആദ്യത്തെ ഇ-സാക്ഷരതാ പഞ്ചായത്ത്?
എ) കുമളി ബി) പള്ളിച്ചൽ
സി) വെങ്ങാനൂർ ഡി) ചെറുകുളത്തൂർ

61. കളിമണ്ണിന്റെ രാസനാമം എന്താണ്?
എ) സോഡിയം സിലിക്കേറ്റ്
ബി) അലുമിനിയം സിലിക്കേറ്റ്
സി) അലുമിനിയം സൾഫേറ്റ്
ഡി) സോഡിയം തയോസൾഫേറ്റ്

62. ഒരു പദാർഥത്തിന്റെ PH മൂല്യം 2 ആണെങ്കിൽ ആ പദാർഥം ഏതു ഗുണം കാണിക്കുന്നു?
എ) ആസിഡ് ബി) ക്ഷാരം
സി) നിർവീര്യം ഡി) ആസിഡും ആൽക്കലിയും

63. ഒരു ബില്യൺ എന്തിനു തുല്യമാണ്?
എ) 10 കോടി ബി) 100 കോടി
സി) 1000 കോടി ഡി) 10000 കോടി

64. ആകെ ഞാറ്റുവേലകളുടെ എണ്ണം?
എ) 17 ബി) 13
സി) 22 ഡി) 27

65. ആൽഫാ കണങ്ങളെ കണ്ടെത്തിയ ശാസ്ത്രജ്ഞൻ?
എ) റൂഥർഫോർഡ് ബി) ഐസക് ന്യൂട്ടൺ
സി) ആൽബർട്ട് ഐൻസ്റ്റീൻ
ഡി) ഹെൻറി ബെക്വറൽ

66. കെ കരുണാകരൻ ആദ്യമായി കേരള മുഖ്യമന്ത്രിയായത്?
എ) 1991 ബി) 1974
സി) 1997 ഡി) 1978

67. കോൾ പ്രക്രിയയിലൂടെ ശുദ്ധീകരിക്കുന്ന ലോഹമേത്?
എ) ടൈറ്റാനിയം ബി) നിക്കൽ
സി) ഇറിഡിയം ഡി) കാഡ്മിയം

68. ഘനജലത്തിലെ പ്രധാനഘടകമേത്?
എ) ഹൈഡ്രജൻ ബി) പ്രോട്ടിയം
സി) ഡ്യൂട്ടീരിയം ഡി) ട്രിഷിയം

69. അന്തർദേശീയ നഴ്സസ് ദിനമായി ആചരിക്കുന്നത് എന്നാണ്?
എ) ഏപ്രിൽ 7 ബി) മെയ് 12
സി) ജൂലായ് 1 ഡി) ജൂൺ 14

70. കേരളത്തിൽ കടൽത്തീരമുള്ള ജില്ലകളുടെ എണ്ണം?
എ) 7 ബി) 9
സി) 10 ഡി) 11

71. കേരളത്തിൽ ഏത് ജില്ലയിലാണ് 'വാഴ്വാന്തോൾ' വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നത്?
എ) തിരുവനന്തപുരം ബി) കൊല്ലം
സി) പത്തനംതിട്ട ഡി) ഇടുക്കി

72. ഇന്ത്യയിലെ ആദ്യത്തെ കംപ്യൂട്ടർ സാക്ഷരഗ്രാമമായി പ്രഖ്യാപിക്കപ്പെട്ട കേരളത്തിലെ ഗ്രാമം ഏതാണ്?
എ) കരവാരം ബി) ചമ്രവട്ടം
സി) ഓടനാവട്ടം ഡി) ഇളവട്ടം

73. ചുവടെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏതെന്ന് കണ്ടെത്തുക?
എ) പാത്രക്കടവ് പദ്ധതി സ്ഥിതി ചെയ്യുന്നത് കുന്തിപ്പുഴയിലാണ്
ബി) ഭാരതപ്പുഴയുടെ പോഷകനദിയാണ് തൂത്തപ്പുഴ
സി) ചാലിയാറിന്റെ പോഷകനദിയാണ് മുതിരപ്പുഴ
ഡി) ഷോളയാർ അണക്കെട്ട് ചാലക്കുടിപ്പുഴയിലാണ്

74. കേരള മുഖ്യമന്ത്രിയായിരുന്ന പട്ടം എ.താണുപിള്ളയെക്കുറിച്ച് ബന്ധമില്ലാത്ത പ്രസ്താവന ഏതാണ്?
എ) കേരള സംസ്ഥാനത്തിൽ കൂട്ടുകക്ഷി മന്ത്രിസഭ രൂപവൽക്കരിച്ച (പി.എസ്.പി-കോൺഗ്രസ് സഖ്യം) ആദ്യത്തെ മുഖ്യമന്ത്രി
ബി) ഒന്നാം കേരള നിയമസഭയിലെ ഏറ്റവും പ്രായം കൂടിയ അംഗം
സി) കാലാവധി പൂർത്തിയാക്കിയ ആദ്യത്തെ കേരള മുഖ്യമന്ത്രി
ഡി) ഗവർണർ പദത്തിലെത്തിയ ഏക കേരള മുഖ്യ മന്ത്രി

75. വ്യക്തിയെ തിരിച്ചറിയുക
1. 1954ൽ 'ദിനമണി' എന്ന പേരിൽ ദിനപത്രം ആരംഭിച്ചു
2. കൊല്ലം ശ്രീനാരായണകോളേജ് സ്ഥാപിക്കുന്നതിന് പ്രധാന പങ്കുവഹിച്ച നേതാവ്
എ) സി അച്യുതമേനോൻ
ബി) ആർ ശങ്കർ
സി) ഇ എം എസ് നമ്പൂതിരിപ്പാട്
ഡി) പട്ടം എ താണുപിള്ള

76. വ്യക്തിയെ തിരിച്ചറിയുക
1. 1975ൽ ആഭ്യന്തര അടിയന്തരാവസ്ഥക്കാലത്തെ കേരള മുഖ്യമന്ത്രി
2. ഭൂപരിഷ്കരണനിയമം നടപ്പാക്കിയ മുഖ്യമന്ത്രി
3. എച്ച്.ജി.വെൽസിന്റെ 'ലോകചരിത സംഗ്രഹം' മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ വ്യക്തി.
എ) സി.അച്യുതമേനോൻ
ബി) ആർ.ശങ്കർ
സി) കെ.കരുണാകരൻ
ഡി) പട്ടം.എ.താണുപിള്ള

77. ചുവടെപ്പറയുന്നവയിൽ കേരള സംസ്ഥാനത്തെക്കുറിച്ച് ശരിയല്ലാത്ത പ്രസ്താവന ഏതാണ്?
എ) ഇന്ത്യയിൽ പ്രവാസിക്ഷേമനിധി പദ്ധതി ആരംഭിച്ച ആദ്യത്തെ സംസ്ഥാനം
ബി) മുഖ്യമന്ത്രിയുടെ ഓഫീസിന്റെ തത്സമയ വെബ് കാസ്റ്റിങ് ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം
സി) ഭരണഘടനയുടെ അനുച്ഛേദം 356 പ്രയോഗിക്കപ്പെട്ട ആദ്യ ഇന്ത്യൻ സംസ്ഥാനം
ഡി) രണ്ടാം ദേശീയ ജലപാത കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനം

78. ചുവടെപ്പറയുന്നവയിൽ ഏതാണ് 'കവനാർ' നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന വിനോദസഞ്ചാരകേന്ദ്രം?
എ) തട്ടേക്കാട് പക്ഷിസങ്കേതം
ബി) കൊട്ടിയൂർ വന്യജീവി സങ്കേതം
സി) കുമരകം പക്ഷി സങ്കേതം
ഡി) ആറളം വന്യജീവി സങ്കേതം

79. 2011ലെ സെൻസസ് പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല?
എ) തിരുവനന്തപുരം ബി) മലപ്പുറം
സി) എറണാകുളം ഡി) ആലപ്പുഴ

80. 'കണ്വതീർഥം' ബീച്ച് സ്ഥിതി ചെയ്യുന്നത് കേരളത്തിൽ ഏത് ജില്ലയിലാണ്?
എ) കണ്ണൂർ ബി) കാസർകോട്
സി) കോഴിക്കോട് ഡി) തിരുവനന്തപുരം

81. കേരളത്തിൽ പ്രചാരത്തിലുള്ള പ്രധാന നൃത്തരൂപങ്ങൾ, ജില്ലകൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക
A. ഗദ്ദിക 1. വയനാട്
B. അർജുന നൃത്തം 2. പാലക്കാട്
C. മീനാക്ഷി കല്യാണം 3. കോട്ടയം
D. വേലകളി 4. ആലപ്പുഴ
എ) A-1, B-3, C-4, D-2 ബി) A-1, B-2, C-3, D-4
സി) A-3, B-1, C-2, D-4 ഡി) A-1, B-3, C-2, D-4

82. ചുവടെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതാണ്?
1. തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം പ്രവർത്തനമാരംഭിച്ചത് 1982ലാണ്
2. തിരുവനന്തപുരം റേഡിയോ നിലയം പ്രവർത്തനമാരംഭിച്ചത് 1943ലാണ്
എ) 1 മാത്രം ബി) 2 മാത്രം
സി) 1, 2 എന്നിവ ഡി) 1, 2 എന്നിവ തെറ്റാണ്

83. കേരളം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനമായി പ്രഖ്യാപിച്ച വർഷം?
എ) 2012 ബി) 2014
സി) 2016 ഡി) 2017

84. ചുവടെപ്പറയുന്നവയിൽ തിരുവനന്തപുരം ജില്ലയിൽ സ്ഥിതി ചെയ്യാത്തത്?
എ) നേപ്പിയർ മ്യൂസിയം ബി) സോയിൽ മ്യൂസിയം
സി) കുതിരമാളിക മ്യൂസിയം
ഡി) കേരള ചരിത്ര മ്യൂസിയം

85. കേരളത്തിൽ 1957 ജനുവരി 1ന് നിലവിൽവന്ന ജില്ലകളുടെ കൂട്ടത്തിൽ ഉൾപ്പെടാത്തത് ഏതാണ്?
എ) ആലപ്പുഴ ബി) കോഴിക്കോട്
സി) കണ്ണൂർ ഡി) പാലക്കാട്

86. ഇടുക്കി ജില്ലയിലെ വിനോദസഞ്ചാരകേന്ദ്രങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടാത്തത് ഏതാണ്?
എ) വാളറ വെള്ളച്ചാട്ടം ബി) രാമക്കൽമേട്
സി) പൊൻമുടി അണക്കെട്ട്
ഡി) ജാനകിക്കാട് ഇക്കോ ടൂറിസം

87. ചുവടെപ്പറയുന്നവയിൽ ഏത് സ്ഥാപനവുമായി സഹകരിച്ചാണ് ഇന്ത്യൻ ആർമി 9mm യന്ത്രവൽകൃത പിസ്റ്റൽ വികസിപ്പിച്ചത്?
എ) ഡി.ആർ.ഡി.ഒ ബി) എച്ച്.എ.എൽ
സി) മഹീന്ദ്ര
ഡി) ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ്

88. രണ്ട് പ്രാവശ്യം ഇംപീച്ച്മെന്റ് നടപടിക്ക് വിധേയനാക്കപ്പെട്ട ഏക അമേരിക്കൻ പ്രസിഡന്റ്?
എ) ബിൽ ക്ലിന്റൻ ബി) റിച്ചാർഡ് നിക്സൻ
സി) ആൻഡ്രൂ ജോൺസൺ
ഡി) ഡൊണാൾഡ് ട്രംപ്

89. ഇന്ത്യയിൽ പുതിയ വിദേശ വ്യാപാരനയം (New Foreign Trade Policy 2021-26) നിലവിൽ വരുന്ന തീയതി?
എ) March 31st, 2021 ബി) April 1st, 2021
സി) March 1st, 2021 ഡി) February 1st, 2021

90. പശ്ചിമഘട്ടവും പൂർവഘട്ടവും സന്ധിക്കുന്നത് ........... ലാണ്
എ) നീലഗിരിക്കുന്നുകളിൽ
ബി) പശ്ചിമഘട്ടത്തിൽ
സി) ഹിമാലയൻ മലനിരകളിൽ
ഡി) മൂന്നാറിൽ

91. ആന്റിജൻ എയും ബിയും ഇല്ലാത്ത രക്തഗ്രൂപ്പ് ഏത്?
എ) O ബി) A
സി) B ഡി) AB

92. ആദ്യത്തെ കൃത്രിമ റബർ
എ) റയോൺ ബി) ബേക്കലൈറ്റ്
സി) നിയോപ്രീൻ ഡി) സാക്കറിൻ

93. മരീചിക എന്ന പ്രതിഭാസത്തിന് കാരണം
എ) അപവർത്തനം ബി) വിസരണം
സി) പ്രതിഫലനം ഡി) പ്രകീർണ്ണനം

94. ബോട്ടുലിസം എന്നത് ഏതിനം രോഗത്തിന് ഉദാഹരണമാണ്?
എ) സിറോസിസ് ബി) പാരമ്പര്യരോഗം
സി) ത്വക് രോഗം ഡി) ഭക്ഷ്യവിഷബാധ

95. 'കുതിരവേലി' എന്നത് ഏതിനം വിളയാണ്?
എ) നെല്ല് ബി) തെങ്ങ്
സി) കുരുമുളക് ഡി) മരിച്ചീനി

96. 'ഇന്ത്യ എന്റെ രാജ്യമാണ്' എന്ന് തുടങ്ങുന്ന പ്രതിജ്ഞ എഴുതിയത് ആര്?
എ) സുബ്രഹ്മണ്യഭാരതി ബി) വെങ്കിട ചെല്ലപ്പ
സി) കെ.പി.റാവു
ഡി) പൈദിമാരി വെങ്കിട സുബ്ബറാവു

97. സ്വാമി വിവേകാനന്ദനെ വളരെ ആകർഷിച്ച 'ഉത്തിഷ്ഠതാ ജാഗ്രതാ പ്രാപ്യവരാൻ നിബോധതാ' എന്ന വാചകം ഏത് ഉപനിഷത്തിലേതാണ്?
എ) മുണ്ഡകോപനിഷത്ത്
ബി) ബൃഹദാരണ്യകോപനിഷത്ത്
സി) കഠോപനിഷത്ത്
ഡി) തൈത്തരീയോപനിഷത്ത്

98. കശുവണ്ടി ഗവേഷണകേന്ദ്രമായ ആനക്കയം ഏത് ജില്ലയിലാണ്?
എ) കൊല്ലം ബി) പാലക്കാട്
സി) വയനാട് ഡി) മലപ്പുറം

99. അന്താരാഷ്ട്ര ദാരിദ്ര്യ നിർമാർജന ദിനം?
എ) ജനുവരി 12 ബി) ഒക്ടോബർ 17
സി) ഒക്ടോബർ 10 ഡി) നവംബർ 20

100. വിദ്യാഭ്യാസത്തെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ വർഷം?
എ) 1972 ബി) 1974
സി) 1976 ഡി) 1979

## Answers

1 (എ), 2 (എ), 3 (ബി), 4 (ഡി), 5 (ബി), 6 (ബി), 7 (സി), 8 (ബി), 9 (സി), 10 (എ), 11 (ഡി), 12 (ബി), 13 (എ), 14 (എ), 15 (ബി), 16 (ബി), 17 (സി), 18 (സി), 19 (എ), 20 (എ), 21 (ബി), 22 (സി), 23 (സി), 24 (ബി), 25 (സി), 26 (ബി), 27 (സി), 28 (എ), 29 (എ), 30 (സി), 31 (എ), 32 (ഡി), 33 (ഡി), 34 (ബി), 35 (ബി), 36 (ഡി), 37 (ബി), 38 (എ), 39 (ബി), 40 (ഡി), 41 (സി), 42 (ബി), 43 (ബി), 44 (ബി), 45 (ബി), 46 (ഡി), 47 (ബി), 48 (ബി), 49 (എ), 50 (ബി), 51 (എ), 52 (ബി), 53 (ബി), 54 (ഡി), 55 (സി), 56 (സി), 57 (ഡി), 58 (എ), 59 (സി), 60 (ബി), 61 (ബി), 62 (എ), 63 (ബി), 64 (ഡി), 65 (എ), 66 (സി), 67 (എ), 68 (സി), 69 (ബി), 70 (ബി), 71 (എ), 72 (ബി), 73 (സി), 74 (സി), 75 (ബി), 76 (എ), 77 (ഡി), 78 (സി), 79 (എ), 80 (ബി), 81 (ഡി), 82 (സി), 83 (സി), 84 (ഡി), 85 (എ), 86 (സി), 87 (എ), 88 (ഡി), 89 (ബി), 90 (എ), 91 (എ), 92 (സി), 93 (എ), 94 (ഡി), 95 (സി), 96 (ഡി), 97 (സി), 98 (ഡി), 99 (ബി), 100 (സി)

## SET - 2

1. തിരുവിതാംകൂറിൽ ആദ്യമായി 'മറവപ്പട' എന്നപേരിൽ ഒരു സ്ഥിരം സൈന്യത്തെ ഏർപ്പെടുത്തിയ രാജാവ്?
(എ) മാർത്താണ്ഡവർമ്മ
(ബി) കാർത്തികതിരുനാൾ രാമവർമ്മ
(സി) ആയില്യംതിരുനാൾ
(ഡി) ഉത്രാടം തിരുനാൾ

2. തിരു-കൊച്ചി രൂപീകരണ സമയത്തെ കൊച്ചി രാജാവ്?
(എ) ശ്രീ ചിത്തിര തിരുനാൾ
(ബി) പരീക്ഷിത്ത് തമ്പുരാൻ
(സി) ശ്രീമൂലം തിരുനാൾ
(ഡി) കേരളവർമ്മ പഴശ്ശിരാജ

3. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് 'പെരിയാർ ലീസ് എഗ്രിമെന്റ്' ഒപ്പുവെച്ച ദിവാൻ?
(എ) എം ഇ വാട്സൺ (ബി) ഉമ്മിണി തമ്പി
(സി) കേണൽ മൺറോ (ഡി) രാമയ്യങ്കാർ

4. ധർമ്മരാജയുടെ പ്രശസ്തനായ ദിവാനായിരുന്ന രാജാ കേശവദാസിന് 'രാജ' എന്ന പേര് നൽകിയത് ആരാണ്?
(എ) ലോർഡ് മെക്കാളെ (ബി) കേരളവർമ്മ
(സി) മോണിംഗ്ടൺ പ്രഭു (ഡി) ഇർവിൻ പ്രഭു

5. 'മതിലകം രേഖകൾ' ബന്ധപ്പെട്ടിരിക്കുന്നത്
(എ) മണ്ണടി ക്ഷേത്രം (ബി)വട്ടക്കോട്ട
(സി) പത്മനാഭസ്വാമിക്ഷേത്രം
(ഡി) കൃഷ്ണപുരം കൊട്ടാരം

6. ആരുടെ തറവാട്ട് നാമമാണ് 'തലക്കുളത്തുവീട്'?

(എ) വേലുത്തമ്പി ദളവ (ബി) മാർത്താണ്ഡവർമ്മ
(സി) രാമയ്യൻ ദളവ (ഡി) ഉത്രാടം തിരുനാൾ

7. മുഹമ്മദീയ സഭ സ്ഥാപിച്ചത്
(എ) വക്കം അബ്ദുൽഖാദർ മൗലവി
(ബി) മക്തി തങ്ങൾ
(സി) പൊയ്കയിൽ യോഹന്നാൻ
(ഡി) മമ്പുറം തങ്ങൾ

8. എ കെ ജി ഭവൻ സ്ഥിതിചെയ്യുന്നത് എവിടെയാണ്?
(എ) തിരുവനന്തപുരം (ബി) കണ്ണൂർ
(സി) ന്യൂഡൽഹി (ഡി) ആലപ്പുഴ

9. ലോക്സഭയിലെ ആദ്യത്തെ ഔദ്യോഗിക പ്രതിപക്ഷ നേതാവ്?
(എ) എ കെ ഗോപാലൻ (ബി) സി എം സ്റ്റീഫൻ
(സി) രാം സുഭഗ്സിംഗ് (ഡി) ഇവരാരുമല്ല

10. 'ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന്, ദൈവം ഒന്ന്, ലോകം ഒന്ന്' എന്ന സന്ദേശം നൽകിയത്?
(എ) വൈകുണ്ഠ സ്വാമികൾ
(ബി) ശ്രീനാരായണ ഗുരു
(സി) ആഗമാനന്ദ സ്വാമി (ഡി) ചട്ടമ്പി സ്വാമികൾ

11. ശ്രീനാരായണ ഗുരു നിലവിളക്ക് പ്രതിഷ്ഠ നടത്തിയ ക്ഷേത്രം?
(എ) മുരുക്കുംപുഴ (ബി) വിളക്കമ്പലം(തൃശ്ശൂർ)
(സി) കളവൻകോടം (ഡി) ഉല്ലല

12. ശ്രീനാരായണഗുരു സമാധി സമയത്ത് ധരിച്ചിരുന്ന വസ്ത്രത്തിന്റെ നിറം?
(എ) കാവിവസ്ത്രം (ബി) മഞ്ഞ
(സി) വെള്ള (ഡി) ഇളം നീല

13. വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹയിൽനിന്നും കണ്ടെടുത്ത ശിലാലിഖിതങ്ങൾ എഴുതിയിരിക്കുന്നത് ഏത് ഭാഷയിലാണ്?
(എ) പാലി (ബി) സംസ്കൃതം
(സി) തമിഴ് (ഡി) ദ്രാവിഡ ബ്രാഹ്മി

14. ചുവടെപ്പറയുന്ന കൃതികൾ, രചയിതാക്കളുടെ പേര് എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക:
A. തിരുവിതാംകൂർ ചരിതം 1. പാച്ചു മൂത്താതു
B. യമക കാവ്യങ്ങൾ 2. വാസുദേവ ഭട്ടതിരി
C. സുഖസന്ദേശം 3. ലക്ഷ്മിദാസ
D. കോകിലസന്ദേശം 4. ഉദ്ദണ്ഡശാസ്ത്രികൾ
(എ) A-1, B-2, C-3, D-4 (ബി) A-2, B-1, C-3, D-4
(സി) A-1, B-2, C-4, D-3 (ഡി) A-2, B-1, C-4, D-3

15. ചുവടെപ്പറയുന്ന ഗ്രന്ഥങ്ങൾ, ഗ്രന്ഥകർത്താക്കൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക.
A. യുധിഷ്ഠിര വിജയം 1. രാമവർമ്മ
B. ഭാരത സംഗ്രഹം 2. വാസുദേവ ഭട്ടതിരി
C. ആശ്ചര്യ മഞ്ജരി 3. കുലശേഖര ആൾവാർ
D. ആശ്ചര്യ ചൂഡാമണി 4. ശക്തിഭദ്ര
(എ) A-1, B-2, C-3, D-4 (ബി) A-1, B-2, C-4, D-3
(സി) A-2, B-1, C-2, D-1 (ഡി) A-1, B-2, C-4, D-3

16. ചുവടെപ്പറയുന്ന ഗ്രന്ഥങ്ങൾ, ഗ്രന്ഥകർത്താക്കൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക.
A. താരിഖ്-ഉൽ-ഹിന്ദ് 1. അൽബറൂണി
B. ഷാനാമ 2. ഫിർദൗസി
C. പൃഥ്വിരാജ് റാസോ 3. ചന്ദ്ബർദായി
D. പൃഥ്വിരാജ് വിജയ് 4. ജയാങ്ക്
(എ) A-1, B-2, C-3, D-4 (ബി) A-2, B-1, C-3, D-4
(സി) A-4, B-3, C-2 , D-1 (ഡി) A-1, B-2, C-4, D-3

17. 'ഉല്ലുഖാൻ' എന്നറിയപ്പെട്ടിരുന്ന അടിമവംശ ഭരണാധികാരി?
(എ)കുത്തബ്ദീൻ ഐബക്
(ബി) ഇൽത്തുമിഷ്
(സി)ബാൽബൻ (ഡി) ഇവരാരുമല്ല

18. 'തുഗ്ലക്ക് നാമ' എന്ന കൃതിയുടെ കർത്താവ്?
(എ) മുഹമ്മദ് ബിൻ തുഗ്ലക്ക്
(ബി) ഗിയാസുദീൻ തുഗ്ലക്ക്
(സി) അലാവുദ്ദീൻ ഖിൽജി
(ഡി) അമീർ ഖുസ്രു

19. 'ഗുൽറുഖി' എന്ന തൂലികാനാമത്തിൽ പേർഷ്യൻ കൃതികൾ എഴുതിയ ഭരണാധികാരി?
(എ) ബഹലൂൽ ലോദി (ബി) സിക്കന്ദർ ലോദി
(സി) ഇബ്രാഹിം ലോദി (ഡി) ദൗലത്ത് ഖാൻ ലോദി

20. വിജയനഗര സാമ്രാജ്യത്തിലെ പ്രധാന രാജാവായ കൃഷ്ണദേവരായർ ഏതു രാജവംശത്തിൽ ഉൾപ്പെടുന്നു?
(എ) തുളുവ (ബി) സംഗമ
(സി) സാലുവ (ഡി) അരവിഡു

21. വിജയനഗര സാമ്രാജ്യം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ വിവരങ്ങളിൽ ശരിയായത് ഏതെല്ലാം?
1. ഡോമിങ്കോസ്-പോർച്ചുഗീസ് സഞ്ചാരി
2. നിക്കോളോ കോണ്ടി-വെനീഷ്യൻ സഞ്ചാരി
3. അബ്ദുൽ റസാഖ് - പേർഷ്യൻ സഞ്ചാരി
4. അത്തനേഷ്യസ് നികേതിൻ-റഷ്യൻ സഞ്ചാരി
(എ) 1, 3 എന്നിവ മാത്രം (ബി) 1, 4 എന്നിവ മാത്രം
(സി) 2, 3 എന്നിവ മാത്രം (ഡി) 1, 2, 3, 4 എന്നിവ

22. മുഗൾ ഭരണകാലത്ത് നിലനിന്നിരുന്ന 'പിയത്രദൂര' എന്ന കലാസൃഷ്ടി ഏതിന്റെയെല്ലാം മിശ്രിതമാണ്?
(എ) ഇൻഡോ-ഗ്രീക്ക് (ബി) ഇൻഡോ-പേർഷ്യൻ
(സി) ഇൻഡോ-റോമൻ (ഡി) ഇൻഡോ-ലാറ്റിൻ

23. 'ഫൗജ്' എന്ന പേരിലറിയപ്പെട്ട കാവൽപ്പടയെ നിലനിർത്തിയിരുന്ന മുഗൾ ഭരണാധികാരി
(എ) ബാബർ (ബി) ഔറംഗസീബ്
(സി) ഷേർഷ (ഡി) അക്ബർ

24. 'ഭൂമിയിൽ ഒരു സ്വർഗമുണ്ടെങ്കിൽ അത് ഇതാണ് ഇതാണ് ഇതാണ്' എന്ന് ആലേഖനം ചെയ്തിരിക്കുന്നത് എവിടെയാണ്?
(എ) താജ്മഹൽ (ബി) ലാൽകില
(സി) ബുലന്ദ് ദർവാസ (ഡി) ദിവാൻ-ഇ-ഖാസ്

25. ആരുടെ ആദ്യകാല നാമമാണ് 'മെഹറുനിസ' എന്നത്?
(എ) നൂർജഹാൻ (ബി) മുംതാസ്മഹൽ
(സി) ഹമീദാബാനുബീഗം (ഡി) മാകം അനഘ

26. അക്ബറുടെ വഴികാട്ടിയും രക്ഷകർത്താവുമായിരുന്നത് ആരാണ്?
(എ) സലിംഖാൻ (ബി)ബൈറാംഖാൻ
(സി) ദാദാജി കൊണ്ടദേവ് (ഡി) രാജാ മാൻസിംഗ്

27. 'പ്രയത്നശീലർ ഒരിക്കലും അശക്തർ ആവുകയില്ല' ആരുടെ വാക്കുകളാണിത്?
(എ) സ്വാമി വിവേകാനന്ദൻ(ബി)സുഭാഷ് ചന്ദ്രബോസ്
(സി) ഗാന്ധിജി (ഡി)ടാഗോർ

28. 'ജ്ഞാന പ്രകാശം' എന്ന പത്രം പ്രസിദ്ധീകരിച്ചത്
(എ) ഗോപാലകൃഷ്ണ ഗോഖലെ
(ബി) സ്വാമി വിവേകാനന്ദൻ
(സി) ദേവേന്ദ്രനാഥ ടാഗോർ
(ഡി) മദൻ മോഹൻ മാളവ്യ

29. 'സുന്ദരി പക്ഷേ ശൂന്യമായ തലച്ചോറിനുടമ' എന്ന ഖ്യാതി നേടിയ വനിത?
(എ) സുൽത്താന റസിയ (ബി) മേരി അന്റോയിനേറ്റ്
(സി) മറിയ തെരേസ (ഡി) മറിയ കരോലിന

30. 'എനിക്കുശേഷം പ്രളയം' എന്നു പ്രഖ്യാപിച്ച ഫ്രഞ്ച് ചക്രവർത്തി
(എ) ലൂയി XIV (ബി) ലൂയി XV
(സി) ലൂയി XVI (ഡി) നെപ്പോളിയൻ ബോണപ്പാർട്ട്

31. ഫ്രഞ്ച് ദേശീയ ദിനമായി ആചരിക്കുന്നത്
(എ) ജൂൺ 14 (ബി) ജൂൺ 20
(സി) ജൂലൈ 14 (ഡി) ജൂലൈ 20

32. 1871ൽ ഫ്രാൻസിലെ തൊഴിലാളികൾ ഭരണം പിടിച്ചെടുത്ത സംഭവം അറിയപ്പെടുന്നത്?
(എ) സെപ്തംബർ കൂട്ടക്കൊല
(ബി) പാരീസ് കമ്മ്യൂൺ
(സി) ഒക്ടോബർ വിപ്ലവം
(ഡി) മഹത്തായ വിപ്ലവം

33. നീഗ്രോകളെ നിഷ്കാസനം ചെയ്യുന്നതിനായി അമേരിക്കയിൽ രൂപംകൊണ്ട സംഘടന?
(എ) കു ക്ലുക്സ് ക്ലാൻ
(ബി) അമേരിക്കൻ നാസി പാർടി
(സി) ഹാമർ സ്കിൻസ്
(ഡി) നാഷണൽ അലയൻസ്

34. അമേരിക്കയുടെ രണ്ടാമത്തെ പ്രസിഡന്റ്, ആദ്യ വൈസ് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിരുന്ന വ്യക്തി?
(എ) തോമസ് ജെഫേഴ്സൺ
(ബി) ജോൺ ആഡംസ്
(സി) ജോർജ് വാഷിങ്ടൺ (ഡി) ജയിംസ് മാഡിസൻ

35. തന്നിരിക്കുന്നവയിൽ തെറ്റായ ജോഡി ഏതാണ്?
(എ) ഫ്രഞ്ച് പാർലമെന്റ് - എസ്റ്റേറ്റ് ജനറൽ (നാഷണൽ അസംബ്ലി)
(ബി) റഷ്യൻ പാർലമെന്റ് - ഡ്യൂമ
(സി) അമേരിക്കൻ പാർലമെന്റ് - കോൺഗ്രസ്
(ഡി) ചൈനീസ് പാർലമെന്റ് - പാർലമെന്റ്

36. റഷ്യ ഭരിച്ച ആദ്യ വനിതാ ഭരണാധികാരി
(എ) കാതറിൻ II (ബി) റൂറിക് 1
(സി) ഓൾഗ (ഡി) കാതറിൻ 1

37. റഷ്യൻ വിപ്ലവത്തിന് കാരണക്കാരനായ കപട സന്യാസി?
(എ) സ്റ്റാലിൻ (ബി) ലെനിൻ
(സി) റാസ്പുടിൻ (ഡി) നിക്കോളസ് II

38. 'നാങ്കിങ് ഉടമ്പടി'യുടെ ഫലമായി അവസാനിച്ച യുദ്ധം ഏതാണ്?
(എ) ക്രിമിയൻ യുദ്ധം (ബി) ബക്സർ കലാപം
(സി) ബോൾഷെവിക് വിപ്ലവം
(ഡി) ഒന്നാം കറുപ്പ് യുദ്ധം

39. 1925-ൽ സൺയാത്സണിന്റെ മരണത്തെ തുടർന്ന് ചൈനയിൽ അധികാരത്തിൽ വന്ന നേതാവ്?
(എ) ചിയാൻ കൈഷേക് (ബി) മാവോ-സെ-തുങ്
(സി) ക്വാങ്സി (ഡി) ഹങ് സ്യൂചുവാൻ

40. ചൈനയിൽ ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയിരുന്ന രാജവംശം?
(എ) ഷാങ് രാജവംശം (ബി) മഞ്ചു രാജവംശം
(സി) ഹാൻ രാജവംശം (ഡി) മിൻ രാജവംശം

41. ചുവടെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
1.1945 ഒക്ടോബർ 30നാണ് ഇന്ത്യ ഐക്യരാഷ്ട്ര സംഘടനയിൽ ഔദ്യോഗികമായി അംഗമായത്
2. യു എന്നിൽ അംഗമായ 29-ാമത്തെ രാജ്യമാണ് ഇന്ത്യ.
3. പോർച്ചുഗലിന്റെ മുൻ പ്രധാനമന്ത്രിയായിരുന്ന അന്റോണിയോ ഗുട്ടെറസാണ് നിലവിലെ യുഎൻ സെക്രട്ടറി ജനറൽ (9-ാമത്).
4. താൽക്കാലിക അംഗത്വമുള്ള രാഷ്ട്രങ്ങൾക്ക് യുഎൻ പൊതുസഭയിൽ പ്രാതിനിധ്യമില്ല.
(എ) 1, 2 എന്നിവ മാത്രം (ബി) 2, 4 എന്നിവ മാത്രം
(സി) 3, 4 എന്നിവ മാത്രം (ഡി) 1, 2, 3 എന്നിവ മാത്രം

42. അന്താരാഷ്ട്ര റെഡ്ക്രോസ് ദിനമായി ആചരിക്കുന്നത്?
(എ) മെയ് 8 (ബി) ജൂൺ 9
(സി) ജൂലൈ 17 (ഡി) ഏപ്രിൽ 8

43. യൂറോപ്യൻ യൂണിയന്റെ പൊതു കറൻസിയായ 'യൂറോ' ഇറക്കുവാൻ അധികാരമുള്ള ധനകാര്യ സ്ഥാപനം
(എ) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
(ബി) യൂറോപ്യൻ സെൻട്രൽ ബാങ്ക്
(സി) വേൾഡ് ബാങ്ക്
(ഡി) ഐ എം എഫ്

44. ചുവടെപ്പറയുന്നവയിൽ 'സാർക്കിലെ' അംഗരാജ്യങ്ങളിൽ ഉൾപ്പെടാത്തത്?
(എ) ഇന്ത്യ (ബി) ചൈന
(സി) പാകിസ്ഥാൻ (ഡി) മാലിദ്വീപ്

45. പരിസ്ഥിതി സംരക്ഷണം, ഹരിത ഗൃഹവാതക നിയന്ത്രണം എന്നിവ മുൻനിർത്തി അജണ്ഡ-21 എന്ന പ്രാമാണിക രേഖ തയ്യാറാക്കിയ ലോക ഭൗമ ഉച്ചകോടിക്ക് വേദിയായ സ്ഥലം ഏതാണ്?
(എ) ജോഹന്നാസ്ബർഗ് (ബി) റിയോഡി ജനീറോ
(സി) കോപ്പൻ ഹേഗൻ (ഡി) ക്യോട്ടോ

46. 2020ലെ ആസിയാൻ (ASEAN) ഉച്ചകോടിക്ക് വേദിയായ നഗരം?
(എ) വിയറ്റ്നാം (ബി) സിംഗപ്പൂർ
(സി) ഫിലിപ്പീൻസ് (ഡി) തായ്‌ലൻഡ്

47. 2019-ൽ നടന്ന 18-ാമത് ചേരിചേരാ സമ്മേളനത്തിന്റെ (NAM) വേദി?
(എ) ബാകു, അസർബൈജാൻ
(ബി) വെനിസുല
(സി) ടെഹ്റാൻ, ഇറാൻ
(ഡി) ഷാം-എൽ-ഷിക്, ഈജിപ്റ്റ്

48. 2021ലെ കോമൺവെൽത്ത് (CHOGM) സമ്മേളന വേദിയായി നിശ്ചയിച്ചിരിക്കുന്നത്?
(എ) യു കെ (ബി) മാൾട്ട
(സി) ശ്രീലങ്ക (ഡി) റുവാണ്ട

49. ചുവടെപ്പറയുന്ന യു എൻ ഏജൻസികൾ, അവയുടെ ആസ്ഥാനം എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക.
A. അന്താരാഷ്ട്ര തൊഴിലാളി സംഘടന 1. നെയ്റോബി (കെനിയ)
B. യുഎൻഇപി (UNEP) 2. ജനീവ
C. അന്താരാഷ്ട്ര തപാൽ സംഘടന 3. ബേൺ (സ്വിറ്റ്സർലണ്ട്)
D. യുനെസ്കോ 4. പാരീസ് (ഫ്രാൻസ്)
(എ) A-1, B-2, C-3, D-4 (ബി) A-4, B-3, C-2, D-1
(സി) A-2, B-1, C-3, D-4 (ഡി) A-1, B-2, C-4, D-3

50. UNDP യുടെ 2020ലെ റിപ്പോർട്ട് പ്രകാരം മാനുഷിക വികസന സൂചികയിൽ ഒന്നാം സ്ഥാനമുള്ള രാജ്യം നോർവെയാണ്. പ്രസ്തുത സൂചികയിൽ ഇന്ത്യയുടെ സ്ഥാനം എത്രാമതാണ്?
(എ) 131 (ബി) 129
(സി) 130 (ഡി) 133

## ഉത്തരങ്ങൾ

1 (എ), 2 (ബി), 3 (ഡി), 4 (സി), 5 (സി), 6 (എ), 7 (ബി), 8 (സി), 9 (സി), 10 (എ), 11 (ബി), 12 (സി), 13 (ഡി), 14 (എ), 15 (ഡി), 16 (എ), 17 (സി), 18 (ഡി), 19 (ബി), 20 (എ), 21 (ഡി), 22 (ബി), 23 (സി), 24 (ഡി), 25 (എ), 26 (ബി), 27 (സി), 28 (എ), 29 (ബി), 30 (ബി), 31 (സി), 32 (ബി), 33 (എ), 34 (ബി), 35 (ഡി), 36 (എ), 37 (സി), 38 (ഡി), 39 (എ), 40 (ബി), 41 (ഡി), 42 (എ), 43 (ബി), 44 (ബി), 45 (ബി), 46 (എ), 47 (എ), 48 (ഡി), 49 (സി), 50 (എ),

# Choose To Challenge #

International Women's Day
March 8, 2021



# ചരിത്ര നഭസ്സിലെ പെൺതാരകങ്ങൾ

**ലോകത്ത് വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിച്ച മഹിളാരത്നങ്ങളിൽ പത്ത് പേരെ പ്രത്യേകം തിരഞ്ഞെടുത്ത് ഇവിടെ അവതരിപ്പിക്കുന്നു.**

1. കല്പന ചൗള (1962–2003)– ബഹിരാകാശ സഞ്ചാരം നടത്തിയ ആദ്യത്തെ ഇന്ത്യൻ വംശജ. നാസയുടെ



ബഹിരാകാശ യാത്രയിൽ അംഗമായിരുന്നു.

2. മേരി കോം (1983 മാർച്ച് 1)– മണിപ്പൂരിൽ നിന്നുള്ള ബോക്സിങ് കായികതാരം. ആറുതവണ ലോക ബോക്സിങ് ജേതാവായിട്ടുണ്ട്. 2012 ഒളിമ്പിക്സിൽ വനിതാ വിഭാഗം ബോക്സിങ്ങിൽ വെങ്കല മെഡൽ നേടി. നിലവിൽ രാജ്യസഭാംഗമാണ്. പദ്മവിഭൂഷൺ, പദ്മഭൂഷൺ, രാജീവ് ഗാ



ന്ധി ഖേൽ രത്ന പുരസ്കാരം, പദ്മശ്രീ, അർജുന അവാർഡ് – ഇവയിലൂടെ രാജ്യത്തിന്റെ ആദരം.

3. ദാക്ഷായണി വേലായുധൻ (1912–1978) – ദലിത് വിഭാഗത്തിലെ ആദ്യ ബിരുദധാരിണി. ഭരണഘടനാ നിർമ്മാണ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വനിതകളിൽ ഒരാൾ.





4. അരുണിമ സിൻഹ (1988 ജൂലൈ 20) – എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യ ഭിന്നശേഷിക്കാരിയായ ഇന്ത്യാക്കാരി. 2015 ൽ പദ്മശ്രീ.
5. അന്ന ചാണ്ടി (1905–1996) – കേരള



ത്തിന്റെ അഭിമാനമായ അന്ന ചാണ്ടി, ഇന്ത്യയിലെ ആദ്യത്തെ വനിതാ ജഡ്ജിയാണ്. കോമൺവെൽത്ത് രാജ്യങ്ങളിലെ ആദ്യത്തെ വനിതാ ജഡ്ജി.

6. ഹലീമ ബീവി (1918–2000) – കേരളത്തിലെ ആദ്യത്തെ മുസ്ലീം വനിതാ പത്രപ്രവർത്തക. ആദ്യ വനിതാ മുനിസിപ്പൽ കൗൺസിലർ. തിരുവിതാംകൂർ വനിതാ സമാജം പ്രസിഡന്റ്. കേരളത്തിലെ മുസ്ലീം സമുദായ



ത്തിലെ സ്ത്രീ മുന്നേറ്റത്തിന്റെ പ്രതീകം.

7. സരോജിനി നായിഡു (1879–1949) – ഇന്ത്യയുടെ വാനമ്പാടി. ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനി. ഇന്തോ–



ആംഗലേയ സാഹിത്യ പ്രതിഭ. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അദ്ധ്യക്ഷയായ ആദ്യ വനിത. സ്വതന്ത്രഇന്ത്യയിലെ ആദ്യ വനിതാ ഗവർണർ.

8. മേരി പൂനൻ ലൂക്കോസ് (1886–1976) – വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ ആദ്യ കേരളീയ വനിത. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ആദ്യ വനിതാ ബിരുദധാ



രി. ലോകത്തെ തന്നെ ആദ്യത്തെ വനിതാ സർജൻ ജനറൽ. 1975 ൽ പദ്മശ്രീ.

9. അക്കാമ്മ ചെറിയാൻ (1909–1982) – തിരുവിതാംകൂറിന്റെ ഝാൻസിറാണി എന്നറിയപ്പെടുന്നു. മഹാത്മ ഗാന്ധി



യാണ് ഈ വിശേഷണം അവർക്ക് നൽകിയത്. സ്വാതന്ത്ര്യസമര ചരിത്രത്തിൽ കേരളത്തിന്റെ സംഭാവനയായ ഈ ധീരവനിത കേരളത്തിലെ സ്ത്രീമുന്നേറ്റ ചരിത്രത്തിലെയും രാഷ്ട്രീയചരിത്രത്തിലെയും ഉജ്ജ്വല വ്യക്തിത്വമാണ്.

10. ഹെലൻ കെല്ലർ (1880–1968) – കഠിനാധ്വാനവും ആത്മവിശ്വാസവും കൊണ്ട് സ്വന്തം പരിമിതികളെ തോൽപ്പിച്ച ഇംഗ്ലീഷ് വനിത. കാഴ്ചശക്തിയും കേൾവി ശക്തിയും നഷ്ടപ്പെട്ട അവർ സ്വന്തം പ്രയത്നം കൊണ്ട് സാഹിത്യം, അധ്യാപനം, സാമൂഹിക പ്രവർത്തനം എന്നീ മേഖലകളിൽ പ്രശോഭിച്ചു. •



# രോഗങ്ങൾ - പോഷകക്കുറവിനാലും മാറിയ ജീവിതശൈലിയാലും



ബി സുരേഷ്

മനുഷ്യന്റെ ശരിയായ ആരോഗ്യത്തിനും സുഗമമായ ശാരീരിക പ്രവർത്തനങ്ങൾക്കും അത്യന്താപേഷിതമാണ് ആഹാരം എന്ന് നമുക്കറിയാം. നാം വിവിധ ഘട്ടങ്ങളിലായി കഴിക്കുന്ന ആഹാരത്തിൽനിന്നാണ് നമ്മുടെ പ്രവർത്തനങ്ങൾക്കുള്ള ഊർജ്ജവും ശരീരനിർമിതിക്കുള്ള വസ്തുക്കളും ഉപാപചയമായ പ്രവർത്തനങ്ങൾക്കുള്ള ഘടകങ്ങളും ലഭിക്കുന്നത്. നാം കഴിക്കുന്ന ആഹാരം ദഹനത്തിന് വിധേയമായി ആഗിരണം ചെയ്യപ്പെടുന്ന പോഷകഘടകങ്ങൾ കോശങ്ങളിൽ വച്ച് ഘട്ടംഘട്ടമായി ഓക്സീകരണത്തിന് വിധേയമാകുമ്പോഴാണ് അവയിൽ സംഭരിച്ചിട്ടുള്ള ഊർജ്ജം സ്വതന്ത്രമാക്കപ്പെടുന്നത്.

നമ്മുടെ ആഹാരത്തിൽ അടങ്ങിയിട്ടുള്ള പോഷകഘടകങ്ങളെ അഞ്ച് ഗ്രൂപ്പായി തിരിക്കാം. 1. അന്നജം (Carbohydrate) 2. മാംസ്യം (Protein) 3. കൊഴുപ്പ് (Fat) 4. ധാതുക്കൾ (Minerals) 5. ജീവകങ്ങൾ (Vitamins). നമ്മുടെ ശരീരത്തിന് ആവശ്യമായ പോഷകഘടകങ്ങൾ എല്ലാം ശരിയായ അളവിൽ അടങ്ങിയിരിക്കുന്ന ആഹാരത്തെ സമീകൃത ആഹാരം (Balanced diet) എന്ന് വിളിക്കുന്നു. മേൽപ്പറഞ്ഞവയിൽ അന്നജം പ്രധാന ഊർജ്ജസ്രോതസ്സാകുമ്പോൾ മാംസ്യം നമ്മുടെ ശരീര നിർമ്മാണത്തിനുപയോഗിക്കപ്പെടുന്നു. കൊഴുപ്പ് ചെറിയ അളവിൽ മേൽപ്പറഞ്ഞ രണ്ട് സംഗതികൾക്കും ഉപയോഗിക്കപ്പെടുന്നു.

പോഷകഘടകങ്ങളിൽ ധാതുക്കളും ജീവകങ്ങളും നമ്മുടെ ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്തവയാണെങ്കിലും വളരെ കുറഞ്ഞ അളവിലേ ആവശ്യമുള്ളൂ. പഴങ്ങൾ, പച്ചക്കറികൾ, പാൽ, മുട്ട, ഇലക്കറികൾ തുടങ്ങിയവ ധാതുക്കളുടെയും ജീവകങ്ങളുടെയും കലവറയാണ്.

ശരീരത്തിന് ആവശ്യമുള്ള അളവിന്റെ അടിസ്ഥാനത്തിൽ ധാതുക്കളെന്നും കൂടുതൽ വേണ്ടവയെ, Macro minerals എന്നും കുറഞ്ഞ അളവിൽ മാത്രം വേണ്ടുന്നവയെ Micro minerals എന്നും വിളിക്കുന്നു. കാൽസ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, സോഡിയം, പൊട്ടാസ്യം, സൾഫർ, ക്ലോറിൻ എന്നിവ Micro minerals വിഭാഗത്തിലും ചെമ്പ്, ഇരുമ്പ്, മാംഗനീസ്, സിങ്ക്, കൊബാൾട്ട്, ക്രോമിയം, സെലീനിയം എന്നിവ Micro minerals വിഭാഗത്തിലും ഉൾപ്പെടുന്നു.

ജീവകങ്ങൾ പൊതുവായി A, B, C, D, E, K എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഇതിൽ ജീവകം Bയും ജീവകം Cയും ജലത്തിൽ ലയിക്കുന്നവയും ബാക്കിയുള്ളവ കൊഴുപ്പിൽ മാത്രം ലയിക്കുന്നവയുമാണ്. സസ്യങ്ങളുടെ ശരീരത്തിൽ എല്ലാ ജീവകങ്ങളും നിർമിക്കപ്പെടുന്നു. എന്നാൽ മനുഷ്യശരീരത്തിന്റെ ആവശ്യത്തിന് ജീവകങ്ങൾ പുറമെ നിന്ന് ലഭിക്കേണ്ടതുണ്ട്. ചില ജീവകങ്ങൾ മനുഷ്യശരീരത്തിന്റെ പ്രവർത്തനത്തിന് ഓരോ ദിവസവും ആവശ്യമുണ്ട്. സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ മനുഷ്യശരീരത്തിൽ നിർമ്മിക്കപ്പെടുന്ന ഏക ജീവകമാണ് D.

നമ്മുടെ ആഹാരത്തിൽ പോഷകഘടകങ്ങളുടെ കുറവ് ശരീര വളർച്ച മുരടിക്കുന്നതിനും പലതരം രോഗങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. ഇത്തരം രോഗങ്ങളെ പൊതുവെ പോഷക അപര്യാപ്തത രോഗങ്ങൾ (Nutrient defficiency diseases) എന്ന് വിളിക്കുന്നു.

ആഹാരത്തിൽ മാംസ്യത്തിന്റെ അളവ് കുറഞ്ഞുപോകുന്നതുമൂലം കുഞ്ഞുങ്ങളിൽ ഉണ്ടാകുന്ന അപര്യാപ്തത രോഗങ്ങളാണ് മരാസ്മസ്, ക്വാഷിയോർക്കർ എന്നിവ. ഒരു വയസ്സിനു താഴെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് വിളർച്ച, ഭാരക്കുറവ്, വയറിളക്കം എന്നിവയാണ് മരാസ്മസിന്റെ ലക്ഷണങ്ങൾ. എന്നാൽ ഒന്നു മുതൽ അഞ്ച് വയസ്സുവരെയുള്ള കുട്ടികളിൽ മാംസ്യത്തിന്റെ കുറവ് ക്വാഷിയോർക്കർ എന്ന രോഗമുണ്ടാക്കുകയും ശരീരത്തെ ശോഷിപ്പിച്ച് വയർ വീർപ്പിച്ചുകൊണ്ടുള്ള ലക്ഷണമുണ്ടാകുകയും ചെയ്യുന്നു.

ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്നതും മനുഷ്യനെ ഏറെ അലട്ടുന്നതുമായ ഒന്നാണ് ജീവിതശൈലീ രോഗങ്ങൾ. മനുഷ്യന്റെ ഇന്നത്തെ തിരക്കുപിടിച്ച ജീവിതരീതിയും അതുമൂലം ജീവിതശൈലിക്ക് വന്ന മാറ്റവുമാണ് ഇത്തരം രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നത്. നാം പുറത്തുനിന്ന് കഴിക്കുന്ന പോഷകം കുറഞ്ഞതും വൃത്തിഹീനമായതും ശരിയായ രീതിയിലല്ലാതെ പാകം ചെയ്യുന്നതും നമ്മുടെ കാലാവസ്ഥയ്ക്കിണങ്ങാത്തതുമായ ആഹാര വിഭവങ്ങളും ഇത്തരം രോഗങ്ങൾക്ക് ചില കാരണങ്ങളാണ്. ധാരാളം മധുരപലഹാരങ്ങൾ കഴിക്കുന്നതും കൊഴുപ്പ് ധാരാളമടങ്ങിയ ഭക്ഷണപദാർത്ഥം കഴിക്കുന്നതും ജീവിതശൈലീ രോഗങ്ങൾക്ക് വഴിതുറക്കുന്നു.

നല്ല ആഹാരശീലങ്ങളിലൂടെ നമുക്ക് അപര്യാപ്തതാരോഗങ്ങളെയും ജീവിതശൈലീരോഗങ്ങളെയും ചെറുക്കാം. സമീകൃത ആഹാരം കഴിക്കാൻ ശ്രദ്ധിക്കുക, എല്ലാ ദിവസവും ഒരേ സമയത്ത് ആഹാരം ശീലമാക്കുക, ധാരാളം വെള്ളം ദിവസേന കുടിക്കുക, പഴവർഗ്ഗങ്ങളും പച്ചക്കറികളും ഭക്ഷണത്തിന്റെ ഭാഗമാകുക, ഭക്ഷണസാധനങ്ങൾ വിഴുങ്ങാതെ നല്ല വണ്ണം ചവച്ചരച്ചു കഴിക്കുക, ഭക്ഷണസാധനങ്ങളും പാനീയങ്ങളും സാവധാനം കഴിക്കുക എന്നിവ നല്ല ഭക്ഷണശീലങ്ങളിലുൾപ്പെടും. ഈ അവസരത്തിൽ നമുക്ക് ഓർക്കാവുന്ന ചൊല്ലാണ് “Eat the liquids and drink the solids”.

**VITAMINS, VITAMIN - DEFICIENCY DISEASES, THEIR SYMPTOMS AND SOURCES**

| Vitamin | Deficiency | Symptoms | Food Sources |
|---|---|---|---|
| 1. Vitamin A (Retinol) | Night blindness, Xerophthalmia | Poor vision in dimlight Dryness of the cornea | Milk, cheese, butter, egg, cod-liver oil, yellow or red vegetables like carrots, yellow fruits like mangoes, papaya. |
| 2. Vitamin $B_1$, (Thiamine) | Beri - beri | (i) Pain in hands and feet, (ii) Swelling of the body. | Milk, cheese, liver, yeast, meat, green leafy vegetables, whole grains. |
| 3. Vitamin $B_2$, (Riboflavin) | Riboflavinosis | (i) Retarded growth (ii) Mental disorder | Milk, liver, meat, eggs, peas, yeast, whole grains, green leafy vegetables. |
| 4. Vitamin $B_7$. (Niacin) | Pellagra | (i) Dermatitis (skin-eczema) (ii) Diarrhoea | Milk, fish, eggs, meat, legumes, whole grains, green leafy vegetables. |
| 5. Vitamin $B_{12}$ (Cyanocobalamin) | Pernicious anaemia | (i) Retarded growth (ii) Paleness of skin, | Cheese, milk, eggs, meat, liver, fish. |
| 6. Vitamin C (Ascorbic acid) | Scurvy | (i) Bleeding gums, (ii) Pain in joints | Gooseberry, tomato, cabbage, lemon, orange, guava, pineapple, sprouted grains. |
| 7. Vitamin D (Calciferol) | Rickets (in children) and osteomalacia (in adults) | (i) Bow legs (ii) Pigeon chest (iii) Softening of bones | Milk, cheese, egg, cod liver oil, fish, butter, exposure to sunlight for synthesis of vit. D inside the body. |
| 8. Vitamin E (Tocopherol) | Sterility in males | Abnormal functioning of reproductive system and muscles. | Green leafy vegetables, milk, butter, meat. |

**MINERALS NEEDED IN OUR BODY, THEIR DEFICIENCY SYMPTOMS AND THE SOURCES**

| Minerals | Needed for | Deficiency symptoms | Sources |
|---|---|---|---|
| Calcium | Building bones and teeth and in blood clotting. | Softening and deformation of bones, loss of teeth enamel. | Milk, eggs, fish and vegetables. |
| Phosphorus | Building strong bones and teeth | Softening of bones,bow legs, pigeon-chest. | Milk, meat, nuts, beans and cereals. |
| Iron | Formation of haemoglobin in RBCs | Weight loss, looks pale (anaemia), loss of apetite. | Green leafy vegetables, egg yolk and liver. |
| Iodine | Producing a hormone (thyroxin) which controls the oxidation of food inside the body | Goitre (swelling in neck), dwarfism, mental retardation, swelling of face and hands. | Iodised salt and seafood. |
| Sodium, Potassium | Normal functioning of nerves and muscles. | High blood pressure, fatigue, loss of appetite | Banana, milk, vegetables, meat. |

**ജീവിതശൈലീ രോഗങ്ങൾ**

| രോഗം | കാരണം |
|---|---|
| പ്രമേഹം | ഇൻസുലിന്റെ കുറവോ പ്രവർത്തന വൈകല്യമോ കാരണം |
| ഫാറ്റി ലിവർ | കരളിൽ കൊഴുപ്പ് കൂടുതൽ അടിഞ്ഞുകൂടുന്നതിനാൽ |
| പക്ഷാഘാതം | തലച്ചോറിലെ രക്തക്കുഴലുകൾ പൊട്ടുന്നത്, രക്തപ്രവാഹം തടസ്സപ്പെടുന്നത്. |
| അമിത രക്തസമ്മർദ്ദം | കൊഴുപ്പ് അടിഞ്ഞ് രക്തകുഴലുകളുടെ വ്യാസം കുറയുന്നത്. |
| ഹൃദയാഘാതം | ഹൃദയത്തിലേക്ക് രക്തം എത്തിക്കുന്ന കൊറോണറി ധമനികളിൽ കൊഴുപ്പ് അടിഞ്ഞ് രക്തപ്രവാഹം തടസ്സപ്പെടുന്നതിനാൽ |

# ‘അമ്മ മലയാളം നന്മ മലയാളം’

1. ചുവടെ തന്നിരിക്കുന്ന പദങ്ങളിൽ ശരിയായത് ഏതെല്ലാം?
   1. അന്തപുരം 2. അവദൂതൻ
   3. ഗരുഡൻ 4. ക്രിസ്ത്വാബ്ദം
   (എ) 1, 2 എന്നിവ (ബി) 1, 3 എന്നിവ
   (സി) 2, 4 എന്നിവ (ഡി) 3, 4 എന്നിവ
2. തന്നിരിക്കുന്ന പദങ്ങളിൽ തെറ്റായത് ഏതെല്ലാമെന്ന് കണ്ടെത്തുക?
   1. നിന്നിക്കുക 2. പീഡനം
   3. മുഖാന്തിരം 4. മുക്തകണ്ഠം
   (എ) 1, 4 എന്നിവ (ബി) 1, 3 എന്നിവ
   (സി) 2, 3 എന്നിവ (ഡി) 2, 4 എന്നിവ
3. ശരിയായ പദം ഏതെന്ന് കണ്ടെത്തുക
   (എ) പങ്കാളിത്വം (ബി) മുതലാളിത്വം
   (സി) ഇസ്‌ലാം (ഡി) ഉടമത്വം
4. ചുവടെ തന്നിരിക്കുന്നവയിൽ ശരിയായ പദങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുക.
   1. ഭജ്ഞിക്കുക 2. ഗളഹസ്തം
   3. ഏകധാ 4. ഒട്ടകപ്പക്ഷി
   (എ) 1, 4 എന്നിവ (ബി) 1, 3 എന്നിവ
   (സി) 2, 3 എന്നിവ (ഡി) 2, 4 എന്നിവ
5. ചുവടെ തന്നിരിക്കുന്ന വാക്യങ്ങളിൽ ശരിയായത് ഏതാണെന്ന് കണ്ടെത്തുക.
   (എ) തന്റേത് മാത്രമായ സ്വകീയമായ അനുഭൂതി മറ്റ് ഇതരന്മാരുടെ അന്തരംഗത്തിൽ പകർത്തിക്കഴിയുമ്പോഴാണ് കല ചരിതാർത്ഥമാകുന്നത്
   (ബി) അയാൾ ആഹാരമൊന്നും കഴിക്കാതെ ഒരു ദിവസം മുഴുവൻ നിരാഹാരമിരുന്നു
   (സി) സുഖവും അതിനേക്കാൾ ദുഃഖവും ചേർന്നതാണ് ജീവിതം
   (ഡി) അധ്യാപകൻ ആ വാക്യം ഒരു തവണകൂടി ആവർത്തിക്കുകയും കുട്ടികളോട് പകർത്തിയെടുക്കാനും പറഞ്ഞു.
6. ചുവടെ തന്നിരിക്കുന്നവയിൽ തെറ്റായ വാക്യം ഏതാണെന്ന് കണ്ടെത്തുക.
   (എ) ബന്ധുക്കളെ കാണുന്നതിനും കാര്യങ്ങൾ പറയുന്നതിനും സൗകര്യമുണ്ട്
   (ബി) സെക്രട്ടറിയെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു
   (സി) ആദ്യം രാധയും പിന്നീട് ലക്ഷ്മിയും വന്നുചേർന്നു
   (ഡി) ഞങ്ങൾ എല്ലാ ചോദ്യത്തിനും ഉത്തരം എഴുതി. അവസാനത്തേതുമാത്രം പൂർത്തിയാക്കിയില്ല.
7. `Terrestrial radiation’ എന്നതിന്റെ മലയാള പരിഭാഷ എന്താണ്?
   (എ) ആഗോള താപനം (ബി) ഭൗമ വികിരണം
   (സി) ആഗോള വികിരണം (ഡി) അണു വികിരണം
8. ധൃതരാഷ്ട്രരുടെ പുത്രന്മാർ–ഒറ്റപ്പദം ഏതാണ്?
   (എ) ധാർത്തരാഷ്ട്രർ (ബി) ധൃതസുതന്മാർ
   (സി) ധൃത്തരാഷ്ട്രർ (ഡി) ധൃതരാഷ്ട്രജ്ഞർ
9. ഒരു ഉദരത്തിൽ പിറന്ന സോദരൻ–ഒറ്റപ്പദം ഏതാണ്?
   (എ) ഏകസോദരൻ (ബി) ഏകോദര ഉദരൻ
   (സി) ഏകോദര സോദരൻ (ഡി) ഐക്യസോദരൻ
10. ചുവടെ തന്നിരിക്കുന്ന ഒറ്റ പദങ്ങളിൽ തെറ്റായത് ഏതാണ്?
   (എ) മുൻകൂട്ടി കാണാനുള്ള കഴിവ് – ക്രാന്തദർശിത്വം
   (ബി) സുമിത്രാ തനയൻ – സൗമിത്രി
   (സി) കണ്ണുകൊണ്ട് സാക്ഷ്യം വഹിക്കുന്നവൻ – മൂകസാക്ഷി
   (ഡി) ന്യായശാസ്ത്രം അറിയുന്നവൻ – ന്യായാധിപൻ
11. ഒറ്റപ്പദങ്ങളിൽ തെറ്റായത് ഏതെല്ലാമെന്ന് കണ്ടെത്തുക.
   1. പത്തിലൊരു ഭാഗം – ശതമാനം
   2. അറിയാൻ കഴിയാത്തത് – അജ്ഞാതം
   3. ചിന്തിക്കുവാൻ കഴിയാത്തത് – അചിന്ത്യം
   4. അക്ഷര ജ്ഞാനമില്ലാത്തവൻ – സാക്ഷരൻ
   (എ) 1, 3 എന്നിവ (ബി) 1, 4 എന്നിവ
   (സി) 2, 3 എന്നിവ (ഡി) 2, 4 എന്നിവ
12. ‘അജാതശത്രു’ എന്ന പദത്തിന്റെ അർത്ഥം എന്താണ്?
   (എ) ശത്രുക്കളെ തോൽപിച്ചവൻ
   (ബി) ശത്രുക്കളുള്ളവൻ
   (സി) ശത്രുക്കളില്ലാത്തവൻ
   (ഡി) ശത്രുക്കളോട് ദയവ് കാട്ടുന്നവൻ
13. ‘ദനുജൻ’ എന്ന പദത്തിന്റെ അർത്ഥം
   (എ) പണ്ഡിതൻ (ബി) അനുജൻ
   (സി) ദരിദ്രൻ (ഡി) അസുരൻ
14. ‘ശത്രു’ എന്ന പദത്തിന്റെ പര്യായപദമല്ലാത്തത്?
   (എ) സുരൻ (ബി) രിപു
   (സി) അരി (ഡി) അരാതി
15. ‘കാർമുകം’ എന്ന പദത്തിന്റെ അർത്ഥം
   (എ) വില്ല് (ബി) മേഘം
   (സി) കരിവണ്ട് (ഡി) ശ്രീകൃഷ്ണൻ
16. ചുവടെ തന്നിരിക്കുന്ന പദങ്ങൾ–വിപരീതപദങ്ങൾ എന്നിവയിൽ തെറ്റായത് ഏതാണ്?
   (എ) പരതന്ത്രം x സ്വതന്ത്രം
   (ബി) പൂർവികം x ആധുനികം
   (സി) ഐഹികം x പാരത്രികം
   (ഡി) ക്ഷണികം x നശ്വരം
17. ‘ഹിതം’ എന്ന പദത്തിന്റെ വിപരീതപദം എന്താണ്?
   (എ) അഹിതം (ബി) രഹിതം
   (സി) സഹിതം (ഡി) ബാഹ്യം
18. ‘വെറുപ്പ് തോന്നുക’ എന്നർത്ഥം വരുന്ന ശൈലി ഏതാണ്?
   (എ) മനം മറിയുക (ബി) ചക്രം ചവിട്ടുക
   (സി) കുരിശു ചുമക്കുക (ഡി) കൈകൊട്ടിക്കളയുക
19. ‘അനാവശ്യ ചെലവുചെയ്ത് നശിപ്പിക്കുക’ എന്നർത്ഥം വരുന്ന ശൈലി ഏതാണ്?
   (എ) തവിടുപൊടിയാകുക
   (ബി) അരയും തലയും മുറുക്കുക
   (സി) ദീപാളി കുളിക്കുക
   (ഡി) കൈകൊട്ടിക്കളയുക
20. ‘ശ്ലോകത്തിൽ കഴിക്കുക’ എന്ന ശൈലിയുടെ ശരിയായ അർത്ഥം എന്താണ്?
   (എ) ആരംഭിക്കുക
   (ബി) വേഗത്തിൽ അവസാനിപ്പിക്കുക
   (സി) ഈണത്തിൽ ചൊല്ലുക
   (ഡി) സംഗ്രഹിക്കുക
21. മാരീചവിദ്യ എന്ന ശൈലിയുടെ ശരിയായ അർത്ഥം എന്താണ്?
   (എ) കപടതന്ത്രം (ബി) അത്ഭുതവിദ്യ
   (സി) പ്രയാസമുള്ള സംഗതി
   (ഡി) നിഷ്ഫലയത്നം
22. ‘പറയുന്ന ആൾ’ ഒറ്റ പദം ഏതാണ്?
   (എ) ശ്രോതാവ് (ബി) അപേക്ഷകൻ
   (സി) പ്രേക്ഷകൻ (ഡി) വക്താവ്
23. കാണാൻ ആഗ്രഹിക്കുന്നയാൾ–സമാനപദം ഏതാണ്?
   (എ) തിതീർഷു (ബി) ദിദൃക്ഷു
   (സി) ബുഭുക്ഷു (ഡി) ജിഗീഷു
24. വാക് +ധോരണി = ...........................
   (എ) വാക്‌ധോരണി (ബി) വാക്കോരണി
   (സി) വാഗ്ധോരണി (ഡി) വാഗ്ദോരണി
25. ‘ദുരുപയോഗം’ എന്ന പദം ശരിയായി പിരിച്ചെഴുതുക
   (എ) ദുഃ+ഉപയോഗം (ബി) ദുർ+ഉപയോഗം
   (സി) ദുരു+ഉപയോഗം (ഡി) ദുർഃ+ഉപയോഗം
26. പ്രതി+ഏകം =......................
   (എ) പ്രതീകം (ബി) പ്രത്യേകം
   (സി) പ്രതിയേകം (ഡി) പ്രത്യഏകം
27. ‘നിലവറ’ എന്ന പദം ശരിയായി പിരിച്ചെഴുതുക
   (എ) നിലവ്+അറ (ബി) നിലാവ്+അറ
   (സി) നിലം+അറ (ഡി) നില+അറ
28. ‘അധിഷ്ഠിതം’ എന്ന പദത്തെ പിരിച്ചെഴുതിയാൽ സന്ധി ഏത്?
   (എ) ആദേശസന്ധി (ബി) ആഗമസന്ധി
   (സി) ലോപസന്ധി (ഡി) യൺസന്ധി
29. ‘രജകൻ എന്ന പദത്തിന്റെ എതിർ ലിംഗം
   (എ) രജകിണി (ബി) ജനനി
   (സി) രജക (ഡി) രജകി
30. ‘സ്വസ്ഥാവ്’ എന്നതിന്റെ എതിർലിംഗപദം
   (എ) ദാതാവ് (ബി) ഭ്രാതാവ്
   (സി) സ്വസ്ഥി (ഡി) ആത്മാവ്
31. അന്തർജ്ജനം എന്നതിന്റെ എതിർലിംഗ ശബ്ദം
   (എ) കയ്മൾ (ബി) പിഷാരടി
   (സി) നമ്പൂതിരി (ഡി) ചാക്യാർ
32. ‘ആശാരിമാർ’ എന്ന പദം ഏതുതരം ബഹുവചനരൂപമാണ്?
   (എ) പുല്ലിംഗ ബഹുവചനം
   (ബി) സ്ത്രീലിംഗ ബഹുവചനം
   (സി) സാമാന്യ ലിംഗ ബഹുവചനം
   (ഡി) പൂജക ബഹുവചനം
33. ‘കുശവൻ’ എന്ന പദത്തിന്റെ എതിർലിംഗം
   (എ) കുശവി (ബി) കുശവത്തി
   (സി) കുശവാണി (ഡി) കുശവർ
34. ‘രാജാവിനെപ്പോലെ പ്രജയും’ എന്ന അർത്ഥത്തിൽ ശരിയായ ശൈലീ പ്രയോഗം ഏതാണ്?
   (എ) യദാ പ്രജാ തഥാ രാജാ
   (ബി) യഥാ രാജാ തദാ പ്രജാ
   (സി) യഥാ രാജാ തഥാ പ്രജാ
   (ഡി) യഥാ പ്രജാ തഥാ രാജാ
35. ഘടകപദങ്ങൾക്ക് തുല്യ പ്രാധാന്യം വരുന്ന സമാസം ഏതാണ്?
   (എ) രൂപക സമാസം (ബി) ദ്വന്ദ്വ സമാസം
   (സി) ദ്വിഗു സമാസം (ഡി) ഉപമിത സമാസം
36. ‘ക്ഷണനം’ എന്ന പദത്തിന്റെ അർത്ഥം
   (എ) വധിക്കുക (ബി) പെട്ടെന്ന്
   (സി) കുറി നൽകുക (ഡി) സ്വീകരിക്കുക
37. ഭൃംഗം, ശൃംഗം എന്നീ പദങ്ങളുടെ ശരിയായ അർത്ഥം യഥാക്രമം ഏതെല്ലാമാണ്?
   (എ) ആന, ആട് (ബി) വധം, യാഗം
   (സി) താമര, ശംഖ് (ഡി) വണ്ട്, കൊമ്പ്
38. വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങൾക്കല്ലാതെ അന്യ പദത്തിന് പ്രാധാന്യംവരുന്ന സമാസമാണ്
   (എ) അവ്യയീഭാവൻ (ബി) മാധ്യമപദലോപി
   (സി) ബഹുവ്രീഹി (ഡി) ദ്വന്ദ്വ സമാസം
39. കൈരളി എന്ന പദത്തിന്റെ അർത്ഥം
   (എ) മലയാള ഭാഷ
   (ബി) ഒരു മലയാള ചാനൽ
   (സി) കേരവൃക്ഷങ്ങളുടെ നാട്
   (ഡി) പരശുരാമന്റെ നാട്
40. ‘പഞ്ചദ്രാവിഡം’ എന്നറിയപ്പെടുന്നത്
   (എ) മലയാളം, തമിഴ്, സംസ്കൃതം, കന്നട, തെലുങ്ക്
   (ബി) മലയാളം, ഫ്രഞ്ച്, തമിഴ്, സംസ്കൃതം, കന്നട
   (സി) മലയാളം, തെലുങ്ക്, കന്നട, തമിഴ്, തുളു
   (ഡി) മലയാളം, സംസ്കൃതം, തുളു, കന്നട, തെലുങ്ക്

## Answers

1 (ഡി), 2 (ബി), 3 (സി), 4 (ഡി), 5 (സി), 6 (ബി), 7 (ബി), 8 (എ), 9 (സി), 10 (സി), 11 (ബി), 12 (സി), 13 (ഡി), 14 (എ), 15 (എ), 16 (ഡി), 17 (എ), 18 (എ), 19 (സി), 20 (ഡി), 21 (എ), 22 (ഡി), 23 (ബി), 24 (സി), 25 (എ), 26 (ബി), 27 (സി), 28 (എ), 29 (ഡി), 30 (ബി), 31 (സി), 32 (എ), 33 (എ), 34 (സി), 35 (ബി), 36 (എ), 37 (ഡി), 38 (സി), 39 (എ), 40 (സി)



# കലയും സാഹിത്യവും-28

# പെൺമുന്നേറ്റത്തിലെ വ്യത്യസ്ത ഏടുകൾ

1. പുരുഷമേധാവിത്വത്തിന്റെ മുഖത്ത് വാതിൽ വലിച്ചടച്ച് സ്ത്രീസ്വാതന്ത്ര്യം പ്രഖ്യാപിച്ച ലോകത്തെ ആദ്യത്തെ സ്ത്രീ കഥാപാത്രമാണ് നോറ. നോറ എന്ന കഥാപാത്രം കടന്നുവരുന്ന പ്രശസ്ത നാടകം – **എ ഡോൾസ് ഹൗസ്**
2. 'ആത്മകഥയ്ക്കൊരു ആമുഖം' മലയാളത്തിലെ പ്രമുഖയായ ഒരു സാഹിത്യകാരിയുടെ ആത്മകഥയാണ്. ആരുടെ? – **ലളിതാംബിക അന്തർജ്ജനം**
3. മാൻ ബുക്കർ പുരസ്കാരം നേടിയ ആദ്യത്തെ വനിത – **ബെർനൈസ് റൂബൻസ്** (Bernice Rubens)
4. 1932ലെ സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം ലഭിച്ചത് ഒരു വനിതയ്ക്കാണ്. ആരാണീ സാഹിത്യകാരി? പുസ്തകമേത്? – **പേൾ എസ്. ബക്ക്, ദ ഗുഡ് എർത്ത്**




5. സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം നേടിയ ആദ്യ വനിത – **സെൽമ ലാഗലാഫ്** (Selma Lagerlof)
6. താര ശങ്കർ ബാനർജിക്ക് ജ്ഞാനപീഠം പുരസ്കാരം നേടിക്കൊടുത്ത നോവൽ – **ഗണദേവത**
7. സംഗീത കലാനിധി പുരസ്കാരം നേടിയ ആദ്യത്തെ വനിത വയലനിസ്റ്റ് – **അവർശാല കന്യകുമാരി (2016)**
8. ചമേലി ദേവി അവാർഡ് ഏത് മേഖലയിൽ പ്രവർത്തിക്കുന്ന വനിതകളെ അംഗീകരിക്കാനാണ് ഏർപ്പെടുത്തിയിട്ടുള്ളത്? – **പത്രപ്രവർത്തനം**
9. കേരളത്തിലെ നിശാഗന്ധി പുരസ്കാരം ആദ്യമായി ലഭിച്ച പ്രശസ്ത ഇന്ത്യൻ നർത്തകി – **മൃണാലിനി സാരാഭായി**
10. വള്ളത്തോൾ അവാർഡ് ആദ്യമായി നേടിയത് ഒരു പെണ്ണെഴുത്തുകാരിയാണ്. ആരാണിവർ? – **പി.ബാലാമണിയമ്മ**
11. അയനം സംസ്കാരിക വേദി ഏർപ്പെടുത്തിയിട്ടുള്ള അയനം – എ. അയ്യപ്പൻ കവിത പുരസ്കാരം ആദ്യമായി നേടിയ കവയത്രി – **വിജയലക്ഷ്മി**
12. ലോകത്ത് അറിയപ്പെടുന്ന സമകാലീന കലാ പുരസ്കാരങ്ങളിൽ ഒന്നായ ജോൺ മീറോ പ്രൈസ് 2019 ൽ നേടിയ ഇന്ത്യൻ കലാകാരി – **നളിനി മലാനി**
13. ബുക്കർ പ്രൈസ് ഇന്ത്യയിലേക്ക് ആദ്യമായി എത്തിച്ചത് ഒരു വനിതയാണ്. ആരാണ് ഈ എഴുത്തുകാരി? – **അരുന്ധതി റോയ്**
14. 1984 ലെ വയലാർ പുരസ്കാരത്തിന് അർഹത നേടിയത് അമ്പലമണി എന്ന കവിതസമാഹാരമാണ്. ആരാണ് രചയിതാവ് ? – **സുഗതകുമാരി**
15. എഴുത്തച്ഛൻ പുരസ്കാരം നേടിയ ആദ്യ വനിത – **ബാലാമണിയമ്മ**
16. ലക്നൗവിൽ തനത് സാംസ്കാരിക വൈവിധ്യത്തെയും കരകൗശല മികവിനെയും അടയാളപ്പെടുത്താൻ സംഘടിപ്പിക്കുന്ന മഹീന്ദ്ര സനത്കട ലക്നൗ ഫെസ്റ്റിവലിനു നേതൃത്വം നൽകുന്ന പഞ്ചാബി വനിത – **മാധവി കുക്രജ**
17. വിശ്വപ്രസിദ്ധ ചലച്ചിത്രകാരനായ മജീദ് മജീദിയുടെ 'ബിയോണ്ട് ദ ക്ലൗഡ്സിൽ' ശബ്ദമിശ്രണം തയ്യാറാക്കിയ മലയാളിയായ സൗണ്ട് ഡിസൈനർ – **സവിത നമ്പ്രത്ത് കാസി**
18. 1993 ൽ റൈറ്റ് ലൈവ് ലിഹുഡ് പുരസ്കാരം (സമാന്തര നൊബേൽ പുരസ്കാരം) നേടിയ ഇന്ത്യൻ പരിസ്ഥിതി പ്രവർത്തക – **ഡോ.വന്ദന ശിവ**
19. തീജൻ ഭായി ഏത് കലാരൂപത്തിന് പേരുകേട്ട ഗായികയാണ് – **പണ്ട്വാനി**
20. സംഗീതലോകത്ത് നിന്ന് ആദ്യമായി ഭാരതരത്നം നേടിയ പ്രതിഭ – **എം എസ് സുബ്ബലക്ഷ്മി**
22. ഷെഹനായ് വാദനത്തിൽ പ്രശസ്തയായ ഇന്ത്യയിലെ വനിത സംഗീത പ്രതിഭ – **ബാഗേശ്വരി കമർ**
23. ഇന്ത്യയിൽ തബല വാദനത്തിൽ വ്യക്തിമുദ്ര പതിച്ച ഈ വനിത 'ബേട്ടി ബച്ചാവോ ബേട്ടി പാഠാവോ' പദ്ധതിയുടെ ബ്രാന്റ് അമ്പാസഡർ കൂടിയാണ്. ആരാണിവർ? – **അനുരാധ പൽ**
24. മികച്ച മലയാള സിനിമ സംവിധാനത്തിനുള്ള സംസ്ഥാന പുരസ്കാരം നേടിയ ആദ്യ വനിത – **വിധു വിൻസെന്റ്**
25. നൊബേൽ പുരസ്കാരം നേടിയ ആദ്യ അമേരിക്കൻ എഴുത്തുകാരി – **ടോണി മോറിസൺ**
26. ജ്ഞാനപീഠ പുരസ്കാരം നേടിയ ആദ്യ വനിത – **ആശാപൂർണ്ണാദേവി** (പ്രഥമ പ്രതിശ്രുതി)
27. 2004 ലെ സാഹിത്യ നൊബേൽ ജേതാവായ ഈ എഴുത്തുകാരിയുടെ ഏറ്റവും പുതിയ നാടകം 'ഓൺ ദ റോയൽ റോഡ്' അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പിന്റെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ആരാണ് ഈ ആസ്ട്രിയൻ എഴുത്തുകാരി? – **എൽഫ്രീദ് എലിനെക്**
28. ഉർദു കവിതയിലെ വേറിട്ട ശബ്ദമായ ഈ ഭാരതീയ കവയത്രിക്കാണ് 2014 ലെ സാർക്ക് ലിറ്ററേച്ചർ അവാർഡ് ലഭിച്ചത്. ആരാണിവർ? – **തരന്നും റിയാസ്**
29. സ്വപ്നസാക്ഷാത്കാരത്തിനു വേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടത്തെ പ്രതിപാദിച്ചുകൊണ്ട് "Women, Dreaming" എന്ന നോവൽ രചിച്ച തമിഴ് സാഹിത്യകാരി – **സൽമ**
30. 2020 ൽ സാഹിത്യ നൊബേൽ പുരസ്കാരം നേടിയ വനിത – **അമേരിക്കൻ കവിയായ ലൂയിസ് ഗ്ലക്ക്**
31. 2020 ൽ എഡിൻബർഗ് മെഡൽ നേടിയ ഇന്ത്യയിലെ പ്രശസ്ത പരിസ്ഥിതി പ്രവർത്തക – **സുനിത നരെയ്ൻ**
32. ഹിന്ദിയിലെ പ്രമുഖ ആധുനിക എഴുത്തുകാരിയായ ഈ മഹതിയ്ക്കാണ് 2012 ൽ ഗീതാഞ്ജലി ഇന്തോ–ഫ്രഞ്ച് ലിറ്ററി പ്രൈസ് ലഭിച്ചത്. ആരാണിവർ? – **മനീഷ കുൽശ്രേഷ്ഠ**
33. ദാദാ സാഹിബ് ഫാൽക്കെ അവാർഡ് ആദ്യമായി ലഭിച്ചത് – **ദേവിക റാണി**
35. തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജിലെ ആദ്യ വനിതാ വിദ്യാർത്ഥിനി തന്നെ പിൽക്കാലത്ത് ആ കോളേജിലെ ആദ്യ വനിതാ പ്രിൻസിപ്പലാവുകയും ചെയ്തു. ആരാണിവർ? – **പാറശ്ശാല ബി. പൊന്നമ്മാൾ**



36. രത്തൻ എന്ന ഒമ്പതുവയസ്സുകാരി പെൺകുട്ടിയെ കേന്ദ്രകഥാപാത്രമാക്കി ടാഗോർ എഴുതിയ കഥ സത്യജിത് റായ് പിന്നീട് തീൻ കന്യ എന്ന സിനിമയുടെ ഒരു ഭാഗമാക്കി മാറ്റി. ഏതാണ് ആ കഥ? – **പോസ്റ്റുമാസ്റ്റർ**
37. 2001 ൽ യുനെസ്കൊ കൂടിയാട്ടത്തെ വിശ്വോത്തര പൈതൃകമായി പ്രഖ്യാപിച്ചത് ഈ കലാകാരിയുടെ അവതരണത്തിനു ശേഷമാണ്. ആരാണീ കലാകാരി? – **മാർഗ്ഗി സതി** (പി. എസ്. സതീദേവി)
38. മലയാള നാടകചരിത്രത്തിലെ ആദ്യ സ്ത്രീ നാടകകൃത്ത് – **കുട്ടിക്കുഞ്ഞു തങ്കച്ചി**
39. കേരളത്തിലെ ആദ്യ വനിതാ പുരോഹിത – **മരതകവല്ലി ഡേവിഡ്**
40. നൊബേൽ സമ്മാനം നേടിയ ആദ്യ വനിത – **മേരി ക്യൂറി** (രണ്ടു തവണ വ്യത്യസ്ത വിഷയങ്ങളിൽ നൊബേൽ സമ്മാനം നേടിയതും മേരി ക്യൂറിയാണ്)
41. ഏറ്റവും ചെറിയ പ്രായത്തിൽ മുഖ്യമന്ത്രിയായ വനിത – **ജയലളിത**
42. അർജ്ജുന അവാർഡ് നേടിയ ആദ്യ മലയാളി സ്ത്രീ – **കെ. സി. ഏലമ്മ**



43. ബഹിരാകാശസഞ്ചാരിയായ ആദ്യ ഇന്ത്യൻ വനിത – **കൽപന ചൗള**
44. ഭാരതരത്നം ലഭിച്ച ആദ്യ സംഗീതജ്ഞ – **ഡോ. എം.എസ്. സുബ്ബുലക്ഷ്മി**
45. ശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച ആദ്യ ഇന്ത്യൻ വനിത – **അസിമ ചാറ്റർജി**
46. സംഘകാല സാഹിത്യത്തിലെ സ്ത്രീസാന്നിധ്യമായ ഔവ്വയാറിന്റെ പ്രധാന രചനകൾ – നാറ്റിണൈയിലെ ഏഴുപാട്ടുകൾ, അകനാന്നൂറിലെ നാലു പാട്ടുകൾ, പുറനാന്നൂറിലെ മുപ്പത്തി മൂന്ന് പാട്ടുകൾ
47. പോപ്പ് സംഗീതത്തിന്റെ റാണി എന്നറിയപ്പെടുന്ന അമേരിക്കയിലെ പ്രശസ്ത ഗായിക – **മഡോണ**
48. ചിലന്തി ശിൽപങ്ങൾക്ക് പേരുകേട്ട പ്രശസ്ത ഫ്രഞ്ച് കലാകാരി – **ലൂയിസ് ബൂഷ്വ**
49. 2001 ൽ രാജ്യം ഭാരതരത്നം നൽകി ആദരിച്ച ഇന്ത്യൻ സംഗീതപ്രതിഭ – **ലത മങ്കേഷ്കർ**
50. രണ്ടു തവണ ബുക്കർ പ്രൈസ് നേടിയ ആദ്യ കനേഡിയൻ സാഹിത്യകാരി – **മാർഗരറ്റ് ആറ്റ് വുഡ്**

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

**PSC BULLETIN**
Fortnightly

Rupees 10
March 1, 2021

# സമകാലികം

**പ്രദീഷ്കുമാർ വി എസ്**

*'മൊഴിയിതലിവാൽ പൊറുക്കൂ*
*എൻ കൈക്കുടന്നയിൽ നിറക്കൂ*
*തരുവാനുള്ളതെന്റെ മെയ്ച്ചൂടുമാത്രം'*

## കവിതയുടെ വിഷ്ണുലോകം ഒഴിഞ്ഞു



പാരമ്പര്യത്തെയും ആധുനികതയെയും ഒരുമിച്ചു നിർത്തി കാവ്യസംസ്കാരം രൂപപ്പെടുത്തിയ പ്രമുഖ കവി വിഷ്ണുനാരായണൻ നമ്പൂതിരി വിടവാങ്ങി. 2014 ൽ സർക്കാരിന്റെ പരമോന്നത സാഹിത്യ പുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചു. 2014 ൽ തന്നെ രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് 1994 ൽ നേടി. 1979 ൽ 'ഭൂമിഗീതങ്ങൾ' എന്ന കൃതിയ്ക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. വയലാർ പുരസ്കാരം (2010), വള്ളത്തോൾ പുരസ്കാരം (2010), ഓടക്കുഴൽ അവാർഡ് (1985) മാതൃഭൂമി സാഹിത്യ പുരസ്കാരം (2010) എന്നിവയ്ക്ക് വിഷ്ണുനാരായണൻ നമ്പൂതിരി അർഹനായിട്ടുണ്ട്.

- ഇന്ത്യയിലെ ആദ്യത്തെ അണ്ടർ സീ ടണൽ മുംബെയിൽ നിർമ്മിക്കും.
- കേരളത്തിലെ ആദ്യത്തെ ട്രൈബൽ താലൂക്ക് അട്ടപ്പാടി ആസ്ഥാനമാക്കി നിലവിൽ വന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 192 ഊരുകളിലായി താമസിക്കുന്ന ആദിവാസികൾക്ക് പ്രയോജനം ചെയ്യുന്നതാണ് അട്ടപ്പാടി ട്രൈബൽ താലൂക്ക്.
- ലോകത്തിലെ ഏറ്റവും വലിയ ക്രിക്കറ്റ് സ്റ്റേഡിയമായി നവീകരിച്ച അഹമ്മദാബാദിലെ മൊട്ടേറ സ്റ്റേഡിയത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പേര് നൽകി.
- 2021 ലെ പുരുഷവിഭാഗം ഓസ്ട്രേലിയൻ ഓപ്പൺ നൊവാക് ദ്യോക്കോവിച്ചിന്.
- 2020ലെ മിസ് ഇന്ത്യ ആയി മാനസ വാരാണസി, മിസ് ഗ്രാൻഡ് ഇന്ത്യ ആയി മനിക ഷിയോക്കണ്ട്, റണ്ണറപ്പായി മന്യസിങ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.
- മെൽബണിൽ നടന്ന വനിതാ ഓസ്ട്രേ



ലിയൻ ഓപ്പൺ ടെന്നിസിൽ അമേരിക്കയുടെ ജന്നിഫർ ബ്രാഡിയെ തോൽപ്പിച്ച് ജപ്പാൻ താരം നവോമി ഒസാക്ക കിരീടം നേടി. ഒസാക്കയുടെ നാലാം ഗ്രാൻഡ് സ്ലാം കിരീടമാണ്.
- ദേശീയ പട്ടികജാതി കമ്മിഷന്റെ ചെയർമാനായി വിജയ് സമ്പലയെയും ദേശീയ പട്ടിക വർഗ്ഗ കമ്മിഷന്റെ ചെയർമാനായി ഹർഷ് ചൗഹാനെയും നിയമിച്ചു.
- കേരളത്തിലെ പാലോട് ബോട്ടാണിക്കൽ ഗാർഡന് ഓർക്കിഡ് പ്രോജക്ടിന് അനുമതി ലഭിച്ചു.
- ഇന്തോനേഷ്യയിലെ മൗണ്ട് സെമെറു അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു.
- കേരളത്തിൽ രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിച്ചു.
- റഷ്യയിൽ നിന്നും ഇന്ത്യ 21 മിഗ് 29, 12 സുഖോയ് എം.കെ.ഐ. യുദ്ധവിമാനങ്ങൾ സ്വന്തമാക്കി.
- മഹേന്ദർസിങ് കന്യാളിനെ സിറിയയിലെ ഇന്ത്യൻ അംബാസഡറായി നിയമിച്ചു.
- മലയാള സാഹിത്യകാരനായ പ്രഭാവർമ്മയ്ക്ക് കുഞ്ചൻനമ്പ്യാർ പുരസ്കാരം ലഭിച്ചു.
- ഹൈദരാബാദ് നഗരത്തെ 2020 ട്രീ സിറ്റി ഓഫ് വേൾഡ് ആയി തെരഞ്ഞെടുത്തു.
- ഇന്ത്യയും ഇന്തോനേഷ്യയും സംയുക്തമായി അറബിക്കടലിൽ നടത്തിയ നാവിക അഭ്യാസമാണ് പാസക്സ്.
- ന്യൂഡൽഹി 11–ാം ലോക പ്രൊട്ടോക്കോൾ കോൺഗ്രസിന്റെ വേദിയായി.
- കേരള സംസ്ഥാന ക്ഷീരവികസന വകുപ്പ്, ക്ഷീരകർഷകരുടെയും കുടുംബങ്ങളുടെയും സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ഷീരസാന്ത്വനം.
- ഐ.പി.എൽ. ലേലത്തിലെ ഏറ്റവും വിലയേറിയ താരമായി ക്രിസ് മോറിസ് (16.25 കോടി രൂപയാണ് ലേലത്തുക). ഏറ്റവും വിലയേറിയ ഇന്ത്യൻ താരം കൃഷ്ണപ്പ ഗൗതം.
- കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് 2019–20 ലെ സ്വരാജ് ട്രോഫി പുരസ്കാരം ലഭിച്ചു. മികച്ച ബ്ലോക്കായി കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തും, മികച്ച് ജില്ലാ പഞ്ചായത്തായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തും തെരഞ്ഞെടുക്കപ്പെട്ടു.
- 2019 ലെ കേരള സർക്കാരിന്റെ സംസ്ഥാന കഥകളി പുരസ്കാരം വാഴേങ്കട വിജയനും 2020 ലെ പുരസ്കാരം സദനം ബാലകൃഷ്ണനും ലഭിച്ചു.
- ഇന്ത്യയിലെ ആദ്യ പ്രതിരോധ പാർക്ക് ഒറ്റപ്പാലത്ത് കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.
- മാരിയോ ദ്രാഗി ഇറ്റലിയുടെ പുതിയ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു.
- പി. വത്സല, എൻ.വി.പി. ഉണിത്തിരി എന്നിവർക്ക് 2019 ലെ കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം ലഭിച്ചു.
- തിരുവിതാംകൂർ പൈതൃക ടൂറിസം പദ്ധതി മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.
- സംസ്ഥാന സർക്കാരിന്റെ അതിവേഗ ഇന്റർനെറ്റ് വിതരണപദ്ധതിയായ കെഫോണിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.
- മല്ലികാർജുൻ ഘാർഗെയെ രാജ്യസഭയുടെ പ്രതിപക്ഷ നേതാവായി തെരഞ്ഞെടുത്തു.
- കെ. സച്ചിദാനന്ദന് കേരള സർവ്വകലാശാലയുടെ ഒ.എൻ.വി. പുരസ്കാരം ലഭിച്ചു.
- ജ്ഞാനപ്പാന പുരസ്കാരം കെ.ബി. ശ്രീദേവിക്ക് ലഭിച്ചു.
- കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിൽ കവി ഡോ.അയ്യപ്പപ്പണിക്കരുടെ ഓർമ്മയ്ക്കായി വിദേശഭാഷാ സെന്ററും സുഗതകുമാരിയുടെ പേരിൽ സ്മൃതിവനവും സ്ഥാപിക്കാൻ തീരുമാനിച്ചു. •

## പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു



**ഇടത്തുനിന്ന് – ഡോ. ശ്രീകുമാർ എസ്. സർവ്വശ്രീ. എസ്. വിജയകുമാരൻ നായർ, എസ്.എ. സെയ്ഫ്, അബ്ദുൽ സമദ് വി.ടി.കെ, ഡോ. സി.കെ. ഷാജിബ്, ഡോ. സ്റ്റാനി തോമസ്, ഡോ. മിനി സക്കറിയാസ്, ശ്രീ. ബോണി കുര്യാക്കോസ് എന്നിവർക്കൊപ്പം ചെയർമാൻ അഡ്വ. എം കെ സക്കീർ (മധ്യത്തിൽ)**

**കേ**രള പബ്ലിക് സർവീസ് കമ്മിഷനിൽ നിലവിലുണ്ടായിരുന്ന 8 ഒഴിവുകളിലേക്ക് സർക്കാർ നിയമിച്ച അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. പി.എസ്.സി. ആസ്ഥാന ഓഫീസിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംഘടിപ്പിച്ച ചടങ്ങിൽ ചെയർമാൻ അഡ്വ. എം.കെ. സക്കീർ സത്യവാചകം ചൊല്ലിക്കൊടുത്തു. ഡോ. ശ്രീകുമാർ എസ്., സർവ്വശ്രീ. എസ്. വിജയകുമാരൻ നായർ, എസ്.എ. സെയ്ഫ്, അബ്ദുൽ സമദ് വി.ടി.കെ, ഡോ. സി.കെ. ഷാജിബ്, ഡോ. സ്റ്റാനി തോമസ്, ഡോ. മിനി സക്കറിയാസ്, ശ്രീ. ബോണി കുര്യാക്കോസ് എന്നിവരാണ് ചുമതലയേറ്റത്. സെക്രട്ടറി സാജു ജോർജ്ജ് ചടങ്ങിന് നേതൃത്വം നൽകി. മറ്റ് കമ്മിഷനംഗങ്ങൾ, ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.